മാർച്ച് 2023

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം



## 2023 ഏപ്രിൽ 5

**മസ്ദൂർ കിസാൻ സംഘർഷ് റാലി**

# കൊടുങ്കാറ്റിന്റെ കരുത്തോടെ ഡൽഹിയിലേക്ക്

- മാധ്യമസ്വാതന്ത്ര്യം നഷ്ടമാകുന്ന ഇന്ത്യ
- ജനങ്ങളെ പൊള്ളിച്ച് പാചകവാതക വിലവർദ്ധന
- വീണ്ടും ബാങ്കുകൾ തകർച്ചയിൽ

# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 മാർച്ച്, വോള്യം: 11 ലക്കം: 7



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള



08 ഏപ്രിൽ 5 പാർലമെന്റ് മാർച്ച് — തപൻ സെൻ

14 കൊടുങ്കാറ്റിന്റെ കരുത്തോടെ ദൽഹിയിലേക്ക്

18 ജനാധിപത്യം സ്വപ്നമാകുന്ന ഇന്ത്യ
മാധ്യമസ്വാതന്ത്ര്യം നഷ്ടമാകുന്ന ഇന്ത്യ — കെ.ടി. കുഞ്ഞിക്കണ്ണൻ

22 താല്ക്കാലിക ജീവനക്കാരെ കാത്തുനിൽക്കുന്നത്
അശോഭനമായ കാലഘട്ടം — സി.പി. ചന്ദ്രശേഖർ/ജയതി ഘോഷ്

28 ജനകീയ പ്രതിരോധ ജാഥ : തൊഴിലാളിവർഗ
പോരാട്ടങ്ങൾക്ക് കരുത്തായി — കെ.എൻ.ഗോപിനാഥ്

30 ജനങ്ങളെ പൊള്ളിച്ച് പാചകവാതക വിലവർധനവ്

34 ഇ.പി.എഫ് പെൻഷൻ : തീരാത്ത ദുരിതം — ജോസ് ടി. എബ്രഹാം

36 അന്തർദേശീയ ലേബർ കോൺക്ലേവും സാധ്യതകളും — വി.ശിവൻകുട്ടി

38 സ്കീം തൊഴിലാളികളുടെ സംരക്ഷണം

40 ഡബ്ല്യു.എഫ്.ടി.യുവും യുവ ട്രേഡ് യൂണിയൻ പ്രവർത്തകരും — എൻ. പത്മലോചനൻ

47 സംഘടനാ വാർത്തകൾ



വാർഷിക വരിസംഖ്യ : 200 രൂപ.

# കോൺഗ്രസ് നിലപാട് രാഷ്ട്രതാൽപര്യത്തിനെതിര്

2024 മാർച്ചിൽ അടുത്ത ലോകസഭാ തെരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. മൂന്നാമതും ജയിക്കാനുള്ള ലക്ഷ്യം വെച്ച്, മോദിയും, ബിജെപിയും. ആർ എസ്സ് എസ്സും ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. പണമൊഴുക്കിയും,അക്രമങ്ങൾ അഴിച്ചു വിട്ടും ജനാധിപത്യ വിരുദ്ധ മാർഗങ്ങളിലൂടെ തെരഞ്ഞെടുപ്പ് ജയിക്കുക എന്നതാണ് ബിജെപിയുടെ ലക്ഷ്യം. വർഗീയത ഉയർത്തി,ജനങ്ങളെ ഭിന്നിപ്പിച്ച്, ഭൂരിപക്ഷ മത വിഭാഗത്തെ പ്രീ ണിപ്പിച്ചും, തെറ്റിദ്ധരിപ്പിച്ചും, വർഗ്ഗീയവൽക്കരിച്ചും തെരഞ്ഞെടുപ്പ് ജയിക്കുക എന്ന തന്ത്രം കുറെ വർഷങ്ങളായി ബി.ജെ.പി പയറ്റിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാമാ യിട്ടും 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ 35 ശതമാനത്തിൽ താഴെ വോട്ടുകൾ മാത്രമാണ് ബിജെപിക്ക് നേടാനായത്. പ്രതിപക്ഷത്തെ അനൈക്യമാണ് ബി.ജെ.പി വിജയത്തിന്റെ പ്രധാന കാരണം.

2019 ൽ വീണ്ടും അധികാരത്തിൽ വന്ന ശേഷം കടുത്ത ജനവിരുദ്ധ നയങ്ങളാണ് മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പൊതുമേ ഖലാ സ്വകാര്യവൽക്കരണവും ,ദേശീയ ആസ്തികൾ കുത്തകകൾക്ക് തീറെഴുതലും നിർബാധം തുടരുകയാണ്. പൊതുമേഖലാ ബാങ്കുകൾ, വ്യവസായങ്ങൾ, റെയിൽവേ, വിമാനത്താവളങ്ങൾ, വൈദ്യുതി മേഖല തുടങ്ങിയവയെല്ലാം സ്വകാര്യ കുത്തകകൾ ക്ക് ഏൽപ്പിക്കുകയാണ്. രാഷ്ട്ര സമ്പത്ത് വൻകിട കുത്തകകൾക്ക് കൊള്ളയടിക്കാൻ വാതിൽ തുറന്നിട്ടിരിക്കുന്നു.

തൊഴിലില്ലായ്മ അതിരൂക്ഷമാണ്. കേന്ദ്ര സർക്കാർ സർവീസ്, റെയിൽവേ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവകളിലെല്ലാം ലക്ഷക്കണക്കിന് ഒഴിവുകളുണ്ട്. ഇവയൊന്നും നിയമാനുസൃതം നികത്താതെ, കരാർ കൊടുത്ത് ചെയ്യിക്കാനാണ് ശ്രമം. പബ്ലിക് സർവീസ് കമ്മീഷൻ വഴിയുള്ള നിയമനങ്ങൾക്ക് മാത്രമേ ജാതി സംവരണം ബാധകമാവൂ. സാമൂഹ്യ നീതിയുടെ നിഷേധമാണ് സർക്കാർ നടപടി.

വിലക്കയറ്റം അതിരൂക്ഷമാണ്. പെട്രോൾ, ഡീസൽ, പാചകവാതകം തുടങ്ങിയ അവശ്യ വസ്തുക്കളുടെ വിലക്കയറ്റം ജനങ്ങളുടെ ജീവിതച്ചെലവ് ഉയർത്തുന്നു. ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെ എല്ലാ അവശ്യ വസ്തുക്കൾക്കും വില വർദ്ധിച്ചു. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോഴാണ് രാജ്യത്ത് പെട്രോളിയം ഉൽപന്നങ്ങളുടെ വില ഉയരുന്നത്.

ഇന്ത്യൻ ജനതയുടെ ദാരിദ്ര്യം വർദ്ധിക്കുകയാണ്. പട്ടിണിക്കാർ കൂടുതലുള്ള രാജ്യമാണ് ഇന്ത്യ. ജീവിത വികസന സൂചികകളിലെല്ലാം ഇന്ത്യ വളരെ പിറകിലാണ്. 2014 ജനങ്ങൾക്ക് നല്ല ദിവസങ്ങൾ വരുമെന്ന് മോഡിയുടെ വാഗ്ദാനം കാറ്റിൽപറന്നു.

കർഷകർ, തൊഴിലാളികൾ, സർക്കാർ ജീവനക്കാർ, യുവജനങ്ങൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളും മോഡി ഭരണത്തിൽ അസംതൃപ്തരാണ്. പ്രക്ഷോഭങ്ങളിലൂടെ ഈ അസംതൃപ്തി പലപ്പോഴും പുറത്തുവരുന്നുണ്ട്. ഒരു വർഷം നീണ്ടുനിന്ന കർഷകസമരവും, ദേശീയ പണിമുടക്കും അതിൻറെ സൂചനകളാണ്.

അസംതൃപ്തരായ ജനങ്ങളെ വർഗീയ ചേരിതിരിവുകൾ സൃഷ്ടിച്ച് ഭിന്നിപ്പിക്കലാണ് സംഘപരിവാറിന്റെ തന്ത്രം. പൗരത്വ നിയമ ഭേദഗതി, മുത്തലാഖ് നിരോധന നിയമം, ന്യൂനപക്ഷങ്ങളുടെ ആരാധനാലയങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ, ഗോരക്ഷ, ലൗജിഹാദ് തുടങ്ങിയ കാര്യങ്ങളെല്ലാം വർഗീയ വിഭജനത്തിനുള്ള ആയുധങ്ങളാണ്. ഹിന്ദി ഭാഷ രാജ്യമാകെ അടിച്ചേൽപ്പിക്കാൻ നടത്തുന്ന ശ്രമവും ഭരണഘടന അനുശാസിക്കുന്ന മതനിരപേക്ഷ തത്വങ്ങൾ ലംഘിക്കുന്നതും ഈ ലക്ഷ്യം വച്ചാണ്. ഇന്ത്യയെ ഒരു 'ഹിന്ദു രാഷ്ട്രം' ആക്കുക എന്ന ആർ.എസ്.എസ്. ലക്ഷ്യം പൂർത്തീകരിക്കലാണ് മോഡി സർക്കാരിന്റെ ലക്ഷ്യം.

ജനങ്ങളെ ഭിന്നിപ്പിച്ച് ഭരണം നേടുക എന്ന ബ്രിട്ടീഷ് സാമ്രാജ്യത്വ തന്ത്രമാണ് സ്വതന്ത്ര ഭാരതത്തിൽ ബി.ജെ.പി പയറ്റുന്നത്. കച്ചവട ആവശ്യത്തിന് നൂറ്റാണ്ടുകൾക്കു മുമ്പ് ഇന്ത്യയിൽ വന്ന ബ്രിട്ടീഷ് സാമ്രാജ്യത്വം അക്കാലത്തെ ഭാരതത്തിലെ നാട്ടുരാജ്യങ്ങൾ തമ്മിലുണ്ടായിരുന്ന തർക്കങ്ങൾ മുതലെടുത്ത് അവരെ തമ്മിലടിപ്പിച്ച് രാജ്യം മുഴുവൻ അധിനതയിലാക്കി. അതേപോലെ ഓരോ സംസ്ഥാനങ്ങളിലുള്ള രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള തർക്കങ്ങളിൽ ഇടപെട്ടും, അവരെ തമ്മിലടിപ്പിച്ചും ഭരണം നേടലാണ് ബിജെപിയുടെ ലക്ഷ്യം. ദേശീയ താൽപര്യം സംരക്ഷിക്കുന്നതിൽ ഒരു ശ്രദ്ധയും ചെലുത്താതെ അധികാര താൽപര്യം മാത്രം കൈമുതലായുള്ള സംസ്ഥാന പാർട്ടികളെയാണ് ബിജെപി ഉപയോഗപ്പെടുത്തുന്നത്. രാഷ്ട്രീയ തന്ത്രം പരാജയപ്പെടുന്നിടത്ത് കേന്ദ്ര ഏജൻസികളായ ഗവർണർ, ഇ ഡി, സിബിഐ എന്നിവരെ ഉപയോഗിക്കുന്നു. കേന്ദ്ര സഹായവും പദ്ധതികളും കാണിച്ച് ചിലരെ പ്രലോഭിപ്പിക്കുന്നു. ഇത്തരം കുതന്ത്രങ്ങളിലൂടെയാണ് ബിജെപിക്ക് പല സംസ്ഥാനങ്ങളിലും അധികാരത്തിൽ എത്താൻ കഴിയുന്നത്.

സമീപകാലത്ത് തെരഞ്ഞെടുപ്പ് നടന്ന ത്രിപുരയിൽ 2018 നെ അപേക്ഷിച്ച് ബിജെപിക്ക് 10% വോട്ട് കുറഞ്ഞു. എന്നാൽ ബിജെപി ഇതര വോട്ടുകൾ ഭിന്നിപ്പിച്ചതിനാൽ ജയിക്കാനായി. ഗോത്രവർഗ വിഭാഗത്തിന്റെ പാർട്ടിയായ 'തിപ്ര മോത' എന്ന പാർട്ടിയുമായി ബിജെപി ഉണ്ടാക്കിയ രഹസ്യധാരണ പ്രകാരം അവരാണ് ബിജെപി വിരുദ്ധ വോട്ടുകളിൽഭിന്നിപ്പുണ്ടാക്കിയത്. കേന്ദ്രഭരണം ഉപയോഗിച്ചാണ് ഇതെല്ലാം ചെയ്യുന്നത്.

മേഘാലയ സംസ്ഥാനത്തും സമാനമായ തന്ത്രം ഉപയോഗിച്ചാണ് ബിജെപി പിന്തുണയുള്ള സർക്കാർ രൂപീകരിക്കാനായത്. എല്ലാ സീറ്റിലും മത്സരിച്ച ബിജെപിക്ക് രണ്ട് സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. എന്നാൽ ബിജെപി എതിർത്ത കക്ഷിയുമായി തെരഞ്ഞെടുപ്പിനുശേഷം ഐക്യം ഉണ്ടാക്കി സർക്കാർ രൂപീകരിച്ചു. മഹാരാഷ്ട്രയിൽ

ശിവസേനയെ ഭിന്നിപ്പിച്ചും, ഗവർണറെ ഉപയോഗിച്ചുമാണ് ബിജെപി സഖ്യത്തിന് സർക്കാരുണ്ടാക്കാനായത്. മധ്യപ്രദേശിൽ കോൺഗ്രസിൽ നിന്ന് കൂറുമാറിയവരെ ഉപയോഗിച്ചാണ് ബിജെപി സർക്കാരുണ്ടാക്കിയത്. മഹാരാഷ്ട്രയിലും, മധ്യപ്രദേശിലും അസംബ്ലി തെരഞ്ഞെടുപ്പിലെ ജനവിധിയെ അപമാനിച്ചു കൊണ്ടാണ് ബിജെപി സർക്കാരുണ്ടാക്കിയത്. ഈ വിധം യാതൊരു തത്വദീക്ഷയുമില്ലാത്ത ഭരണഘടനാ മൂല്യങ്ങൾ ചവിട്ടിമെതിക്കുന്ന പാർട്ടിയാണ് ബിജെപി.

തിരഞ്ഞെടുപ്പുകളെ നേരിടാൻ ബിജെപി ഉപയോഗിക്കുന്ന പണത്തിന് ഒരു നിയന്ത്രണവും ഇല്ല. 'ഇലക്ട്രൽ ബോണ്ട്' എന്നപേരിൽ കുത്തക കമ്പനികൾ ഭീമമായ തുകയാണ് ബിജെപിക്ക് നൽകുന്നത്. ഇതിന് പുറമെയാണ് സ്വകാര്യ കുത്തകകൾ നൽകുന്ന സഹായങ്ങൾ. രാഷ്ട്രസമ്പത്തെല്ലാം തങ്ങൾക്ക് തീറെഴുതിക്കിട്ടുന്നതിന് പ്രതിഫലമായിട്ടാണ് വൻ കുത്തകകൾ ബിജെപിയെ കയ്യഴിച്ച് സഹായിക്കുന്നത്. ഈ പണശക്തിയോട് മത്സരിക്കൽ മറ്റു പാർട്ടികൾക്ക് പ്രത്യേകിച്ച് ഇടതുപക്ഷ പാർട്ടികൾക്ക് എളുപ്പമല്ല.

ഇതിന് പുറമെയാണ് അധികാര ദുർവിനിയോഗം. കേന്ദ്ര സർക്കാർ നിയമിക്കുന്ന 'ഇലക്ഷൻ കമ്മീഷൻ' നിഷ്പക്ഷമായല്ലാ പ്രവർത്തിക്കുന്നതെന്ന ആക്ഷേപം ശക്തമാണ്. ഇലക്ഷൻ കമ്മീഷൻ നിയമനം സംബന്ധിച്ച സുപ്രീംകോടതിയുടെ അടുത്തകാലത്തുണ്ടായ നിരീക്ഷണങ്ങൾ വളരെ പ്രധാനമാണ്.

രാജ്യത്തെ പ്രധാനപ്പെട്ട എല്ലാ അച്ചടി ദൃശ്യമാധ്യമങ്ങളും സ്വകാര്യ കുത്തകളുടെ നിയന്ത്രണത്തിലുള്ളവയാണ്. അവയെല്ലാം ബിജെപി സർക്കാരിൻറെ അപദാനങ്ങൾ പാടി പുകഴ്ത്തുന്നവരാണ്. കുത്തകകൾക്ക് മോഡി സർക്കാരിൽ നിന്ന് ലഭിക്കുന്ന പാരിതോഷികങ്ങൾക്ക് പ്രത്യുപകാരമായിട്ടാണ് ഇത് നടക്കുന്നത്. ഏതെങ്കിലും മാധ്യമം സ്വതന്ത്രമായി പ്രവർത്തിക്കാൻ ശ്രമിച്ചാൽ എന്ത് വില കൊടുത്തും കേന്ദ്രസർക്കാരും,ഏജൻസികളും അതിനെ തകർക്കും. എൻഡിടിവിയെ അദാനി വിഴുങ്ങിയത് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ കേരളത്തിൽ വന്ന് ഏതാനും എണ്ണം ഒഴികെയുള്ള മാധ്യമ മേധാവികളെ വിളിച്ചുകൂട്ടി സംസാരിച്ച സംഭവവും ഇതിനുദാഹരണമാണ്. ദേശീയ മാധ്യമങ്ങൾ നരേന്ദ്രമോഡിയുടെ അപദാനങ്ങൾ പാടിപ്പുകഴ്ത്തുന്നതും, എതിർക്കുന്ന പ്രതിപക്ഷങ്ങളെ കടിച്ചു കീറുന്നതും ഏവരും ദിനേന കണ്ടുകൊണ്ടിരിക്കുകയാണ്.

കേന്ദ്രസർക്കാരിൻറെ എല്ലാ ജനവിരുദ്ധ നയങ്ങൾക്കും ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, വർഗീയവൽക്കരണം തുടങ്ങിയ എതിരെ ഉറച്ച നിലപാട് സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് കേരളത്തിലെ സർക്കാരിന് നേതൃത്വം നൽകുന്നത്. മധ്യപ്രദേശ്, മഹാരാഷ്ട്ര, മേഘാലയ തുടങ്ങിയ സംസ്ഥാനങ്ങളിലെ പോലെ കൂറുമാറ്റത്തിലൂടെ സർക്കാരിനെ തകർക്കാൻ കേരളത്തിൽ കഴിയില്ലെന്ന് ബിജെപിക്കും, കേന്ദ്രസർക്കാരിനുമറിയാം. മറ്റു വഴികളാണ് അവർ തേടുന്നത്. ഗവർണറെ ഉപയോഗിച്ച് ഭരണസ്തംഭനം സൃഷ്ടിക്കുന്നത് ഇതിന്റെ

ഭാഗമാണ്. പ്രതിപക്ഷം ഉന്നയിക്കുന്ന രാഷ്ട്രീയ പ്രേരിതമായ ആരോപണങ്ങൾ അന്വേഷിക്കാൻ എന്ന പേരിൽ സംസ്ഥാനത്തേക്ക് ഓടിയെത്തുന്ന സിബിഐഇഡി തുടങ്ങിയ കേന്ദ്ര ഏജൻസികൾ ചെയ്യുന്നതും സംസ്ഥാന സർക്കാരിനെ ദുർബലമാക്കലാണ്. സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം നൽകാതിരിക്കലാണ് മറ്റൊരായുധം. പൊതുമേഖലാ സ്ഥാപനങ്ങളും, കിഫ്ബിയും എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ വായ്പയായി കണക്കാക്കുന്ന സി&എ.ജിയുടെ നിലപാടും സംസ്ഥാന വിരുദ്ധമാണ്.

ഇതിന് പുറമെയാണ് കുത്തക മാധ്യമങ്ങളുടെ സംഘടിത ആക്രമണം. അപൂർവ്വം ഒഴിച്ച് സംസ്ഥാനത്തെ മിക്ക അച്ചടിദൃശ്യ മാധ്യമങ്ങളും ഒന്നിച്ചു ചേർന്നാണ് എൽഡിഎഫ് സർക്കാരിനെ ആക്രമിക്കുന്നത്. എല്ലാ വികസന പ്രവർത്തനങ്ങൾക്കും അവർ തുരങ്കം വെക്കുന്നു. അസത്യ ജഡിലമായ വാർത്തകളിലൂടെയും ലേഖനങ്ങളിലൂടെയും എൽ.ഡി.എഫ് സർക്കാരിനെയും, മന്ത്രിമാരെയും, നേതാക്കന്മാരെയും താറടിക്കുന്നു. കൊച്ചിയിലെ മാലിന്യ കൂമ്പാരത്തിന് തീപിടിച്ചത് പോലും രാഷ്ട്രീയ ആയുധമാക്കി. ഇതിൽ നിന്നെല്ലാം ഊർജ്ജം സംഭരിച്ചാണ് യുഡിഎഫ് പ്രചരണം നടത്തുന്നത്.

കേരളത്തിലെ പ്രതിപക്ഷത്തിന് നേതൃത്വം നൽകുന്നത് കോൺഗ്രസ്സാണ്. ദുർബലപ്പെട്ടെങ്കിലും പ്രതിപക്ഷത്തുള്ള ദേശീയ പാർട്ടികളിൽ പ്രമുഖ കക്ഷിയാണ് കോൺഗ്രസ്.

ദേശീയതലത്തിൽ ബിജെപിയും, ആർ.എസ്സ്.എസ്സും ഉയർത്തുന്ന ഭീഷണിക്കെതിരെ മതനിരപേക്ഷ കക്ഷികളെ യോജിപ്പിച്ച് നിർത്താനല്ല കോൺഗ്രസ് ശ്രമിക്കുന്നത്. ഇത്തരം സങ്കുചിത നിലപാടുകളാണ് കോൺഗ്രസിനെ പല സംസ്ഥാനങ്ങളിലും ദുർബലമാക്കിയത്. അതിൽ നിന്നൊന്നും ഒരു പാഠവും പഠിക്കാൻ പഴക്കംചെന്ന ദേശീയ പാർട്ടിക്കാവുന്നില്ല.

ഇന്ത്യൻ രാഷ്ട്രീയത്തിൽ സമകാലീനമായി ഉയർന്നുവന്ന പുതിയ സാഹചര്യത്തെ നേരിടാൻ മതനിരപേക്ഷ കക്ഷികളെയും ഇടതുപക്ഷ ശക്തികളെയും യോജിപ്പിച്ച് നിർത്തലാണ് ഏറ്റവും അനിവാര്യമായത്. കർഷകരും, തൊഴിലാളികളും നടത്തുന്ന ദേശീയ സമരങ്ങളും, വർഗീയതക്കെതിരെ ജനങ്ങളെ ഐക്യപ്പെടുത്താൻ ശ്രമിക്കുന്ന മതനിരപേക്ഷ ശക്തികളുടെ പ്രവർത്തനങ്ങളും കൂടുതൽ ഏകോപിപ്പിക്കാനാവണം. ഭൂരിപക്ഷ ന്യൂനപക്ഷ വർഗീയ ശക്തികളെ ഒറ്റപ്പെടുത്തണം. കോൺഗ്രസും, ബിജെപിയും മത്സരിച്ച് കേരളത്തിൽ നടത്തുന്ന എൽഡിഎഫ് വിരുദ്ധ ഉപചാപങ്ങൾ രാഷ്ട്ര താൽപര്യത്തിന് ഒട്ടും ചേർന്നതല്ല






2023 ഏപ്രിൽ 5
കൊടുങ്കാറ്റിന്റെ കരുത്തോടെ ഡൽഹിയിലേക്ക്

# ഏപ്രിൽ 5 പാർലമെന്റ് മാർച്ച്

- ചരിത്രത്തിലെ ഏറ്റവും വലിയ രണോത്സുക തൊഴിലാളിവർഗ പ്രക്ഷോഭമാക്കി മാറ്റുക.
- ഇന്ത്യയിലെ തൊഴിലാളി വർഗ പ്രസ്ഥാനത്തിന് മുന്നിൽ വലിയ വെല്ലുവിളികൾക്കൊപ്പം സാധ്യതകളും ഉണ്ട്.



തപൻ സെൻ

2020 നവംബർ 26ന് നടത്തിയ ഐതിഹാസികമായ പൊതു പണിമുടക്കും ഒരു വർഷത്തിലേറെക്കാലം നീണ്ടുനിന്ന കർഷക സമരത്തിന്റെ തുടക്കവും ഒന്നിച്ചായിരുന്നു. സമരത്തിന്റെ ഫലമായാണ് പാർലമെന്റിനെ അട്ടിമറിച്ചു കൊണ്ട് മോദി സർക്കാർ പാസാക്കിയ കർഷക വിരുദ്ധമായ മൂന്ന് കാർഷിക ബില്ലുകൾ പിൻവലിക്കപ്പെട്ടത്.



മുതലാളിത്ത വ്യവസ്ഥ തുടർച്ചായി സമഗ്ര പ്രതിസന്ധി നേരിടുകയാണ്. രാഷ്ടീയ സാമ്പത്തിക സാമൂഹ്യ ഭരണ മേഖലകളുടെ എല്ലാ തലങ്ങളിലും അതിന്റെ പ്രത്യാഘാതം പ്രതിഫലിക്കുന്നുണ്ട്. എല്ലാ മേഖലയിലും  കോർപറേറ്റ് വർഗീയ കൂട്ടുകെട്ടിന്റെ ഫാസിസ്റ്റ് മനോഭാവത്തോടെയുള്ള ഏകാധിപത്യപരവും വിഭാഗീയവുമായ അടിച്ചമർത്തലുകൾ തുടരുന്നു. വിമത ശബ്ദങ്ങളും തൊഴിലാളി വർഗ്ഗത്തിന്റെ പ്രതിഷേധങ്ങളും ശക്തമാകുന്നത് നിശ്ചയ ദാർഢ്യമുള്ളതും സംഘടിതവും ആയ വലിയ പ്രക്ഷോഭങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും  സൂചന നൽകുന്നു. സെക്യൂർ തലത്തിലും ദേശീയ തലത്തിലും ഏകോപിത പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തി ക്കൊണ്ടും ഈ യാഥാർത്ഥ്യം മൂർത്തമായ പ്രക്ഷോഭ തലത്തിൽ എത്തിക്കാൻ നമ്മൾ കഠിനാധ്വാനം ചെയ്യേണ്ടതുണ്ട്.

## സിഐടിയുവിന്റെ ത്രിമുഖ സമീപനം

ഒന്ന് : സിഐടിയുവിന്റെ സ്വതന്ത്രമായ പരിപാടികൾ ശക്തിപ്പെടുത്തുക,

രണ്ട് : സെക്യൂർ തലത്തിലും ദേശീയ തലത്തിലും സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം  രൂപീകരിക്കുക.

മൂന്ന്: തൊഴിലാളി കർഷക ഐക്യം വിപുലവും ആഴമേറിയതും ആക്കി രാജ്യവ്യാപക പ്രസ്ഥാനം ശക്തിപ്പെടുത്തുക, ഐക്യം താഴെത്തട്ടിൽ വരെ വ്യാപിപ്പിക്കുക.




തൊഴിലാളി കർഷക ഐക്യം കാലത്തിന്റെ ഏറ്റവും നിർണായകമായ അനിവാര്യതയാണ്. വർഗീയ കോർപറേറ്റ് സഖ്യ ഭരണത്തിന്റെ ജനവിരുദ്ധ ദേശവിരുദ്ധ നയങ്ങൾക്കെതിരെ മൊത്തം ജനങ്ങളെ നിശ്ചയദാർഢ്യത്തോടെയുള്ള സമരങ്ങൾക്ക്  അണി നിരത്തുന്നതിൽ അതിനു വലിയ സാധ്യതയുണ്ട്.

നിലവിൽ അത് പുതിയ ഉയരങ്ങളിൽ എത്തിയിട്ടുണ്ട്. അതിനെ കൂടുതൽ കൂടുതൽ ഉയരങ്ങളിൽ എത്തിക്കേണ്ടത്തുണ്ട്.  തൊഴിലാളികളും കർഷകരും കർഷക തൊഴിലാളികളും അവരുടെ സ്വന്തം ആവശ്യങ്ങൾ മുൻനിർത്തിയും പരസ്പരം സഹകരിച്ചും നടത്തുന്ന സമരങ്ങൾ ഒരു പൊതു വേദിയിൽ പര്യവസാനിക്കുന്നുണ്ട്. ജനങ്ങളുടെയും സമൂഹത്തിന്റെ ആകെത്തന്നെയും ജീവിതത്തിനും  ജീവനോപാധികൾക്കും മേൽ കടന്നാക്രമണം നടത്തുന്ന കോർപറേറ്റ് നിയന്ത്രിത ഭരണ സംവിധാനം വർഗീയ ധ്രുവീകരണത്തിനും വിഭാഗീയത സൃഷ്ടിക്കാനും ഗൂഢാലോചന നടത്തുന്നു.

ഈ ദിശയിലാണ് വിവിധ വിഷയങ്ങളിൽ CITU, AIKS, AIAWU എന്നീ സംഘടനകളുടെ സംയുക്ത സമരങ്ങൾക്ക് സിഐടിയു കുറച്ചുകാലമായി മുൻകൈ എടുക്കുന്നത്.  പരമാവധി പ്രാതിനിധ്യം ഉറപ്പാക്കാൻ ഈ ശ്രമങ്ങൾ ഏറ്റവും താഴെ തട്ടിൽ എത്തേണ്ടതുണ്ട്. 2018ൽ  ഈ ശ്രമങ്ങൾക്ക്  സുപ്രധാന വഴിത്തിരിവുണ്ടായത് ഈ സംഘടനകൾ മാർച്ച് ഒമ്പതിന് സംഘടിപ്പിച്ച ജയിൽ നിറയ്ക്കൽ  പരിപാടിയിലൂടെയാണ്.  ഈ സമരങ്ങൾ മിക്കവാറും ജില്ലകളിൽ പ്രഭാവം സൃഷ്ടിച്ചു. ഇതിന്റെ തുടർച്ചയായാണ്  2018 സപ്തം



തൊഴിലാളി കർഷക ഐക്യം കാലത്തിന്റെ ഏറ്റവും നിർണായകമായ അനിവാര്യതയാണ്. വർഗീയ കോർപറേറ്റ് സഖ്യ ഭരണത്തിന്റെ ജനവിരുദ്ധവും ദേശവിരുദ്ധ നയങ്ങൾക്കെതിരെ മൊത്തം ജനങ്ങളെ നിശ്ചയദാർഢ്യത്തോടെയുള്ള സമരങ്ങൾക്ക്  അണി നിരത്തുന്നതിൽ അതിനു വലിയ സാധ്യതയുണ്ട്.

ബർ അഞ്ചിന്  ഐതിഹാസികമായ  മസ്ദൂർ കിസാൻ റാലി സംഘടിപ്പിച്ചത്. സ്വതന്ത്ര ഇന്ത്യയിൽ ദേശീയതലസ്ഥാനത്ത് നടന്ന ഏറ്റവും ഉജ്ജ്വലമായ തൊഴിലാളി കർഷക മുന്നേറ്റമായിരുന്നു അത്.

നവലിബറൽ നയങ്ങളുടെ കടന്നാക്രമണങ്ങൾക്കെതിരെ പതിറ്റാണ്ടുകളായി തൊഴിലാളി വർഗ്ഗം നടത്തുന്ന സമരങ്ങൾക്ക് കോവിഡ് മഹാമാരിയുടെ കാലത്തും തുടർച്ച സൃഷ്ടിക്കുവാൻ നമുക്ക്  കഴിഞ്ഞു.  അസംഖ്യം സെക്ടറൽ സമരങ്ങൾക്ക് പര്യവസാനം കുറിച്ച് കർഷകരുടെ പിന്തുണയോടെ നടന്ന 2021ലും 2022ലും നടത്തിയ  വിജയകരമായ അഖിലേന്ത്യാ പണിമുടക്കുകൾ ഉദാഹരണം. സെക്ടറൽ സമരങ്ങൾക്ക് രാജ്യവ്യാപകമായി കർഷകർ അടക്കമുള്ള ജനവിഭാഗങ്ങളുടെ വലിയ പിന്തുണ ലഭിച്ചു.

ഈ കാലഘട്ടത്തോട് അടുപ്പിച്ചാണ് വിവിധ കർഷക സംഘടനകൾ  സജീവമായതും  സമര ഐക്യം കൂടുതൽ ശക്തമായതും.  അതോടെ കാർഷിക പ്രതിസന്ധിയെ ആപൽക്കരമായ തലത്തിലെത്തിച്ച  നവലിബറൽ നയങ്ങൾക്കെതിരെയുള്ള ഇടപെടലുകൾക്ക് ശക്തി വർധിച്ചു. ഈ കാലത്ത് കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പിന്തുണയോടെ രാജ്യവ്യാപകമായി ശക്തമായ സമരങ്ങൾ സംഘടിക്കപ്പെട്ടു. ഈ  സമരങ്ങൾക്ക്  മുന്നിൽ അടിയറവ്




പറഞ്ഞ RSS BJP ഗവൺമെന്റെ ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസും കർഷക വിരുദ്ധമായ മൂന്ന് കാർഷികനിയമങ്ങളും പിൻവലിക്കാൻ നിർബന്ധിതമായി.

2020 നവംബർ 26 ന് നടത്തിയ ഐതിഹാസികമായ പൊതു പണിമുടക്കും  ഒരു വർഷത്തിലേറെക്കാലം നീണ്ടുനിന്ന  കർഷക സമരത്തിന്റെ തുടക്കവും ഒന്നിച്ചായിരുന്നു.   സമരത്തിന്റെ ഫലമായാണ് പാർലമെന്റിനെ അട്ടിമറിച്ചു കൊണ്ട് ബിജെപി സർക്കാർ പാസാക്കിയ കർഷക വിരുദ്ധമായ മൂന്ന് കാർഷിക ബില്ലുകൾ പിൻവലിക്കപ്പെട്ടത്.  റദ്ദാക്കപ്പെട്ട ഈ നിയമങ്ങൾ  കൊണ്ട് ലക്ഷ്യം വച്ചത്  കാർഷിക ഉത്പാദന മേഖലയെ തകർത്തുകൊണ്ട് കാർഷിക സമ്പദ് വ്യവസ്ഥയുടെ  പൂർണ നിയന്ത്രണം കോർപറേറ്റുകൾക്ക് കൈമാറാനും വേണ്ടിയായിരുന്നു.  പൊതുമേഖലയിലെ വൈദ്യുതി വിതരണം അവസാനിപ്പിക്കാനും  മേഖലയെ പൂർണമായും സ്വകാര്യവൽക്കരിക്കാനും ലക്ഷ്യമിടുന്ന വൈദ്യുതി ഭേദഗതി ബിൽ (2020) പിൻവലിക്കണമെന്നും ധീരമായ കർഷക സമരം  ആവശ്യപ്പെട്ടിരുന്നു.

**2022 സപ്തംബർ അഞ്ചിന് ചേർന്ന മസ്ദൂർ കിസാൻ മഹാധിവേശൻ 2023 ഏപ്രിൽ അഞ്ചിന് വമ്പിച്ച കിസാൻ മസ്ദൂർ റാലി സംഘടിപ്പിക്കാൻ തീരുമാനിച്ചത്. താഴെ തട്ടിൽ ആറുമാസമായി സംഘടിപ്പിക്കുന്ന വിവിധ പ്രചാരണ പ്രക്ഷോഭ പ്രവർത്തനങ്ങളുടെ പര്യവസാനമെന്നോണം സംഘടിപ്പിക്കുന്ന കിസാൻ മസ്ദൂർ റാലി സർക്കാർ നയങ്ങൾ രാജ്യത്തെയും വിദേശത്തെയും  കോർപറേറ്റുകളുടെ നിയന്ത്രണത്തിൽ നിന്ന് തങ്ങൾക്ക് അനുകൂലമായി മാറ്റാൻ വേണ്ടി തൊഴിലാളികളുടെയും കർഷകരുടെയും അവിശ്രമമായ സമരത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന ഏടാണ്.**

സിഐടിയു മുന്നണിയിൽ നിന്ന് രാജ്യവ്യാപകമായി തൊഴിലാളികൾ ഐതിഹാസികമായ കർഷക സമരത്തിന് ഐക്യദാർഢ്യമേകി നിരവധി പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി തൊഴിലാളികളുടെ സംയുക്ത വേദി നടത്തിയ പ്രക്ഷോഭങ്ങൾക്കും പ്രതിഷേധങ്ങൾക്കും സംയുക്ത കിസാൻ മോർച്ചയും മികച്ച പിന്തുണ നൽകി. ഈ രണ്ട് ഉല്പാദന വർഗങ്ങൾ അവരുടെ പൊതു ശത്രുവായ, കോർപറേറ്റ് വർഗീയ സർക്കാരിനെതിരെ നടത്തിയ പ്രക്ഷോഭങ്ങൾ തൊഴിലാളി കർഷക ഐക്യം ഊട്ടിയുറപ്പിക്കാൻ സഹായകമായി. ഓരോ സമരങ്ങളും അങ്ങനെ വലിയ ശ്രദ്ധ നേടി. ദേശീയ സമ്പത്ത് കൊള്ളയടിക്കുന്ന

കോർപറേറ്റുകൾക്കും ബഹുജനങ്ങളുടെയും തൊഴിലാളികളുടെയും ജീവനും ജീവനോപാധികളും കവരുന്ന കോർപറേറ്റ് കടന്നാക്രമണങ്ങൾക്കും എതിരെ തൊഴിലാളികളും കർഷകരും നടത്തുന്ന ഏകോപിത സമരങ്ങൾ ക്രമേണ തിരിച്ചറിയാവുന്ന യാഥാർഥ്യമായി മാറി. അക്രമാസക്തവും ദേശവിരുദ്ധവുമായ നവലിബറൽ നയങ്ങളും അതോടൊപ്പമുള്ള തീവ്ര വർഗീയ ശ്രമങ്ങളും ചെറുത്ത് തോൽപ്പിക്കാൻ ഇത് അനിവാര്യമാണ്. ഈ സമരങ്ങൾ പുതിയ തലത്തിലേക്ക് ഉയർത്തേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിലാണ് 2022 സപ്തംബർ അഞ്ചിന് ചേർന്ന മസ്ദൂർ കിസാൻ മഹാധിവേശൻ 2023 ഏപ്രിൽ




അഞ്ചിന് വമ്പിച്ച കിസാൻ മസ്ദൂർ റാലി സംഘടിപ്പിക്കാൻ തീരുമാനിച്ചത്. താഴെ തട്ടിൽ ആറുമാസമായി സംഘടിപ്പിക്കുന്ന വിവിധ പ്രചാരണ പ്രക്ഷോഭ പ്രവർത്തനങ്ങളുടെ പര്യവസാനമെന്നോണം സംഘടിപ്പിക്കുന്ന കിസാൻ മസ്ദൂർ റാലി സർക്കാർ നയങ്ങൾ രാജ്യത്തെയും വിദേശത്തെയും കോർപറേറ്റുകളുടെ നിയന്ത്രണത്തിൽ നിന്ന് തങ്ങൾക്ക് അനുകൂലമായി മാറ്റാൻ വേണ്ടി തൊഴിലാളികളുടെയും കർഷകരുടെയും അവിശ്രമമായ സമരത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന ഏടാണ്. സ്വതന്ത്ര ഭാരത ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ പോരാട്ടമായി ഇത് മാറാൻ പോകുകയാണ്.

നിരന്തരമായ വിലക്കയറ്റത്തിനും തൊഴിൽ നഷ്ടത്തിനും തൊഴിലില്ലായ്മയ്ക്കും എതിരെ, ദേശീയസമ്പത്ത് സ്വകാര്യ കോർപറേറ്റുകൾക്ക് കൈമാറ്റം ചെയ്യുന്നതിനെതിരെ, വിദ്യാഭ്യാസത്തിന്റെയും ആരോഗ്യ മേഖലയുടെയും മറ്റു സേവനങ്ങളുടെയും വാണിജ്യവൽക്കരണത്തിനും, ദളിത് ആദിവാസി വിഭാഗങ്ങൾക്കും സ്ത്രീകൾക്കും എതിരെയുള്ള നിർദയമായ ആക്രമണങ്ങൾക്കും എതിരെയുമാണ് ഈ മുന്നേറ്റം.

നവലിബറൽ നയങ്ങൾക്കെതിരെയുള്ള സമരങ്ങൾ നമ്മൾ ശക്തിപ്പെടുത്താൻ ശ്രമിക്കുമ്പോൾ തന്നെ കോർപറേറ്റ് വർഗീയ സഖ്യം ജനങ്ങളെ വിഘടിപ്പിക്കാൻ വേണ്ടി നടത്തുന്ന വിഷലിപ്തമായ പ്രചാരണത്തെയും തുറന്നു കാട്ടുകയും അതിനെതിരെ തൊഴിലാളി വർഗത്തെയും തൊഴിലെടുക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്തുകയും വേണം.

അങ്ങനെ രാജ്യത്തിനു വേണ്ടി സമ്പത്ത് സൃഷ്ടിക്കുന്ന രണ്ടു വർഗങ്ങളായ തൊഴിലാളികളും കർഷകരും ചേർന്ന് നടത്തുന്ന ഏകോപിത സമരങ്ങളിലൂടെ ഭൂരിപക്ഷ വർഗീയ ശക്തികളായ ഹിന്ദുത്വയുടെ പദ്ധതികളെ രാഷ്ട്രീയമായും പ്രത്യയശാസ്ത്രപരമായും ചെറുത്തു തോൽപ്പിക്കാൻ സാധിക്കണം. നവലിബറൽ കോർപറേറ്റ് കൊള്ളയ്ക്കെതിരെയുള്ള സമരവും വർഗീയ വിരുദ്ധ സമരവും ഒരുമിച്ചു കൊണ്ടുപോകണം. തൊഴിലാളി കർഷക സംയുക്ത സമരങ്ങളുടെ അവിഭാജ്യഘടകമായി ഇതിനെ മാറ്റിയെടുക്കുന്നതിന് നമ്മുടെ കാഡർമാരെ സജ്ജരാക്കിയെടുക്കണം.

ഈ മൂന്നു സംഘടനകളും നടത്തേണ്ട വിപുലമായ പ്രചാരണങ്ങളുടെ ഭാഗമായി ഇനിയുള്ള ആറു മാസം കൊണ്ട് നമ്മുടെ

പ്രാപ്യതയില്ലാത്ത ആളുകളിൽ പോലും നമ്മുടെ സന്ദേശമെത്തിക്കണം.

ഉൽപ്പന്നങ്ങൾക്ക് നിയമപരമായ താങ്ങുവില ഉറപ്പുവരുത്തുമെന്നും കാർഷികോൽപ്പന്ന സംഭരണത്തിന് ഫലപ്രദമായ സംവിധാനം ഉണ്ടാക്കുമെന്നും കർഷക സംഘടനകൾക്ക് ഉറപ്പു നൽകിയ കേന്ദ്രസർക്കാർ താങ്ങുവില സമ്പ്രദായം തന്നെ ക്രമേണ ഇല്ലാതാക്കാൻ ശ്രമിക്കുന്നതിന്റെ തെളിവുകൾ ബജറ്റ് നിർദേശങ്ങളിൽ വ്യക്തമാണ്. ജനങ്ങളുടെ സമ്പത്തും ജീവനോപാധിയും ദേശീയ സാമ്പത്തിക ഉറവിടങ്ങളും രാജ്യത്തെയും വിദേശത്തെയും കോർപറേറ്റുകൾക്ക് കൊള്ളയടിക്കാൻ വേണ്ടി രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ ക്രമത്തെ തങ്ങളുടെ താൽപര്യങ്ങൾക്ക് അനുസൃതമായി മാറ്റുന്നതിന് അവരുടെ വിനാശകരമായ ദേശവിരുദ്ധ അജൻഡകൾ നടപ്പാക്കാനാണ് ശ്രമിക്കുന്നതെന്ന ബോധ്യം നമുക്കുണ്ടാകണം.

തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുകയെന്ന കേവലമായ ആവശ്യത്തിനുവേണ്ടിയല്ല ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി രൂപീകരിച്ചത്, മറിച്ച് കോർപറേറ്റ് കൊള്ളയിൽനിന്ന് ജനങ്ങളുടെയാകെ അവകാശങ്ങളും രാജ്യത്തിന്റെ താൽപര്യവും സംരക്ഷിക്കാൻ വേണ്ടിയാണ്.




സംയുക്ത കിസാൻ മോർച്ചയുടെ കാര്യവും സമാനമാണ്.

വിനാശകരമായ നയത്തിന്റെ യഥാർത്ഥ മുഖത്തെക്കുറിച്ച് തൊഴിലാളികൾക്കും ജനങ്ങൾക്കും ഇടയിൽ തീവ്രമായ താഴേത്തട്ടിലുള്ള പ്രചാരണം നടത്തണം. ജനങ്ങൾക്കും സമൂഹത്തിനും ഇടയിൽ അനൈക്യവും ഭിന്നിപ്പും സൃഷ്ടിക്കുന്നതിൽ ഭരണകൂടവും നടത്തുന്ന ശ്രമങ്ങൾ തുറന്നുകാട്ടി അവരുടെ യഥാർഥ ശത്രുക്കളെ തിരിച്ചറിയാൻ പ്രാപ്തരാക്കണം. ഏപ്രിൽ അഞ്ചിന്റെ മസ്ദൂർ കിസാൻ സംഘർഷ് റാലി രാജ്യവ്യാപകമായി താഴെ തട്ടിൽ നടത്തുന്ന പ്രചാരണത്തിന്റെ പരിസമാപ്തിയായിരിക്കണം. കോർപ്പറേറ്റ് വർഗീയ സഖ്യത്തിനെതിരെയുള്ള ഉജ്വലമായ സമരങ്ങൾക്ക് അത് നാന്ദിയാകണം.

**ഐതിഹാസികമായി കർഷക സമരത്തിനൊടുവിൽ വിവാദ കാർഷിക നിയമങ്ങൾ പിൻവലിക്കാൻ മോഡി സർക്കാർ നിർബന്ധിതമായതും കാർഷിക മേഖലയുടെ സ്വകാര്യവൽക്കണണം നടപ്പാക്കാൻ പിൻവാതിൽ വഴി ശ്രമിക്കുന്ന കാര്യവും നമ്മൾ മറക്കരുത്.**

സിഐടിയുവിന്റെ 17ാമത് അഖിലേന്ത്യാ സമ്മേളനം 2023 ഏപ്രിൽ 5 ന് അംഗീകരിച്ച പ്രമേയത്തിൽ വീടുതോറും ജോലിസ്ഥലങ്ങൾ തോറുമുള്ള തീവ്രമായ പ്രചാരണത്തിന് ആഹ്വാനം ചെയ്തിരുന്നു. 2022 സപ്തംബർ അഞ്ചിന് നടന്ന മഹാധിവേശനും ഈ ആഹ്വാനം നടത്തി. കുടുംബത്തിലേക്കെത്തുന്ന പ്രചാരണം കൂടുതൽ ശക്തമാക്കാൻ സമ്മേളനം അതിന്റെ എല്ലാ കമ്മിറ്റികളോടും ആഹ്വാനം ചെയ്തിരുന്നു.

പൊതുശത്രുവിനെ സമൂഹത്തിലെ ഉൽപ്പാദക വർഗ്ഗങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിനെതിരെ സ്ഥിരമായ നീണ്ടുനിൽക്കുന്ന വർഗസമരം നടത്തണം. ബിജെപി സർക്കാരിന്റെ വിഷലിപ്തമായ വിഘടിത പദ്ധതികൾക്ക് ആ നയങ്ങളെ എതിർക്കുന്ന തൊഴിലാളികളുടെയും കർഷകരുടെയും തുടർച്ചയായ ഏകോപിത സമരങ്ങളുടെയും പശ്ചാത്തലത്തിൽ സുഗമമായി മുന്നോട്ടുപോകാനാവില്ല. ജനങ്ങൾ പ്രതികരിക്കാൻ സജ്ജരാണ്. കഠിനയാഥാർഥ്യങ്ങൾ പറഞ്ഞ് അവരെ സമീപിക്കാൻ നമുക്കാകണം. ഈ മസ്ദൂർ കിസാൻ പാർലമെന്റ് മാർച്ചിനെ (ഏപ്രിൽ 5) സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും രണോത്സുകവും ബൃഹത്തുമായ വർഗ മുന്നേറ്റമായി നമുക്ക് മാറ്റാം●

# യുഎസിൽ ബാങ്ക് തകർച്ച

ഇന്ത്യയിലേതുൾപ്പെടെ ടെക്നോളജി സ്റ്റാർട്ട് അപ്പുകൾക്ക് അക്കൗണ്ടുള്ള സിലിക്കൺ വാലി ബാങ്ക് (എസ്‌വിബി ) മാർച്ച് 11 നു തകർന്നു. ബാങ്ക് ഓഹരി വില 60 % വരെ ഇടിഞ്ഞതിനൊപ്പം നിക്ഷേപകർ വലിയ തോതിൽ പണം പിൻവലിക്കുകയും ചെയ്തതോടെയാണ് ബാങ്ക് തകർന്നത്. ഇൻവെസ്റ്റ്മെന്റ് ബാങ്ക് ആയ ലീമ ബ്രദേർസിന്റെ തകർച്ചയോടെ തുടങ്ങിയ 2008 ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് വാഷിംഗ്ടൺ മ്യൂച്വൽ തകർന്നതാണ് യുഎസ് ചരിത്രത്തിലെ ഏറ്റവും വലിയ ബാങ്ക് തകർച്ച. 30,900 കോടി ഡോളർ ആയിരുന്നു വാഷിംഗ്ടൺ മ്യൂച്വലിന്റെ ആസ്തി. 20,900 കോടി ഡോളർ ആണ് സിലിക്കൺ വലി ബാങ്കിന്റെ ആസ്തി. നിക്ഷേപം 17,540 കോടി ഡോളർ ആണ്.

സിലിക്കൺ വാലി ബാങ്ക് ഇൻഷ്വർ ചെയ്ത നിക്ഷേപങ്ങളെല്ലാം തങ്ങൾ രൂപീകരിച്ച നാഷണൽ ബാങ്ക് ഓഫ് സാന്റാക്ലാരയിലേക്ക് മാറ്റിയതായി എഫ് ഡി ഐ സി വ്യക്തമാക്കി. 48 മണിക്കൂറിനുള്ളിൽ എസ്‌വിബി ബാങ്കിന്റെ തകർച്ചക്ക് ശേഷം സിഗ്നേച്ചർ ബാങ്കും തകർന്നു.

ബാങ്ക് തകർച്ചയുടെ കാരണങ്ങൾ അന്വേഷിച്ചാൽ അതിന്റെ വേരുകൾ കിടക്കുന്നത് 2008 ലെ സാമ്പത്തിക തകർച്ചയും അതിനെ തുടർന്ന് വന്ന കോവിഡ് മഹാമാരിയും നേരിടാൻ കേന്ദ്ര ബാങ്കുകൾ എതിർത്ത നടപടികൾ ആണെന്ന് കാണാൻ കഴിയും



- അമേരിക്കൻ ഫെഡറൽ റിസർവ് ബാങ്ക് ഉൾപ്പെടെ പലിശ നിരക്ക് കുത്തനെ കുറക്കുകയും കണക്കില്ലാതെ കറൻസി പ്രിന്റ് ചെയ്തിറക്കുകയും ചെയ്തു.
- 2020 അമേരിക്കൻ ഫെഡറൽ റിസർവിന്റെ ബാലൻസ് ഷീറ്റിൽ 4.1 ട്രില്യൺ ഡോളറാണ് ഉണ്ടായിരുന്നത്. 2022 ഏപ്രിൽ അത് 8.36 ട്രില്യൺ ഡോളർ ആയി വർധിച്ചു. അതായത് 4.8 ട്രില്യൺ ഡോളർ പുതുതായി പ്രിന്റ് ചെയ്ത് സമ്പദ്ഘടനയിലേക്ക് കൊണ്ട് വന്നു. പലിശ നിരക്ക് പൂജ്യമോ പൂജ്യത്തിനടുത്തോ ആയിരുന്നു.
- യൂറോപ്യൻ സെൻട്രൽ ബാങ്കും ഇതേ സമീപനമാണ് സ്വീകരിച്ചത്.
- ഈ കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി എടുത്ത കമ്പനികൾക്ക് കോവിഡ് കാലത്തും മറ്റും നിക്ഷേപത്തിന് അവസരമുണ്ടായിരുന്നില്ല. അവർ ഈ പണം സിലിക്കൺവാലി ബാങ്ക് പോലുള്ള ബാങ്കുകളിൽ നിക്ഷേപിച്ചു.
- വിലക്കയറ്റം നിയന്ത്രിക്കാൻ യു എസ് ഫെഡറൽ റിസർവ് തുടർച്ചയായി പലിശ നിരക്ക് ഉയർത്തി. ഇതോടെ ബാങ്ക് നിക്ഷേപിച്ചിരുന്ന കടപത്രങ്ങൾ നഷ്ടത്തിലായി.
- വായ്പകൾ അനാകർഷകമായപ്പോൾ സ്റ്റാർട്ടപ്പുകൾക്ക് ഫണ്ടിംഗ് പ്രതിസന്ധി ഉണ്ടായി. അവർ അക്കൗണ്ടുകളിലെ പണം വൻ തോതിൽ തിരിച്ചെടുത്തു.
- പ്രതിസന്ധി മറികടക്കാൻ സിലിക്കൺവാലി ബാങ്ക് കുറഞ്ഞ വിലക്ക് കടപത്രങ്ങൾ വിൽക്കുന്നു. ഇത് പുറത്തറിഞ്ഞതോടെ നിക്ഷേപകർ കൂട്ടത്തോടെ പണം തിരിച്ചെടുത്തു.
- ബാങ്കിന്റെ മാതൃ സ്ഥാപനമായ എസ് ഡി ബി ഫിനാൻഷ്യൽ ഗ്രൂപ്പിന്റെ ഓഹരി വിലയിൽ 60% വരെ ഇടിവ് രേഖപ്പെടുത്തി .
- നവലിബറലിസവും എല്ലാ കമ്പോളത്തിനു കീഴ്പ്പെടുന്നതുമായ നയങ്ങളാണ് ഈ തകർച്ചയിലേക്ക് നയിച്ചത്. നവലിബറലിസം തന്നെ പ്രതിസന്ധിയിലായതിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളുമാണിവ.

## സ്റ്റാർട്ടപ്പുകൾക്ക് തിരിച്ചടി

യു എസിൽ പ്രവർത്തനമുള്ള മലയാളി സംരംഭങ്ങൾ അടക്കം മിക്ക സ്റ്റാർട്ടപ്പുകൾക്കും സിലിക്കൺ വാലി ബാങ്കിലാണ് ആക്കൗണ്ടുള്ളത് .സ്റ്റാർട്ടപ്പ് സൗഹൃദമായിരുന്നു ബാങ്കിന്റെ മുഖ മുദ്ര . ബാങ്ക് തകർന്നതോടെ അകൗണ്ടുകളിലുള്ള പണം മരവിച്ച അവസ്ഥയിലുമായി. ജീവനക്കാർക്ക് ശമ്പളം അടക്കമുള്ള ചിലവ് നടത്താനുള്ള പണം വേറെ സംഘടിപ്പിക്കേണ്ട ഗതികേടിലാണ് പല കമ്പനികളും.

## ഏപ്രിൽ 5
## മസ്ദൂർ കിസാൻ സംഘർഷ് റാലി




# കൊടുങ്കാറ്റിന്റെ കരുത്തോടെ ഡൽഹിയിലേക്ക്

**തൊഴിലാളികളും, കർഷകരും, കർഷകത്തൊഴിലാളികളും ഐക്യപ്പെട്ട് ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകൾ, അധ്വാനിക്കുന്നവർക്ക് മാന്യമായി ജീവിക്കുന്നതിന് പര്യാപ്തമായ കൂലി, തുടങ്ങിയ അടിസ്ഥാനപരമായ അവകാശങ്ങൾ ആവശ്യപ്പെട്ട് ഡൽഹിയിലേക്ക് കൊടുങ്കാറ്റായി ഇരമ്പിക്കയറുവാൻ പോകുകയാണ്.**

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ നിന്ന് നമുക്ക് സ്വാതന്ത്ര്യം ലഭിച്ചതിന്റെ 75ാം വാർഷികത്തിന്റെ വേളയിൽ ഇന്ത്യയിലെ തൊഴിലാളികളും, കർഷകരും, കർഷകത്തൊഴിലാളികളും ഐക്യപ്പെട്ട് ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകൾ, അധ്വാനിക്കുന്നവർക്ക് മാന്യമായി ജീവിക്കുന്നതിന് പര്യാപ്തമായ കൂലി, തുടങ്ങിയ അടിസ്ഥാനപരമായ അവകാശങ്ങൾ ഉറപ്പാക്കുന്ന ജനാനുകൂല നയങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നമ്മുടെ റിപ്പബ്ലിക്കിന്റെ മഹത്തായ തലസ്ഥാനമായ ഡൽഹിയിലേക്ക് കൊടുങ്കാറ്റായി ഇരമ്പിക്കയറുവാൻ പോകുകയാണ്.

ഈ നാമമാത്രമായ അവകാശങ്ങൾ പോലും ഉറപ്പാക്കാൻ തയ്യാറാകാതെ ആർഎസ്എസ്സിനാൽ നിയന്ത്രിക്കപ്പെടുന്ന കേന്ദ്രത്തിലെ ബിജെപി സർക്കാർ വർഷങ്ങൾ നീണ്ടുനിന്ന ഐക്യ പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്തതെല്ലാം തിരിച്ചുപിടിക്കുകയാണ്. സാധാരണ ജനങ്ങളുടെ യാതനകൾ അസഹനീയമായി തീർന്നിരിക്കുകയാണ്.

അരി, ഗോതമ്പ്, പരിപ്പുകൾ, പാൽ, തൈര്, പച്ചക്കറികൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ അവശ്യസാധനങ്ങളുടെയും വിലകൾ കുതിച്ചുയരുകയാണ്. സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി അത്യാവശ്യ ഭക്ഷ്യവസ്തുൾക്ക് പോലും ചരക്ക് സേവന നികുതി സംവിധാനത്തിന് കീഴിൽ നികുതി ചുമത്തിയിരിക്കുകയാണ്. ഹോളിക്കും അന്തർദേശീയ വനിതാ ദിനത്തിനും ഒരാഴ്ച മുൻപ് പാചകവാതകത്തിന്റെ വില 1200 രൂപയായി ഉയർത്തി. 423 രൂപയായിരുന്നു 2014ലെ വില. അദാനിയുടെ 'അമൃതവർഷമായ' ഇക്കൊല്ലം മോദി സർക്കാർ ഭക്ഷ്യ സബ്സിഡിയിൽ 90,000 കോടി രൂപയുടെ കുറവാണ് കേന്ദ്ര ബജറ്റിൽ വരുത്തിയിരിക്കുന്നത്.

സെന്റർ ഫോർ മോണിറ്ററിങ്

ഇന്ത്യൻ എക്കോണമിയുടെ (CMIE) റിപ്പോർട്ട് അനുസരിച്ച് 24 വയസ്സ് പ്രായം വരുന്ന യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ 42% ആണ്. സർക്കാർ ജോലികളും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലുകളും പോലും കരാർ/പുറം കരാർ വൽക്കരിച്ചുകൊണ്ട് ഭരണ സംവിധാനത്തെയാകെ സ്വകാര്യവൽക്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അഗ്നിപഥ് പദ്ധതിയിലൂടെ പ്രതിരോധ മേഖലയിലും കരാർ സമ്പ്രദായം കൊണ്ടുവന്നിരിക്കുകയാണ്. ഇത് ദളിതർക്കും ആദിവാസികൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും സമൂഹത്തിലെ മറ്റ് അവശ വിഭാഗങ്ങൾക്കും ലഭിച്ചുവരുന്ന സർക്കാർ ജോലികളിലെ സംവരണമെന്ന ഭരണഘടനാപരമായ അവകാശത്തെപ്പോലും ഇല്ലാതാക്കുന്നു. ലക്ഷക്കണക്കിന് സൂക്ഷ്മ, ഇടത്തരം, ചെറുകിട സംരംഭങ്ങൾ അടച്ചുപൂട്ടപെട്ടത് കോടിക്കണക്കിന് തൊഴിലുകൾ നഷ്ടപ്പെടുന്നതിന് ഇടയാക്കി.

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ജോലി ആവശ്യപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുമ്പോഴും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കേന്ദ്രസർക്കാർ പദ്ധതിക്കുള്ള വിഹിതത്തിൽ 38000 കോടി രൂപയുടെ ഗണ്യമായ കുറവ് വരുത്തി. ചെയ്ത ജോലിക്കുള്ള നിരവധി മാസങ്ങളിലെ വേതന കുടിശ്ശികയായി 1498 കോടി രൂപയോളം സംസ്ഥാനങ്ങൾക്ക് നൽകുവാനുണ്ട്. കേന്ദ്രസർക്കാരിന്റെ കണക്കുകൾ അനുസരിച്ച് തന്നെ 1.47 കോടിയോളം തൊഴിലന്വേഷകർക്ക് (മൊത്തം തൊഴിൽ അന്വേഷകരുടെ 20%) തൊഴിൽ നിഷേധിക്കപ്പെട്ടു. തൊഴിൽ ചെയ്യുന്നവർക്ക് ആകട്ടെ എട്ടു മണിക്കൂർ പ്രവർത്തി ദിവസം, മിനിമം കൂലി, സാമൂഹ്യ സുരക്ഷ എല്ലാറ്റിലും ഉപരിയായി സംഘടിക്കുന്നതിനും കൂട്ടായി വിലപേശുന്നതിനും ഉള്ള അവകാശം തുടങ്ങിയ നിയമപരമായ അവകാശങ്ങൾ പോലും നിരാകരിക്കുകയാണ്. മോദി സർക്കാർ പാസാക്കിയ നാല് തൊഴിൽ കോഡുകൾ മേൽ സൂചിപ്പിച്ച തൊഴിലാളികളുടെ അവകാശങ്ങളെ നിയമപരമായി തന്നെ റദ്ദ് ചെയ്യുകയാണ്.



**കർഷകർക്ക് ന്യായവില കിട്ടുന്നില്ല. വളം, ജലം, വിദ്യുച്ഛക്തി എന്നിവയുടെ വിലവർദ്ധനവ് കാരണം ഉത്പാദന ച്ചെലവ് കൂടുന്നതിനാൽ ചെറു/ ഇടത്തരം കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി ആദായകരമല്ല. വ്യവസ്ഥാപിത സംവിധാനങ്ങളിൽ നിന്നുള്ള വായ്പകളുടെ അഭാവത്തിൽ കർഷകർ കടക്കെണിയിലാകുന്നു. ഭൂമിയും ഉൽപ്പന്നങ്ങളും വിപണിയും മൂല്യ ശൃംഖലയും എല്ലാം തന്നെ പൂർണമായും കോർപ്പറേറ്റുകൾക്ക് കൈമാറുകയാണ്.**

കർഷകർക്ക് ന്യായവില കിട്ടുന്നില്ല. വളം, ജലം, വിദ്യുച്ഛക്തി എന്നിവയുടെ വിലവർദ്ധനവ് കാരണം ഉത്പാദനച്ചെലവ് കൂടുന്നതിനാൽ ചെറു/ ഇടത്തരം കർഷകരെ സംബന്ധിച്ചിടത്തോളം കൃഷി ആദായകരമല്ലാത്ത സംരംഭമായി മാറിയിരിക്കുന്നു. വ്യവസ്ഥാപിത സംവിധാനങ്ങളിൽ നിന്നുള്ള വായ്പകളുടെ അഭാവത്തിൽ കർഷകർ കടക്കെണിയിലാകുന്നു. ഭൂമിയും ഉൽപ്പന്നങ്ങളും വിപണിയും മൂല്യ ശൃംഖലയും എല്ലാം തന്നെ വിവിധ മാർഗങ്ങളിൽ പൂർണമായും കോർപ്പറേറ്റുകൾക്ക് കൈമാറുകയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗണ്യമായ ഇടിവ് സംഭവിച്ചിരിക്കുന്നതിനാൽ കാർഷിക തൊഴിലാളികളും ദരിദ്ര കർഷകരും തൊഴിൽ തേടി നഗരങ്ങളിലേക്ക് ചേക്കേറുന്നതിന് നിർബന്ധിക്കപ്പെടുന്നു.

കോർപ്പറേറ്റുകൾക്ക് ഭൂമി കൈമാറുന്നതിനായി വനങ്ങൾക്കും ഭൂമിക്കും മേലുള്ള ആദിവാസികളുടെ അവകാശങ്ങൾ റദ്ദ് ചെയ്യുകയാണ്. സ്ത്രീകൾക്കും ദളിതർക്കും ആദിവാസികൾക്കും ന്യൂനപക്ഷങ്ങൾക്കും എതിരായിട്ടുള്ള ആക്രമണങ്ങൾ അഭൂതപൂർവ്വമായ നിലയിൽ വർദ്ധിച്ചിരിക്കുന്നു.

പൊതുമേഖല സ്ഥാപനങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ, ഖനികൾ, പ്രതിരോധ ഉത്പാദന യൂണിറ്റുകൾ, തുറമുഖങ്ങൾ, ടെലികോം ടവറുകൾ,




**ഹിൻഡൻബർഗ് റിപ്പോർട്ട് വെളിപ്പെടുത്തുന്നത് പോലെ സ്വതന്ത്ര ഭാരതം കണ്ട ഏറ്റവും വലിയ സാമ്പത്തിക തിരിമറിയിലൂടെ അദാനി രാജ്യത്തെ പൊതുമേഖല ബാങ്കുകൾക്ക് ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടം വരുത്തി വെച്ചിരിക്കുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാത്രം നഷ്ടം 7800 കോടിയോളം രൂപയാണ്. എന്നാൽ പ്രധാന മന്ത്രിയുടെ സംരക്ഷണം ലഭിക്കുന്ന അദാനിയെ ചോദ്യം ചെയ്യുന്നതിനു പോലും ഒരു കേന്ദ്ര ഏജൻസിയും തയ്യാറായിട്ടില്ല.**

എണ്ണ/പ്രകൃതി വാതക പൈപ്പ് ലൈനുകൾ, റെയിൽവേ, ദേശീയപാതകൾ, വിമാനത്താവളങ്ങൾ, വിമാന കമ്പനികൾ, വിദ്യുച്ഛക്തി, ഉരുക്ക്, തപാൽ സേവനം എന്നിങ്ങനെ രാജ്യത്തിന്റെ സമ്പത്തായ എല്ലാ ലാഭദായകങ്ങളായ ആസ്തികളെയും യാതൊരു വീണ്ടുവിചാരവുമില്ലാത്ത സ്വകാര്യവൽക്കരണത്തിലൂടെ സ്വദേശിയും വിദേശിയുമായ കോർപ്പറേറ്റുകൾക്ക് സമ്മാനിക്കുകയാണ്. നാഷണൽ മോണിറ്റൈസേഷൻ പൈപ്പ് ലൈനിലൂടെ പൊതു ഫണ്ടും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ വിയർപ്പും രക്തവും ഉപയോഗിച്ച് പടുത്തുയർത്തിയ നമ്മുടെ അടിസ്ഥാന സൗകര്യ മേഖലയെ തീർത്തും സൗജന്യമായി തന്നെ കോർപ്പറേറ്റുകൾക്ക് ദാനം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

2019 മുതൽ 3 വർഷ കാലയളവിൽ 1,12,000 ദിവസക്കൂലിക്കാരായ തൊഴിലാളികൾ ആത്മഹത്യ ചെയ്തു. ഇത് രാജ്യത്തെ തൊഴിലെടുക്കുന്ന ജനങ്ങളുടെ ദുരിതത്തിന്റെ അതിദയനീയമായ അവസ്ഥയാണ് പ്രകടമാക്കുന്നത്. കാർഷിക മേഖലയിലെ സാഹചര്യം കഴിഞ്ഞ എട്ടു വർഷങ്ങളിൽ എത്രമാത്രം വിനാശകരമായി എന്നത് ഈ കാലയളവിൽ ഒരു ലക്ഷം കർഷകർ ആത്മഹത്യ ചെയ്തു എന്ന വസ്തുതയിൽ നിന്ന് കൃത്യമായി തന്നെ മനസ്സിലാക്കാവുന്നതാണ്.

സർക്കാർ അംബാനിയെയും അദാനിയെയും പോലുള്ള വലിയ കുത്തക മുതലാളിമാർക്ക് കണക്കറ്റ ആനുകൂല്യങ്ങളാണ് വാരിക്കോരി നൽകുന്നത്. അതേസമയം ബാങ്കിൽ നിന്ന് സ്വന്തം പണം പിൻവലിക്കുന്നതിനു പോലും ജനങ്ങളുടെ മേൽ 18% നികുതി ചുമത്തുകയാണ്. മഹാമാരിയുടെ സമയത്തും അതിസമ്പന്നർ അവരുടെ സമ്പത്ത് കുന്നുകൂട്ടുന്ന പ്രക്രിയ തുടരുകയുണ്ടായി. എത്രത്തോളം ലജ്ജാകരമാണ് രാജ്യത്ത് നിലനിൽക്കുന്ന അസമത്വം എന്നതിനെ തുറന്നുകാട്ടുന്നതാണ് 1% അതിസമ്പന്നർ മൊത്ത ആഭ്യന്തര ഉൽപാദനത്തിന്റെ (GDP) 70%വും സ്വന്തമാക്കുമ്പോൾ താഴെത്തട്ടിലുള്ള 50% ജനങ്ങൾക്ക് 10% ത്തിൽ താഴെയുള്ള വിഹിതം മാത്രമാണ് ലഭിക്കുന്നത് എന്ന കണക്ക്. കഴിഞ്ഞ ഏഴ് വർഷങ്ങളിൽ കേന്ദ്രസർക്കാർ അതിന്റെ ചങ്ങാത്ത മുതലാളിമാരുടെ 10.72 ലക്ഷം കോടി രൂപയോളം ബാങ്ക് വായ്പകളാണ് എഴുതിത്തള്ളിയത്.

ഹിൻഡൻബർഗ് റിപ്പോർട്ട് വെളിപ്പെടുത്തുന്നത് പോലെ സ്വതന്ത്ര ഭാരതം കണ്ട ഏറ്റവും വലിയ സാമ്പത്തിക തിരിമറിയിലൂടെ അദാനി രാജ്യത്തെ പൊതുമേഖല ബാങ്കുകൾക്ക് ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടം വരുത്തി വെച്ചിരിക്കുകയാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാത്രം നഷ്ടം 7800 കോടിയോളം രൂപയാണ്. എന്നാൽ പ്രധാന മന്ത്രിയുടെ തന്നെ നേരിട്ടുള്ള സംരക്ഷണം ലഭിക്കുന്ന അദാനിയെ ചോദ്യം ചെയ്യുന്നതിനു പോലും നാളിതു വരെ ഒരു കേന്ദ്ര ഏജൻസിയും തയ്യാറായിട്ടില്ല.

ആർഎസ്എസ്സിനാൽ നയിക്കപ്പെടുന്ന ഭൂരിപക്ഷ വർഗീയ സംഘടനകളും, ഗൂഢമായി പ്രവർത്തിക്കുന്ന ചെറു സംഘങ്ങളും തുടർച്ചയായി അപ്രസക്തമായ വിഷയങ്ങൾ പ്രചരിപ്പിക്കുകയും ജനങ്ങൾക്കിടയിൽ

മതത്തിന്റെ പേരിൽ പരസ്പര വിദ്വേഷവും വെറുപ്പും വ്യാപകമായി സൃഷ്ടിക്കുകയും ചെയ്യുകയാണ്. തെരഞ്ഞെടുപ്പുകൾ അടുക്കുമ്പോൾ അവർ അക്രമവും ഭീകരതയും അഴിച്ചുവിടും. എതിർക്കുന്നവരെ ഭയപ്പെടുത്തുന്നതിന് വേണ്ടി ബിജെപി ഭരണത്തിലുള്ള സംസ്ഥാന സർക്കാരുകൾ അവരുടെ വസ്തുവകകൾ ബുൾഡോസറുകൾ ഉപയോഗിച്ച് നശിപ്പിക്കുകയാണ്. അടുത്തിടെ ഹരിയാനയിൽ ഗോ സംരക്ഷകർ രണ്ട് ദരിദ്ര കർഷക യുവാക്കളെ ചുട്ടെരിച്ച് കൊല്ലുകയുണ്ടായി.

ഇതിന്റെയൊക്കെ ഫലമായി ന്യൂനപക്ഷ വർഗീയതയും വർദ്ധിക്കുകയാണ്. ഏത് നിറത്തിലുള്ള വർഗീയത ആയാലും അതിന്റെ ലക്ഷ്യം വർഗ്ഗഐക്യത്തെ തടസ്സപ്പെടുത്തുകയും ജനങ്ങളുടെ സാമൂഹിക/ സാമ്പത്തിക ജീവിതത്തിലും സാമൂഹിക സൗഹാർദത്തിലും വിള്ളൽ ഉണ്ടാക്കുകയും ചെയ്യുക എന്നത് തന്നെയാണ്.

ഇത്തരത്തിലുള്ള ബഹുമുഖങ്ങളായ ആക്രമങ്ങൾ ഉണ്ടായിട്ടും തൊഴിലാളികളും, കർഷകരും, കർഷക തൊഴിലാളികളും, രാജ്യത്തെ ഇതര ജനവിഭാഗങ്ങളും ഈ കുത്തകാനുകൂല/വർഗീയ സർക്കാരിനെയും അതിന്റെ വിനാശകരങ്ങളായ നയങ്ങളെയും എതിർക്കുകയും അതിന്റെ ഭാഗമായി നിരവധി പോരാട്ടങ്ങൾ ഈ കാലഘട്ടത്തിൽ വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. തൊഴിലാളി സംഘടനാ പ്രസ്ഥാനത്തിന്റെ സജീവമായ പിന്തുണയോടുകൂടി സംയുക്ത കിസാൻ മോർച്ചയുടെ (SKM) ബാനറിൽ നടന്ന ഐതിഹ്യമായ കർഷക സമരം കുപ്രസിദ്ധങ്ങളായ കർഷക നിയമങ്ങൾ പിൻവലിക്കുന്നതിന് മോദി സർക്കാരിനെ നിർബന്ധിതമാക്കി. മഹാരാഷ്ട്രയിൽ വിദ്യുച്ഛക്തി മേഖലയിലെ ജീവനക്കാർ ഇക്കൊല്ലം നടത്തിയ പ്രക്ഷോഭത്തിലൂടെ വൈദ്യുതിയുടെ വിതരണം അദാനിയെ ഏൽപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം പിൻവലിപ്പിക്കുന്നതിൽ വിജയിച്ചു. പ്രശ്നങ്ങൾ മുന്നോട്ടുവെച്ചുകൊണ്ടുള്ള കർഷകരുടെയും കർഷക തൊഴിലാളികളുടെയും വിവിധ സംസ്ഥാനങ്ങളിലെ പ്രക്ഷോഭങ്ങളും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ജനങ്ങളുടെ നിശ്ചയദാർഢ്യത്തെ എടുത്തു കാട്ടുന്ന ഐക്യ സമരങ്ങൾ ആയിരുന്നു.

തൊഴിലാളികളും കർഷകരും കർഷക തൊഴിലാളികളും മാത്രമല്ല അവരോടൊപ്പം യുവജനങ്ങളും വിദ്യാർത്ഥികളും സ്ത്രീകളും മറ്റ് നിരവധി വിഭാഗങ്ങളും ഇന്ന് തൊഴിൽ, ഭക്ഷണത്തിനും വിദ്യാഭ്യാസത്തിനും ആരോഗ്യ പരിരക്ഷിക്കും വേണ്ടിയുള്ള അവകാശം, പാർപ്പിടം, സാമൂഹ്യനീതി, ജനാധിപത്യ അവകാശങ്ങളുടെയും രാജ്യത്തിന്റെ മതനിരപേക്ഷ സ്വഭാവത്തിന്റെയും സംരക്ഷണം എന്നിവയ്ക്കായി പോരാടുകയാണ്. ഈ പോരാട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സിഐടിയു, കിസാൻസഭ, അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ അടിസ്ഥാന ഉൽപാദക വർഗ്ഗങ്ങളായ തൊഴിലാളികളുടെയും, കർഷകരുടെയും, കർഷക തൊഴിലാളികളുടെയും ഐക്യം കെട്ടിപ്പടുക്കുന്നതിൽ നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.




**2023 ഏപ്രിൽ 5**
**കൊടുങ്കാറ്റിന്റെ കരുത്തോടെ ഡൽഹിയിലേക്ക്**

കോർപ്പറേറ്റുകളും വർഗീയ ഭരണവർഗവും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് ജനങ്ങളുടെ ജീവനോപാധികൾക്ക് മേൽ നിശിതമായ ആക്രമണം അഴിച്ചുവിടുന്ന ഈ സമയത്ത് അതിനെതിരെ പ്രതിരോധം തീർക്കുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമുള്ള ഒരു കാര്യമാണ്. ജനങ്ങളുടെ കരുത്തും ഇച്ഛാശക്തിയും വിളിച്ചറിയിക്കുന്ന വിധത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും താല്പര്യങ്ങൾ ഉൾക്കൊള്ളുന്ന ആവശ്യങ്ങളുമായി രാജ്യത്തിന്റെ തലസ്ഥാനത്ത് കൊടുങ്കാറ്റിന്റെ ശക്തിയോടെ അണിനിരക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

ഈ ആവശ്യങ്ങൾക്ക് വേണ്ടി പോരാടുന്നതിനും നവ ഉദാരവൽക്കരണ/ വർഗീയ/ഏകാധിപത്യ ആർഎസ്എസ്ബിജെപി ഭരണകൂടത്തെ പരാജയപ്പെടുത്തുന്നതിനും വേണ്ടി ഒരുമിച്ച് നിലകൊള്ളുവാൻ രാജ്യത്താകെയുള്ള തൊഴിലാളികളോടും കർഷകരോടും കർഷകത്തൊഴിലാളികളോടും ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്. രാജ്യത്തിലെ പുരോഗമന ചിന്താഗതിക്കാരും, ജനാധിപത്യ വിശ്വാസികളും, ദേശസ്നേഹികളും ആയ എല്ലാവരും രാജ്യത്തെയും ജനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള ഈ പരിശ്രമത്തിന് പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

കൊടുങ്കാറ്റിന്റെ കരുത്തോടെ 2023 ഏപ്രിൽ 5ന് നമുക്ക് ഡൽഹിയിൽ അണിനിരക്കാം

**മസ്ദൂർ കിസാൻ സംഘർഷ് റാലി സിന്ദാബാദ്**

▼

**സിഐടിയു കേരള കർഷക സംഘം കെഎസ്കെടിയു**

# ജനാധിപത്യം സ്വപ്നമാകുന്ന ഇന്ത്യ
# മാധ്യമസ്വാതന്ത്ര്യം നഷ്ടമാകുന്ന ഇന്ത്യ

**ഇടതുപക്ഷത്തിന് ലഭ്യമായ ഭരണത്തുടർച്ച സംഘപരിവാറിനെയും അവരോടൊപ്പം ഇടതുപക്ഷവിരുദ്ധത പങ്കിടുന്ന സർവ്വ വലതുപക്ഷശക്തികളെയും പ്രകോപിതരാക്കിയിട്ടുണ്ട്. കോർപ്പറേറ്റ് മാധ്യമങ്ങൾ വലതുപക്ഷത്തിന്റെ തീവ്രമായ ഇടതുപക്ഷവിരുദ്ധതയ്ക്ക് ആവശ്യമായ വാർത്തകളുടെയും വാർത്താകഥകളുടെയും വ്യാജനിർമ്മിതികളിലൂടെ ഇടതുപക്ഷപ്രസ്ഥാനങ്ങളെയും കേരളസർക്കാരിനെയും താറടിച്ചുകാണിക്കാനുള്ള നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമാണ് ഏഷ്യാനെറ്റ് രാസലഹരിക്ക് അടിപ്പെട്ട പെൺകുട്ടിയുടെ ഒരു വ്യാജ അഭിമുഖം ഷൂട്ട് ചെയ്ത് ജനങ്ങൾക്കിടയിൽ സംഭ്രാന്തി സൃഷ്ടിക്കാൻ നടത്തിയ മാധ്യമവേല.**



കെ.ടി.കുഞ്ഞിക്കണ്ണൻ



ഇന്ത്യ അതിവേഗം ജനാധിപത്യമുഖം നഷ്ടപ്പെട്ട് സ്വേച്ഛാധിപത്യത്തിലേക്ക് പതിക്കുകയാണെന്നാണ് രാജ്യാന്തര ഏജൻസികളും മനുഷ്യാവകാശസംഘടനകളും തുടർച്ചയായി അവരുടെ റിപ്പോർട്ടുകളിലൂടെ ലോകത്തെ അറിയിച്ചുകൊണ്ടിരിക്കുന്നത്. ഒരുഭാഗത്ത് ജി20യുടെ അധ്യക്ഷപദവിലെത്തിയ നരേന്ദ്രമോഡി വിശ്വഗുരുവാണെന്നൊക്കെയുള്ള ബി.ജെ.പിയുടെ പ്രചരണം പൊടിപൊടിക്കുമ്പോഴാണ്, ഇന്ത്യയിൽ ഏറ്റവും വഷളായ ഏകാധിപത്യഭരണമാണെന്ന് രാജ്യാന്തരസമൂഹത്തെ പ്രതിനിധീകരിക്കുന്ന വസ്തുതാന്വേഷണകേന്ദ്രങ്ങൾ അഭിപ്രായപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഈയൊരു പശ്ചാത്തലത്തിൽനിന്നുമാവണം കേരളത്തിലെ മുഖ്യധാരാമാധ്യമങ്ങളുടെ ഇടതുപക്ഷവിരുദ്ധപ്രചാരണങ്ങളെയും അതിനായുള്ള വ്യാജവാർത്താനിർമ്മിതികളെയും ചർച്ച ചെയ്യുന്നത്. കേരളം ജീവിക്കാൻകൊള്ളാത്ത സ്ഥലമാണെന്നും മയക്കുമരുന്നിന്റെ തലസ്ഥാനമാണെന്നുമൊക്കെയുള്ള പ്രചാരണം കഴിഞ്ഞകുറേക്കാലമായി സംഘപരിവാർ അജണ്ടയിൽ പ്രവർത്തിക്കുന്ന ഗവർണർതൊട്ടുള്ളവർതന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. കോർപ്പറേറ്റ് ഹിന്ദുത്വ നയങ്ങൾക്ക് ബദലാവുന്ന വികസനസമീപനവും മതേതരരാഷ്ട്രീയവും ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷസർക്കാരിനെയും കേരളീയസമൂഹത്തെയും ലോകത്തിനുമുമ്പിൽ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങളാണ് പ്രധാനമന്ത്രി മോഡി മുതൽ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ വരെ നടത്തിക്കൊണ്ടിരിക്കുന്നത്.

നീതിആയോഗിന്റെയും ഔദ്യോഗിക ഏജൻസികളുടെയും എല്ലാ പഠനങ്ങളും മനുഷ്യജീവിതഗുണനിലവാരത്തിലും മറ്റെല്ലാ സാമൂഹ്യസൂചകങ്ങളിലും കേരളം ഒന്നാം സ്ഥാനത്താണെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യക്കാകെ മാതൃകയാവുന്ന മതനിരപേക്ഷതയും സമുദായമൈത്രിയും ഉയർത്തിപ്പിടിക്കുന്നതുകൊണ്ടുതന്നെയാണ് ബി.ജെ.പിക്ക് കേരളത്തിൽ നിലയുറപ്പിക്കാൻ കഴിയാതെപോയത്. ഇടതുപക്ഷത്തിന് ലഭ്യമായ ഭരണത്തുടർച്ച സംഘപരിവാറിനെയും അവരോടൊപ്പം ഇടതുപക്ഷവിരുദ്ധത പങ്കിടുന്ന സർവ്വവലതുപക്ഷശക്തികളെയും പ്രകോപിതരാക്കിയിട്ടുണ്ട്. കോർപ്പറേറ്റ് മാധ്യമങ്ങൾ വലതുപക്ഷത്തിന്റെ തീവ്രമായ ഇടതുപക്ഷവിരുദ്ധതയ്ക്ക് ആവശ്യമായ വാർത്തകളുടെയും വാർത്താകഥകളുടെയും വ്യാജനിർമ്മിതികളിലൂടെ ഇടതുപക്ഷപ്രസ്ഥാനങ്ങളെയും കേരളസർക്കാരിനെയും താറടിച്ചുകാണിക്കാനുള്ള നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

അതിന്റെ ഭാഗമാണ് ഏഷ്യാനെറ്റ് രാസലഹരിക്ക് അടിപ്പെട്ട പെൺകുട്ടിയുടെ ഒരു വ്യാജ അഭിമുഖം ഷൂട്ട് ചെയ്ത് ജനങ്ങൾക്കിടയിൽ സംഭ്രാന്തി സൃഷ്ടിക്കാൻ നടത്തിയ മാധ്യമവേല. മാധ്യമധാർമികതയുടെ സർവ്വ അതിരുകളും കൈവിട്ട് ഏത് മാർഗമുപയോഗിച്ചും ഇടതുപക്ഷത്തെ അപകീർത്തിപ്പെടുത്തുകയും തങ്ങളുടെ റെയ്റ്റിംഗ് വർദ്ധിപ്പിക്കുകയും ചെയ്യുകയെന്ന താൽപര്യമാണ് ഇത്തരം നീക്കങ്ങൾക്ക് പിറകിലുള്ളത്. ഇത് മാധ്യമസ്വാതന്ത്ര്യത്തിനുതന്നെ ഭീഷണിയാവുന്ന കോർപ്പറേറ്റ് അജണ്ടയിൽനിന്നുള്ള പ്രചാരണതന്ത്രമാണെന്ന്തിരിച്ചറിയേണ്ടതുണ്ട്.

നരേന്ദ്രമോഡി ഭരണത്തിനുകീഴിൽ ലോകത്തിലെ ഏറ്റവും മോശപ്പെട്ട ഏകാധിപത്യം നിലനിൽക്കുന്ന രാജ്യങ്ങളിലൊന്നായി ഇന്ത്യ പരിണമിച്ചുവെന്നാണ് സ്വീഡൻ ഗോതെൻബർഗ് സർവ്വകലാശാലയിലെ വിഡെം ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ പറയുന്നത്. 2021ലെ അവരുടെ റിപ്പോർട്ടിൽ തെരഞ്ഞെടുപ്പിലൂടെ ഏകാധിപത്യം വന്ന രാജ്യമാണ് ഇന്ത്യയെന്നാണ് വിശേഷിപ്പിച്ചിരുന്നത്. 2021ൽ തന്നെ

**സ്വതന്ത്രമായ, ജനാധിപത്യപരമായ ആശയ പ്രകടനവേദിയെന്ന നിലയിലുള്ള ഇന്റർനെറ്റ് മേഖലയെക്കൂടി നിയന്ത്രിക്കാനുള്ള നീക്കമാണ് മോഡി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അച്ചടി, ടി.വി രംഗത്തുള്ള ലൈസൻസ് നിയന്ത്രണങ്ങൾ ഇന്റർനെറ്റ് രംഗത്തും നടപ്പാക്കുകയാണ്. ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യവും ജനാധിപത്യവും സ്വപ്നമായി തീരുന്നുവെന്നാണ് അന്താരാഷ്ട്ര ഏജൻസികൾ നിരീക്ഷിക്കുന്നത്.**



**സ്വതന്ത്ര ജേർണലിസത്തിനുമേൽ ഭരണകൂടം നടത്തുന്ന കടന്നാക്രമണത്തിന്റെയും അടിച്ചമർത്തലിന്റെയും മറുപുറമാണ് മാധ്യമങ്ങളുടെ കോർപ്പറേറ്റുവൽക്കരണം. ഭീമമായ ലാഭം കൊയ്യുന്ന അതിനായി മാത്രം ആഗ്രഹിക്കുന്ന കോർപ്പറേറ്റുകളുടെ കൈകളിലേക്ക് മാധ്യമ ഉടമസ്ഥത അഭൂതപൂർവ്വമായതോതിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മാധ്യമങ്ങൾ കൊള്ളലാഭക്കാരായ അദാനിമാരുടെ കൈകളിലൊതുങ്ങുമ്പോൾ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് അഭിപ്രായ രൂപീകരണം നടത്തുക സ്വാഭാവികം മാത്രം.**

പുറത്തുവന്ന വാഷിംഗ്ടൺ ഡി.സി ആസ്ഥാനമായ ഫ്രീഡം ഹൗസ് റിപ്പോർട്ടിൽ ഇന്ത്യ ഏറ്റവും മോശപ്പെട്ട ഏകാധിപത്യ വാഴ്ചയിലേക്ക് നിപതിച്ചിരിക്കുന്നുവെന്നാണ് പറഞ്ഞത്. 2022 ലെ ലോകമാധ്യമസൂചികയിൽ ഇന്ത്യ 142ാം സ്ഥാനത്തേക്ക് കൂപ്പുകുത്തി. വിഡെം റിപ്പോർട്ട് വിശദീകരിക്കുന്നത് വ്യാജ വാർത്താ പ്രചാരണം, സാമുദായിക ധ്രുവീകരണം, ഏകാധിപത്യവൽക്കരണം എന്നിവ പരസ്പരബന്ധിതമായ അത്യന്തം പ്രതിലോമപരമായ പ്രവണതയാണെന്നാണ്. വിഭജനവും വിദ്വേഷവും സൃഷ്ടിക്കാൻ മാധ്യമങ്ങളെയാകെ വരുതിയിലാക്കിയുള്ള പ്രചാരണമാണ് കേന്ദ്രസർക്കാരും സംഘപരിവാർ സംഘടനകളും നടത്തിക്കൊണ്ടിരിക്കുന്നത്.

ഇസ്ലാമോഫോബിയ പടർത്തി ഭൂരിപക്ഷ മതധ്രുവീകരണമുണ്ടാക്കിയാണ് ബി.ജെ.പി തെരഞ്ഞെടുപ്പുകളിൽ ജയിക്കുന്നത്. ഇതിനായി തുടർച്ചയായി വർഗീയധ്രുവീകരണമുണ്ടാക്കുകയെന്ന പ്രചാരണതന്ത്രമാണ് അവർ സ്വീകരിച്ചിരിക്കുന്നത്. വ്യാജവാർത്തകൾ സൃഷ്ടിച്ചും വിപുലമായി പ്രചരിപ്പിച്ചുമാണ് ജനങ്ങൾക്കിടയിൽ വർഗീയവിഭജനവും ധ്രുവീകരണവും ഉണ്ടാക്കുന്നത്. 2014നുശേഷം തങ്ങൾക്ക് ലഭ്യമായ ഭരണാധികാരത്തിന്റെ സൗകര്യമുപയോഗിച്ച് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വർഗീയവിഭജനം സൃഷ്ടിക്കാനുള്ള ആസൂത്രിത നീക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തീർത്തും ഏകാധിപത്യപരമായ നിലയിലാണ് മോഡി സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് ഈ അന്താരാഷ്ട്ര റിപ്പോർട്ടുകളെല്ലാം നിരീക്ഷിക്കുന്നത്. രാഷ്ട്രീയ പ്രതിപക്ഷത്തെ ഇല്ലായ്മ ചെയ്യാൻ ഏത് കുത്സിതമാർഗവും ഉപയോഗിക്കുന്നു. പറ്റാവുന്നവരെ വിലകൊടുത്ത് പോലും വാങ്ങിക്കുന്നു.

കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുന്നതോടൊപ്പം പല സംസ്ഥാനങ്ങളിലും ബി.ജെ.പി പ്രവർത്തകർ പ്രതിപക്ഷ പാർടി പ്രവർത്തകരെ ശാരീരികമായി അക്രമിക്കുന്നു. ബി.ജെ.പിയെയും സംഘപരിവാറിനെയും വിമർശിക്കുന്ന ബുദ്ധിജീവികളെയും കലാകാരന്മാരെയും മാധ്യമപ്രവർത്തകരെയും മനുഷ്യാവകാശപ്രവർത്തകരെയും കള്ളക്കേസുകളിൽ കുടുക്കി തടവറകളിലടക്കുന്നു. യു.എ.പി.എ ഉപയോഗിച്ച് വേട്ടയാടുന്നു. അന്താരാഷ്ട്ര ഏജൻസികൾ ചൂണ്ടിക്കാണിക്കുന്നത് വന്ദ്യവയോധികനായ ഫാദർ സ്റ്റാൻസാമി ജുഡീഷ്യൽ കസ്റ്റഡിയിൽ മരിച്ച സംഭവം പല റിപ്പോർട്ടുകളും ഇന്ത്യ എത്തപ്പെട്ട ഭീകരമായ മനുഷ്യാവകാശധ്വംസനങ്ങൾക്കും ഭരണകൂട ഭീകരതയ്ക്കും ഉദാഹരണമായി എടുത്തുകാണിക്കുന്നു. ചങ്ങാത്ത മുതലാളിത്ത കൊള്ളയെയും മോഡി സർക്കാരിന്റെ കുറ്റകരമായ ചങ്ങാത്ത മുതലാളിത്ത ബന്ധങ്ങളെയും തുറന്നുകാണിക്കുന്ന മാധ്യമപ്രവർത്തകരെ വേട്ടയാടുന്നു.

മാധ്യമസ്ഥാപനങ്ങളെ കോർപ്പറേറ്റുകൾ വിഴുങ്ങുകയാണ്. ജനാധിപത്യത്തിന്റെ നാലാം തൂണ് മോഡി ഭരണത്തിനുകീഴിൽ ചങ്ങാത്ത മുതലാളിത്തത്തിന്റെ പിടിയില

മരുന്നു. സ്വതന്ത്ര ജേർണലിസത്തിനുമേൽ ഭരണകൂടം നടത്തുന്ന കടന്നാക്രമണത്തിന്റെയും അടിച്ചമർത്തലിന്റെയും മറുപുറമാണ് മാധ്യമങ്ങളുടെ കോർപ്പറേറ്റുൽക്കരണം. ഭീമമായ ലാഭം കൊയ്യുന്ന അതിനായി മാത്രം ആഗ്രഹിക്കുന്ന കോർപ്പറേറ്റുകളുടെ കൈകളിലേക്ക് മാധ്യമ ഉടമസ്ഥത അഭൂതപൂർവ്വമായതോതിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മാധ്യമങ്ങൾ കൊള്ളലാഭക്കാരായ അദാനിമാരുടെ കൈകളിലൊതുങ്ങുമ്പോൾ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് അഭിപ്രായ രൂപീകരണം നടത്തുക സ്വാഭാവികം മാത്രം.

ബി.ജെ.പി സർക്കാരിനെതിരെ താരതമ്യേന ശക്തമായ നിലപാട് സ്വീകരിച്ചിരുന്ന എൻ.ഡി.ടി.വി കുത്സിത മാർഗങ്ങളിലൂടെയാണ് അദാനി പിടിച്ചടക്കിയത്. കേന്ദ്രസർക്കാരിന് പൂർണമായും വിധേയപ്പെടാത്ത ഒരേയൊരു സ്ഥാപനമായ എൻ.ഡി.ടി.വി അദാനിയുടെ ഉടമസ്ഥതയിലെത്തിയതോടുകൂടി അവർകൂടി മോഡി സ്തുതിപാഠകരായി അധഃപതിച്ചു. ന്യൂസ് 18 നെറ്റ്വർക്ക്, ഇ.ടി.വി, സി.എൻ.ബി.സി ചാനലുകൾ, ഫോർബിക് ഇന്ത്യ ഓവർസ്ക്രൈപ്പ് മാഗസിനുകൾ, നിരവധി ഓൺലൈൻ പോർട്ടലുകൾ എന്നിവയെല്ലാം റിലയൻസ് ഗ്രൂപ്പിന്റെ പിടിയിലാണ്. പ്രശസ്ത ഹിന്ദി ചാനലായ ആജ്തക്, ഇന്ത്യാടുഡേ, ബിസിനസ് ടുഡേ ചാനലുകൾ ടി.വി ടുഡേ നെറ്റ്വർക്കിന്റേതാണ്. ഇംഗ്ലീഷ് ചാനലുകളാണ് ടൈംസ്നൗ, റിപ്പബ്ലിക്കും പരസ്യമായി ബി.ജെ.പിയെ പിന്തുണയ്ക്കുന്ന ചാനലുകളാണ്.

മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തിനുനേരെ ഉയരുന്ന ഏറ്റവും വലിയ ഭീഷണി കോർപ്പറേറ്റ് ഉടമസ്ഥതയും ചങ്ങാത്ത ഭരണകൂടവുമാണെന്ന് ഇന്ത്യൻ മാധ്യമരംഗത്തെക്കുറിച്ചുള്ള നിരവധി പഠനങ്ങൾ കാണിക്കുന്നു. തങ്ങളെ എതിർക്കുന്ന മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കുംനേരെ ഭീകരമായ ആക്രമണങ്ങളാണ് കേന്ദ്രസർക്കാരും ബി.ജെ.പിയും അഴിച്ചുവിടുന്നത്. ഇക്കാര്യങ്ങളെല്ലാം റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് പ്രസിദ്ധീകരിച്ച ലോകമാധ്യമസൂചികയിൽ പറയുന്നുണ്ട്. 2022 ൽ മാധ്യമസൂചികയിൽ ഇന്ത്യയുടെ സ്ഥാനം 150 ആണെന്നാണ്. കോവിഡ് ലോക്ഡൗൺ നാളുകളിൽ ഇന്ത്യയിൽ 5 കോടി തൊഴിലാളികൾ പലായനം ചെയ്യുവെന്നും ഇക്കാലത്ത് 50 ലക്ഷം മനുഷ്യർ ഇന്ത്യയിൽ മരണമടഞ്ഞുവെന്നും ലോകാ




**മാധ്യമങ്ങളുടെ സ്വാതന്ത്ര്യത്തിനുനേരെ ഉയരുന്ന ഏറ്റവും വലിയ ഭീഷണി കോർപ്പറേറ്റ് ഉടമസ്ഥതയും ചങ്ങാത്ത ഭരണകൂടവുമാണ്. തങ്ങളെ എതിർക്കുന്ന മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കും നേരെ ഭീകരമായ ആക്രമണങ്ങളാണ് കേന്ദ്രസർക്കാരും ബി.ജെ.പിയും അഴിച്ചുവിടുന്നത്**

രോഗ്യസംഘടനയുടെ റിപ്പോർട്ടുകളെ ആധാരമാക്കി ഇക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലി പുറത്തുകൊണ്ടുവന്ന റിപ്പോർട്ട് നൽകാൻ ഇന്ത്യയിലെ മുഖ്യധാരാ മാധ്യമങ്ങൾ ചരമകോളത്തോളം സ്ഥലം പോലും നീക്കിവെച്ചില്ല എന്നതാണ് പേടിപ്പെടുത്തുന്ന യാഥാർത്ഥ്യം.

വാർത്ത നൽകിയ ദൈനിക്ജാഗരൺ എന്ന പത്രത്തിന്റെ ഓഫീസ് മണിക്കൂറുകൾക്കകം ആദായനികുതി ഉദ്യോഗസ്ഥരെക്കൊണ്ട് റെയ്ഡ് നടത്തിച്ചു. 500 കോടി രൂപയാണ് അവർക്ക് പിഴ ചുമത്തിയത്. മോഡി സർക്കാരിനെ പ്രത്യയശാസ്ത്രപരമായി തന്നെ പിന്തുണക്കുന്ന ടൈംസ് ഓഫ് ഇന്ത്യ വിമർശനാത്മകമായ ഒരു എഡിറ്റോറിയൽ എഴുതിയതിന്റെ പേരിലാണ് അവരുടെ ഓഫീസിൽ ഇ.ഡി റെയ്ഡ് നടത്തിയത്. സ്വതന്ത്രമായ, ജനാധിപത്യപരമായ ആശയപ്രകടന വേദിയെന്ന നിലയിലുള്ള ഇന്റർനെറ്റ് മേഖലയെക്കൂടി നിയന്ത്രിക്കാനുള്ള നീക്കമാണ് മോഡി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അച്ചടി, ടി.വി രംഗത്തുള്ള ലൈസൻസ് നിയന്ത്രണങ്ങൾ ഇന്റർനെറ്റ് രംഗത്തും നടപ്പാക്കുകയാണ്. ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യവും ജനാധിപത്യവും സ്വപ്നമായി തീരുന്നുവെന്നാണ് അന്താരാഷ്ട്ര ഏജൻസികൾ നിരീക്ഷിക്കുന്നത്.●



സി.പി.ചന്ദ്രശേഖർ/ജയതി ഘോഷ്

# താത്കാലിക ജീവനക്കാരെ കാത്തുനിൽക്കുന്നത് അശോഭനമായ കാലഘട്ടം

## മഹാമാരിക്ക് മുൻപ് തന്നെ കുറയുവാൻ തുടങ്ങിയ താൽക്കാലിക ജീവനക്കാരുടെ വേതനം മഹാമാരിക്കാലത്ത് കൂടുതൽ ഇടിയുകയാണുണ്ടായത്. അതിനുശേഷം സ്ഥിതിഗതികൾ ഒട്ടുംതന്നെ മെച്ചപ്പെട്ടിട്ടില്ല.



പൊതു ഇടപെടലിന് ആവശ്യമായത്ര സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ പക്കൽ ഇല്ലാത്തത് കാരണം നമ്മുടെ സമ്പത്ഘടനയെ സംബന്ധിച്ചിടത്തോളം നയ രൂപീകരണം എന്നത് ഇരുട്ടിൽ നിറയൊഴിക്കുന്നതിന് സമാനമായ പ്രക്രിയയായി ഇന്ന് കൂടുതൽ കൂടുതൽ മാറിക്കൊണ്ടിരിക്കുകയാണ്. അനൗപചാരിക മേഖലയുടെ വളരെ വലിയ സാന്നിധ്യമുള്ള സമ്പദ് വ്യവസ്ഥകളുടെ സാമ്പത്തികവും അല്ലാത്തതുമായ വിവരങ്ങളുടെ ശേഖരണത്തിന്റെയും അവലോകനത്തിന്റെയും കാര്യത്തിൽ ഒരു വഴികാട്ടി എന്ന് വിശേഷിപ്പിക്കാവുന്ന നമ്മുടെ രാജ്യത്തിൽ ഏറ്റവും അനിവാര്യമായ സ്ഥിതിവിവരകണക്കുകൾ സൂക്ഷിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച നമ്മെ അലോസരപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത്.

ഒരുകാലത്ത് അഭിമാനമായി കരുതപ്പെട്ടിരുന്ന ഒരു സ്ഥിതിവിവരക്കണക്ക് സംവിധാനത്തിന് ദാരുണമായ പതനം സംഭവിച്ചു എന്നത് മാത്രമല്ല ഇതിന്റെ അനന്തരഫലം. തെളിവിന്റെ അടിസ്ഥാനത്തിലുള്ള നയ രൂപീകരണത്തിന് ഇത് തടസ്സം സൃഷ്ടിക്കുകയാണ്. എന്തിന് ഇന്ത്യയിലെ ജനങ്ങളുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ

അഭാവത്തിലേക്ക് പോലും ഇത് നയിക്കുകയാണ്.

ഉദാഹരണത്തിന് ജനങ്ങളുടെ ഉപഭോഗവുമായി ബന്ധപ്പെട്ട, അതുകൊണ്ടുതന്നെ ദാരിദ്ര്യത്തെയും അസമത്വത്തെയും സംബന്ധിച്ചുള്ള, വിശ്വസനീയമായ കണക്കുകൾ നമ്മുടെ പക്കലില്ല. ഈ വിവരങ്ങൾ ലഭ്യമാക്കിയിരുന്ന ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ വിപുലമായ സർവ്വേകൾ 5 വർഷത്തിലൊരിക്കൽ നടത്തുവാനാണ് ഉദ്ദേശിച്ചിരുന്നത്. ഈ സർവ്വേകൾ എല്ലാവർഷവും നടത്തണം എന്നതിനെക്കുറിച്ച് ചർച്ചകൾ നടക്കുകയും ചെയ്തിരുന്നു. എന്നാൽ 2017-18ൽ നടന്ന ഏറ്റവും ഒടുവിലത്തെ സർവ്വേയെ ദേശീയ സർവ്വേ കമ്മീഷൻ അംഗീകരിച്ചിട്ടുപോലും കേന്ദ്രസർക്കാർ നിരാകരിക്കുകയാണുണ്ടായത്. സർവ്വേയുടെ ഫലങ്ങൾ ഔദ്യോഗികമായി പുറത്തുവിട്ടതുമില്ല. (പ്രസ്തുത സർവ്വേയുടെ ചോർന്നുകിട്ടിയ ഒരു ഭാഷ്യത്തിൽ ഗ്രാമീണ ഉപഭോഗ ചിലവ് 2011-12 നും 2017-18നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ കുറഞ്ഞു എന്ന സൂചനയുണ്ടായിരുന്നു)

### സ്ഥിതി വിവരക്കണക്കുകളിലെ അന്തരം

കേന്ദ്രസർക്കാർ ഉടനടി തന്നെ പുതിയൊരു സർവ്വേ നടത്തുവാനുള്ള നടപടിയെടുക്കും എന്നാണ് പ്രതീക്ഷിക്കപ്പെട്ടിരുന്നത്. എന്നാൽ നാളിതുവരെ അത് സംഭവിച്ചിട്ടില്ല. അതുകൊണ്ട് കുടുംബങ്ങളുടെ ഉപഭോഗ ചിലവുകളെക്കുറിച്ച് വിശ്വസനീയമായ വിവരങ്ങൾ ലഭിക്കുന്നതിന് നമുക്ക് ആശ്രയിക്കുവാൻ പറ്റുന്ന ഏറ്റവും പുതിയ സ്രോതസ്സ് 201112ലെതാണ്. നീണ്ട 12 കൊല്ലങ്ങൾക്ക് മുൻപുള്ളത്.

10 വർഷത്തിലൊരിക്കൽ നടത്തുന്ന ജനസംഖ്യാ കണക്കെടുപ്പ് ആദ്യം കോവിഡ് മഹാമാരിയെ കാരണമാക്കിയും പിന്നീട് കൃത്യമായ തീയതികൾ നിശ്ചയിക്കാതെ അനന്തമായും നീട്ടിക്കൊണ്ട് പോകുന്നതിനാൽ രാജ്യത്ത് ജീവിക്കുന്നവരുടെ എണ്ണം, വയസ്സ്, ലിംഗം, ഉപജീവനമാർഗ്ഗം, അടിസ്ഥാന ജീവിത സാഹചര്യങ്ങൾ, എവിടെയൊക്കെയാണ് ജനങ്ങൾ ജീവിക്കുന്നത് എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ പോലും നമുക്ക് അറിയില്ല.

ഇതിന്റെ ഫലമായി നയ രൂപീകർത്താക്കളും നടപ്പിലാക്കുന്നവരും 2011ൽ നടന്ന ജനസംഖ്യാ കണക്കെടുപ്പിലെ വിവരങ്ങളിൻമേൽ കൂട്ടിച്ചേർക്കലുകൾ നടത്തുക എന്ന സംശയാസ്പദവും തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള സാധ്യതകൾ നിറഞ്ഞതുമായ സ്രോതസ്സിനെ ആശ്രയിക്കുവാൻ നിർബന്ധിക്കപ്പെടുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയിലും രാഷ്ട്രീയ/സാമൂഹിക സാഹചര്യങ്ങളിലും ഉണ്ടായിട്ടുള്ള വലിയ മാറ്റങ്ങൾ ജനസംഖ്യാപരമായ പ്രവണതകളെ നിർണായകമായി സ്വാധീനിച്ചിരിക്കാം. എന്നാൽ ഇതിനെക്കുറിച്ച് ഇപ്പോൾ നമുക്ക് യാതൊരു അറിവുമില്ല.

ഇതുകാരണം മഹാമാരിയും, അടച്ചു പൂട്ടലുകളും പിന്നീട് ഭക്ഷ്യവസ്തുക്കളുടെയും ഇന്ധനത്തിന്റെയും വിലക്കയറ്റം രൂക്ഷമായതും എങ്ങനെയാണ് ജനങ്ങളുടെ ഉപഭോഗത്തെയും, വരുമാനത്തെയും, ദാരിദ്ര്യത്തെയും ബാധിച്ചത് എന്നതിനെക്കുറിച്ചും നമുക്ക് ധാരണയില്ല. സൂക്ഷ്മ സർവ്വേകളും കുടുംബ സർവ്വേകളും പോഷക സൂചകങ്ങൾ കൂടുതൽ മോശമായതായി ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ സാഹചര്യങ്ങളെക്കുറിച്ച് കൂടുതൽ പൊതുവായ ധാരണ സാധ്യമാക്കുന്ന വലിയ സർവ്വേകളുടെ സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ പക്കലില്ല.

NSSO-യുടെ Periodic Labour Force Survey മാത്രമാണ് വലിയ സർവ്വേകളിൽ നിന്നുള്ള വിവരങ്ങൾക്കായി ആശ്രയിക്കാവുന്ന ഇന്ന് അവശേഷിക്കുന്ന പ്രധാനപ്പെട്ട ഒരേയൊരു സ്രോതസ്സ്. ഒരു വർഷത്തിന്റെ നാലു പാദങ്ങളിലും നടക്കുന്ന ഈ സർവ്വേ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിന്റെ നിരക്ക്, തൊഴിലില്ലായ്മാ നിരക്ക്, വേതനം എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നു. ഈ

> **മൊത്തത്തിൽ നോക്കുമ്പോൾ ദൃശ്യമാകുന്ന പ്രവണത ജിഡിപിയിൽ ഉണ്ടാകുന്ന വർധനവിന് അനുസൃതമായി കൂലിയിൽ വർദ്ധനവ് ഉണ്ടാകുന്നില്ല എന്നതാണ്. ഇത് താൽക്കാലിക തൊഴിലാളികളുടെ വിലപേശൽ ശക്തി കൂടുതൽ മോശമായി വരുന്നു എന്നതിനെ ചൂണ്ടിക്കാണിക്കുകയാണ്. അതിനോടൊപ്പം രാജ്യത്ത് അസമത്വം വർദ്ധിച്ചു വരികയാണ് എന്നതിന്റെ മറ്റൊരു സൂചകമായി മാറുകയുമാണ്.**



> നമ്മുടെ രാജ്യത്തിൽ ഏറ്റവും അനിവാര്യമായ സ്ഥിതി വിവരകണക്കുകൾ സൂക്ഷിക്കുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച ഗുരുതരമാണ്. മഹാമാരിയും, അടച്ചു പൂട്ടലുകളും പിന്നീട് ഭക്ഷ്യവസ്തുക്കളുടെയും ഇന്ധനത്തിന്റെയും വിലക്കയറ്റം രൂക്ഷമായതും എങ്ങനെയാണ് ജനങ്ങളുടെ ഉപഭോ ഗത്തെയും, വരുമാനത്തെയും, ദാരിദ്ര്യത്തെയും ബാധിച്ചത് എന്നതിനെക്കുറിച്ചും നമുക്ക് ധാരണയില്ല. ഇന്ത്യയിലെ ജനങ്ങളുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ചുള്ള ശരിയായ ധാരണയുടെ അഭാവത്തിലേക്ക് പോലും ഇത് നയിക്കുകയാണ്.

വിവരങ്ങൾ തൊഴിൽ വിപണിയിൽ എന്താണ് സംഭവിക്കുന്നത്, സ്വയം തൊഴിലുകളുമായി ബന്ധപ്പെട്ട കൂലി, വേതനം, വരുമാനം എന്നിവയുടെ അവസ്ഥയെന്താണ് തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് നമ്മെ കുറച്ചൊക്കെ സഹായിക്കുന്നുണ്ട്.

താൽക്കാലിക തൊഴിലാളികളാണ് കോവിഡ് മഹാമാരിയുടെ കാലത്ത് ഏറ്റവും മോശമായി ബാധിക്കപ്പെട്ടത് എന്നത് പരക്കെ അറിയപ്പെടുന്ന ഒരു വസ്തുതയാണ്. അതുകൊണ്ട് താൽക്കാലിക തൊഴിലാളികളുടെ കൂലിയിൽ മഹാമാരിക്ക് തൊട്ട് മുൻപും, മഹാമാരിക്കാലത്തും, അതിനുശേഷവും ഉണ്ടായ മാറ്റങ്ങളെ കുറിച്ച് പരിശോധിക്കുന്നത് ഗുണകരമായിരിക്കും എന്നാണ് തോന്നുന്നത്.

ഗ്രാമീണ മേഖലയിലും നഗരപ്രദേശങ്ങളിലും മഹാമാരിക്ക് വളരെ മുൻപ് തന്നെ കൂലി ഇടിഞ്ഞു തുടങ്ങിയിരുന്നു. 2019 ജനുവരി മാർച്ചിനും ജൂലൈ സെപ്റ്റംബറിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഗ്രാമീണ മേഖലയിലെ കൂലിയിൽ ഉണ്ടായ ഇടിവ് 9% ആയിരുന്നു. അതേസമയം ഇക്കാലയളവിൽ നഗരപ്രദേശങ്ങളിൽ സംഭവിച്ച ഇടിവ് 6%ത്തോടടുത്ത് മാത്രമായിരുന്നു.

മഹാമാരി തൊഴിൽ വിപണികളിൽ തീർച്ചയായും കനത്ത ആഘാതമാണ് ഏൽപ്പിച്ചത്. 2020ലാകെ കൂലിയിൽ ഇടിവ് സംഭവിക്കുകയുണ്ടായി. 2020 ഒക്ടോബർ-ഡിസംബർ കാലഘട്ടത്തിൽ ഇടിവ് രൂക്ഷമാവുകയു ചെയ്തു. വലിയൊരളവ് വരെ അടച്ചു പൂട്ടലുകൾ പിൻവലിക്കപ്പെട്ടതിന് ശേഷമുള്ള കാലഘട്ടമായിരുന്നു ഇത് എന്നത് നാം ഓർക്കേണ്ടതാണ്. എങ്കിലും അടച്ചു പൂട്ടലുകളുടെയും അതുമായി ബന്ധപ്പെട്ട് ചെറുകിട/സൂക്ഷ്മ സംരംഭങ്ങൾ നാമാവിശേഷം ആയതിന്റെയും ബഹുതല പ്രത്യാഘാതങ്ങൾ ഈ കാലഘട്ടത്തിൽ വളരെയേറെ പ്രകടമായിരുന്നു.

അതിനുശേഷം കൂലിയുടെ കാര്യത്തിൽ ഒരു വീണ്ടെടുപ്പ് ഉണ്ടായി, ഗ്രാമീണ മേഖലയിൽ കൂടുതലായും. എന്നാൽ 2021ന്റെ തുടക്കത്തിലെ വീണ്ടെടുപ്പിന് ശേഷം അത് താരതമ്യേന മരവിച്ച നിലയിൽ തുടരുകയായിരുന്നു. ഇതിന്റെ ഫലമായി 2022 ഏപ്രിൽ-ജൂൺ പാദത്തിലെ ഗ്രാമീണ താൽക്കാലിക തൊഴിലാളികളുടെ കൂലി 2019 ജനുവരി-മാർച്ച് പാദത്തിൽ ഏറ്റവും ഉയർന്ന നിലയിൽ എത്തിയിരുന്ന കൂലിയെ അപേക്ഷിച്ച് 6%ത്തിൽ താഴെ മാത്രം അധികമായിരുന്നു. നഗരങ്ങളിലെ താൽക്കാലിക തൊഴിലാളികളുടെ കൂലിയാകട്ടെ കേവലം 1.2% മാണ് വർദ്ധിച്ചത്. ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ കണക്കുകൾ അനുസരിച്ച് ഈ കാലഘട്ടത്തിൽ മൊത്ത ആഭ്യന്തര ഉൽപാദനത്തിൽ 11%ത്തിന്റെ വർദ്ധനവ് ഉണ്ടായി എന്നത് ശ്രദ്ധേയമാണ്.

ലിംഗത്തിന്റെ അടിസ്ഥാനത്തിലുള്ള കൂലിയുടെ ഇടിവിന്റെ സ്ഥിതി വിവരക്കണക്കുകളിലും മഹാമാരിക്ക് വളരെ മുൻപേ തന്നെ ആരംഭിച്ച ഇടിവ് മഹാമാരിക്കാലത്ത് ഗണ്യമായി വർദ്ധിക്കുകയും അതിനുശേഷം നാമമാത്രമായ വീണ്ടെടുപ്പ് ഉണ്ടാകുകയും ചെയ്തു എന്ന സമാനമായ ചിത്രമാണ്

ദൃശ്യമായത്. താൽക്കാലിക പുരുഷ തൊഴിലാളികളുടെ കൂലിയുടെ വീണ്ടെടുപ്പ് സ്ത്രീ തൊഴിലാളികളുടതിനേക്കാൾ കുറവായിരുന്നു എന്ന രസകരമായ വിവരവും പുറത്തുവന്നിട്ടുണ്ട്.

2022 ഏപ്രിൽ-ജൂൺ പാദത്തിൽ പുരുഷ താൽക്കാലിക തൊഴിലാളികളുടെ കൂലിയിൽ ഉണ്ടായ വർദ്ധനവ് കൂലി അതിന്റെ പാരമ്യതയിൽ എത്തിയിരുന്ന 2019 ജനുവരി -മാർച്ച് പാദത്തെ അപേക്ഷിച്ച് 1.5% മാത്രമായിരുന്നു. അതേസമയം സ്ത്രീ താൽക്കാലിക തൊഴിലാളികളുടെ കൂലിയിൽ 5.2% ഉയർച്ചയുണ്ടായി.

### ലിംഗപരമായ അന്തരം

കൂലിയുമായി ബന്ധപ്പെട്ട ലിംഗപരമായ അന്തരം ഇന്ത്യയിൽ കുറഞ്ഞു വരുന്നതായും കണക്കുകൾ വെളിപ്പെടുത്തുന്നുണ്ട്. ജൂലൈ 2018 ജൂൺ 2019 കാലഘട്ടത്തിൽ ഇന്ത്യയിലെ സ്ത്രീ തൊഴിലാളികൾക്ക് പുരുഷ തൊഴിലാളികൾക്ക് ലഭിച്ചിരുന്നതിന്റെ 63.5% കൂലിയാണ് ലഭിച്ചിരുന്നത്. ജൂലൈ 2021 ജൂൺ 2022 കാലഘട്ടത്തിൽ ഇത് 67.3% ആയി. ഗ്രാമീണ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ കൂലി ഇതേ കാലഘട്ടത്തിൽ പുരുഷ തൊഴിലാളികളുടെ കൂലിയുടെ 64.6%ത്തിൽ നിന്ന് 67.3% ആയി ഉയർന്നു . നഗരപ്രദേശങ്ങളിലെ വർദ്ധനവ് 65.4%ത്തിൽ നിന്ന് 69.3% ആയിരുന്നു. കൂലിയിലെ ഏറ്റവും ഉയർന്ന ലിംഗപരമായ അന്തരം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. അതുകൊണ്ട് സമീപകാലത്തിൽ ഇതിൽ കുറവ് വന്നിട്ടുണ്ട് എങ്കിൽ കൂടിയും ഇപ്പോഴും ലോക ശരാശരിയെക്കാൾ കൂടുതലായ അന്തരമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്.

അതുമാത്രമല്ല സമീപ കാലഘട്ടത്തിൽ സ്ത്രീകളുടെ തൊഴിൽ സേനയിലെ പങ്കാളിത്തം (യഥാർത്ഥത്തിൽ പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണവും തൊഴിൽ ചെയ്യാനുള്ള പ്രായപരിധിക്കുള്ളിൽ വരുന്ന സ്ത്രീകളുടെ സംഖ്യയും തമ്മിലുള്ള അനുപാതം) നേരത്തെ തന്നെ ഉണ്ടായിരുന്ന താഴ്ന്ന നിലയിൽ നിന്ന് വീണ്ടും കീഴ്പ്പോട്ട് പോയിരിക്കുകയാണെന്നും കാണാവുന്നതാണ്. താൽക്കാലിക തൊഴിലാളികളുടെ ശരാശരി കൂലിയിൽ ഉണ്ടായ വർദ്ധവിന്റെ പിന്നിൽ ഏറ്റവും താഴ്ന്ന കൂലിക്ക് ജോലി ചെയ്യുന്നവരിൽ കുറഞ്ഞ എണ്ണം സ്ത്രീകൾക്കു മാത്രമേ സ്വന്തം തൊഴിൽ നിലനിർത്തുന്നതിനോ പുതിയ തൊഴിൽ കണ്ടെത്തുന്നതിനോ കഴിഞ്ഞിട്ടുള്ളൂ എന്ന യാഥാർത്ഥ്യവും കാരണമായി തീർന്നിരിക്കാനുള്ള സാധ്യതയുണ്ട്.




**ലിംഗത്തിന്റെ അടിസ്ഥാനത്തിലുള്ള കൂലിയുടെ ഇടിവിന്റെ സ്ഥിതി വിവരക്കണക്കുകളിലും മഹാമാരിക്ക് വളരെ മുൻപേ തന്നെ ആരംഭിച്ച ഇടിവ് മഹാമാരിക്കാലത്ത് ഗണ്യമായി വർദ്ധിക്കുകയും അതിനുശേഷം നാമമാത്രമായ വീണ്ടെടുപ്പ് ഉണ്ടാകുകയും ചെയ്തു എന്ന സമാനമായ ചിത്രമാണ് ദൃശ്യമായത്. താൽക്കാലിക പുരുഷ തൊഴിലാളികളുടെ കൂലിയുടെ വീണ്ടെടുപ്പ് സ്ത്രീ തൊഴിലാളികളുടതിനേക്കാൾ കുറവായിരുന്നു എന്ന രസകരമായ വിവരവും പുറത്തുവന്നിട്ടുണ്ട്.**

ശ്രദ്ധേയമായ മറ്റൊരു വിഷയം കൂലിയുടെ കാര്യത്തിൽ ഗ്രാമീണ മേഖലയും നഗര പ്രദേശങ്ങളും തമ്മിൽ ഒരു ഏകോപനം ദൃശ്യമാകുന്നു എന്നതാണ്. ജൂലൈ 2018 ജൂൺ 2019 കാലഘട്ടത്തിൽ ഗ്രാമീണ മേഖലയിലെ കൂലി നഗരപ്രദേശങ്ങളിലെ കൂലിയുടെ 77% ആയിരുന്നു എങ്കിൽ ജൂലൈ 2021ജൂൺ 2022 കാലഘട്ടത്തിൽ ഇത് 82.4% ആയി ഉയരുകയാണ് ഉണ്ടായത്. പുരുഷ തൊഴിലാളികളുടെയും സ്ത്രീ തൊഴിലാളികളുടെയും കൂലി പ്രത്യേകം പ്രത്യേകം പരിശോധിച്ചാലും സമാനമായ വർദ്ധനവ് മേൽ സൂചിപ്പിച്ച കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട് എന്ന് കാണാനാകും. ഗ്രാമീണ മേഖലയിലെ പുരുഷന്മാരുടെ കൂലി നഗരപ്രദേശങ്ങളിലെ പുരുഷന്മാരുടെ കൂലിയുടെ 80.5%ത്തിൽ നിന്ന് (ജൂലൈ 2018 ജൂൺ 2019) 85.2% ആയും (ജൂലൈ 2021-ജൂൺ 2022) ഗ്രാമീണ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ കൂലി ഇതേ കാലഘട്ടത്തിൽ 79.5%ത്തിൽ നിന്ന് 82.7% ആയും ആണ് വർദ്ധിച്ചത്.

സ്ത്രീ തൊഴിലാളികളെ അപേക്ഷിച്ച് പുരുഷ തൊഴിലാളികളുടെ കാര്യത്തിലാണ് കൂലിയിലെ ഗ്രാമ നഗര അന്തരം കുറയുന്ന പ്രവണത കൂടുതൽ പ്രകടമായി കാണപ്പെടുന്നത്. ഇത് തീർച്ചയായും ഇതിന്റെ പിന്നിലെ കാരണങ്ങളെ കുറിച്ചും പ്രാദേശികമായ വ്യതിയാനങ്ങളെ കുറിച്ചും കൂടുതൽ പഠനങ്ങൾ അർഹിക്കുന്ന ഒരു വിഷയമാണ്.

മൊത്തത്തിൽ നോക്കുമ്പോൾ ദൃശ്യമാകുന്ന പ്രവണത ജിഡിപിയിൽ ഉണ്ടാകുന്ന വർധനവിന് അനുസൃതമായി കൂലിയിൽ വർദ്ധനവ് ഉണ്ടാകുന്നില്ല എന്നതാണ്. ഇത് താൽക്കാലിക തൊഴിലാളികളുടെ വിലപേശൽ ശക്തി കൂടുതൽ മോശമായി വരുന്നു എന്നതിനെ ചൂണ്ടിക്കാണിക്കുകയാണ്. അതിനോടൊപ്പം രാജ്യത്ത് അസമത്വം വർദ്ധിച്ചു വരികയാണ് എന്നതിന്റെ മറ്റൊരു സൂചകമായി മാറുകയുമാണ്. •

# മാർക്സിന്റെ ഓർമ്മകൾ
# തൊഴിലാളി വർഗത്തിന്റെ ഊർജസ്രോതസ്

വർത്തമാനകാലഘട്ടത്തിൽ കൂടുതൽ പ്രസക്തമായിക്കൊണ്ടിരിക്കുകയാണ് കാറൽ മാർക്സിന്റെ ചിന്തകളും നിഗമനങ്ങളും. മുതലാളിത്തത്തിൽ മൂലധന കേന്ദ്രീകരണം അതിവേഗത്തിലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മുതലാളിത്ത വളർച്ചയുടെ ഇന്നത്തെ ഘട്ടത്തിൽ സമ്പത്ത് ഒരു കൂട്ടം ആളുകളിൽ കേന്ദ്രീകരിക്കുകയാണ്. മാർക്സ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ ഈ നിഗമനം ചൂണ്ടിക്കാണിച്ചിരുന്നു. മാർക്സിന്റെ 140-ാം ചരമവാർഷികമാണ്, 2023 മാർച്ച്. ആധുനിക കാലഘട്ടത്തെ ഇത്രമാത്രം അവഗാഹമായി വിശകലനം ചെയ്ത, ഏവരെയും ഏറെ സ്വാധീനിക്കുകയും ചെയ്ത മറ്റൊരു വ്യക്തിത്വം ഇല്ലെന്ന് തന്നെ പറയാം.

ലോകത്ത് ഉണ്ടാകുന്ന ഓരോ പുതിയ അറിവുകളെയും സ്വാംശീകരിക്കുകയും അവയെ തൊഴിലാളിവർഗ രാഷ്ട്രീയത്തിൽ വിളക്കിച്ചേർത്ത് മാർക്സ് വിശകലനം ചെയ്തു. ഏറെ അറിയപ്പെടുന്നവർ ലോകത്തെ വ്യാഖ്യാനിക്കാൻ മാത്രം ശ്രമിച്ചപ്പോൾ കാറൽമാർക്സ് ലോകത്തെ മാറ്റി മറിക്കാൻ അധ്വാനിക്കുന്ന വർഗത്തിന് സാധിക്കും എന്ന ഇടപെടലാണ് മുന്നോട്ട് വച്ചത്. വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ ഭൗതിക പ്രപഞ്ചമാണ് അടിസ്ഥാനമെന്നും അതിൽ നിന്നും രൂപപ്പെടുന്ന ആശയങ്ങൾക്കും ചിന്തകൾക്കും ഭൗതിക പ്രപഞ്ചത്തെ മാറ്റിമറിക്കാൻ ശേഷിയുണ്ടെന്നും മാർക്സ് വിലയിരുത്തി. ഭൗതിക പ്രപഞ്ചവും ആശയപ്രപഞ്ചവും തമ്മിലുള്ള വൈരുദ്ധ്യാത്മകമായ ബന്ധത്തെ തിരിച്ചറിഞ്ഞ് തത്വശാസ്ത്ര രംഗത്ത് പുതിയ വഴി വെട്ടിതുറക്കുകയായിരുന്നു മാർക്സ്. വർഗസമര സിദ്ധാന്തം, സാമ്പത്തിക സിദ്ധാന്തം വഴി ചൂഷണത്തിന്റെ മുതലാളിത്ത അടിത്തറയെ മാർക്സ് തുറന്നു കാണിച്ചു. മുതലാളിത്തവുമായി മുഖാമുഖം ഏറ്റുമുട്ടുന്നത് തൊഴിലാളിവർഗമാണെന്നും, തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ നനടക്കുന്ന നിരന്തരമായ പോരാട്ടങ്ങളിലൂടെയാണ് ചൂഷണക്രമം അവസാനിപ്പിച്ച് സോഷ്യലിസ്റ്റ് സമൂഹ വ്യവസ്ഥയിലേക്ക് എത്തിച്ചേരുമെന്നും മാർക്സ് വിലയിരുത്തി. മൂലധനം കുന്നുകൂട്ടപ്പെടുന്നത് തൊഴിലാളികളുടെ അധ്വാനത്തെ ചൂഷണം ചെയ്തുകൊണ്ടാണെന്ന് മാർക്സ് വ്യക്തമാക്കി. ദേശീയപ്രശ്നം, സാമ്പത്തികപ്രശ്നം, സ്ത്രീപ്രശ്നം, പരിസ്ഥിതി പ്രശ്നം, ജാതിപ്രശ്നം തുടങ്ങി നാനാവിഷയങ്ങളിൽ മാർക്സിന്റെ ഉൾകാഴ്ച ലോകത്തിന് പകർന്ന് നൽകിയത് പ്രകാശമാനമായ ലോകം കെട്ടിപ്പടുക്കാനുള്ള ആത്മവിശ്വാസമാണ്.



ഇപ്രാവശ്യം മാർക്സിന്റെ ചരമവാർഷികം കടന്നു വരുന്നത് ഇന്ത്യയുടെ സമ്പത്ത് 40 ശതമാനത്തിലേറെയും ജനസംഖ്യയുടെ ഒരു ശതമാനത്തിന്റെ കൈകളിൽ അമർന്നിരിക്കുമ്പോഴാണ്. ജനസംഖ്യയുടെ ഏറ്റവും താഴെയുള്ള 50 ശതമാനത്തിന്റെ കൈവശം വെറും മൂന്ന് ശതമാനം സമ്പത്ത് മാത്രമാണുള്ളത്. മാർക്സിന്റെ നിഗമനങ്ങളുടെ വർത്തമാനപ്രസക്തി വർദ്ധിക്കുകയാണ്.

"ശവകുടീരത്തിൽ നീയുറങ്ങുമ്പോഴും
ഇവിടെ നിൻ വാക്കുറങ്ങാതിരിക്കുന്നു.."

# വൈദ്യുതിക്ക് 50 രൂപ വിലയിട്ട് കേന്ദ്രത്തിന്റെ കോർപറേറ്റ് സേവ

വൈദ്യുതി ആവശ്യകതയും ഉൽപ്പാദനവും തമ്മിലുള്ള അന്തരം ഏറുന്നു. ഈ സാഹചര്യത്തിൽ ഉയർന്ന വിലയ്ക്ക് വൈദ്യുതി വിൽക്കാൻ പുതിയ വിപണി ഉണ്ടാക്കിയത് പ്രതിസന്ധി രൂക്ഷമാക്കും. വൈദ്യുതിക്ഷാമം മറികടക്കാൻ കേന്ദ്രസർക്കാരിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമീഷൻ യൂണിറ്റിന് പരമാവധി 50 രൂപവരെ വില ഈടാക്കാവുന്ന പുതിയ വിപണിക്ക് അനുമതി നൽകിയത്. ഇറക്കുമതി കൽക്കരിയും പ്രകൃതിവാതകവും ഉപയോഗിച്ചുള്ള ഉൽപ്പാദന നിലയങ്ങൾക്കും ബാറ്ററിയിൽ വൈദ്യുതി ശേഖരിക്കുന്ന സ്ഥാപനങ്ങൾക്കും ഈ വിപണിയിൽ കൂടിയ വിലയ്ക്ക് വൈദ്യുതി വിൽക്കാം. മറ്റ് ഉൽപ്പാദന നിലയങ്ങളെയും ഘട്ടംഘട്ടമായി ഈ വിപണിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള സാധ്യതയുണ്ട്. ഇറക്കുമതി കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് വിദേശത്ത് കൽക്കരി ഖനികളുള്ള അദാനി ഉൾപ്പെടെയുള്ള വൻകിട കോർപറേറ്റ് കമ്പനികളെ സഹായിക്കാനാണ് മോദി സർക്കാർ ഇത്തരമൊരു നിർദേശം മുന്നോട്ടുവച്ചത്.



വൈദ്യുതി വിറ്റുവരവു നടക്കുന്ന പവർ എക്സ്ചേഞ്ചിൽ നാലുതരം വിപണിയായിരുന്നു ഉണ്ടായിരുന്നത്. എല്ലായിടത്തും പരമാവധി വില 12 രൂപയും. രണ്ട് മാസമായി പവർഎക്സ്ചേഞ്ചിൽ 12 രൂപ നൽകിയാലും ആവശ്യത്തിന് വൈദ്യുതി ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. യൂണിറ്റിന് 50 രൂപയ്ക്കുവരെ വൈദ്യുതി വിൽക്കാവുന്ന അഞ്ചാമത്തെ വിപണി തുറക്കുന്നത് വലിയ പ്രത്യാഘാതം സൃഷ്ടിക്കും. കൂടുതൽ വില നൽകുന്നവർക്ക് സ്വകാര്യവൈദ്യുത നിലയങ്ങൾ വൈദ്യുതി വിൽക്കുന്ന സ്ഥിതിയിലേക്കാണ് കാര്യങ്ങൾ എത്തുക. എത്ര വില കൊടുത്തും വാങ്ങാൻ ആളുണ്ടെന്ന് വ്യക്തമായാൽ കുറഞ്ഞ വിലയ്ക്ക് ഹ്രസ്വകാല, ദീർഘകാല കരാർ ഒപ്പുവച്ച് വൈദ്യുതി വിൽക്കാൻ ഉൽപ്പാദകർ മടിക്കും. മാർച്ച് പകുതി മുതൽ വേനൽ കടുക്കുന്നതോടെ രാജ്യത്തെ പ്രതിദിന വൈദ്യുതി ആവശ്യം 2.29 ലക്ഷം മെഗാവാട്ടിലെത്തിയേക്കും. ഇത്രയും ഉൽപ്പാദന സാധ്യതയില്ലാത്തതിനാൽ ആവശ്യക്കാർ കൂടുതൽ വില നൽകി വാങ്ങാൻ നിർബന്ധിതനാകും. ഇത് നിരക്ക് കുത്തനെ ഉയർത്താൻ വിതരണ കമ്പനികൾക്ക് അവസരമൊരുക്കും. അടുത്ത മാസംമുതൽ മെയ് വരെ യൂണിറ്റിന് പരമാവധി ഒമ്പതു രൂപവരെ വില നൽകി വൈദ്യുതി വാങ്ങാനാണ് കെഎസ്ഇബി കരാർ ഒപ്പു വച്ചിരിക്കുന്നത്. പുതിയ കരാറുകൾ ഒപ്പിടേണ്ടിവരുമ്പോൾ ഇതിലും കൂടിയ വില നൽകേണ്ട സ്ഥിതി സംജാതമാകും.




# ജനകീയ പ്രതിരോധ ജാഥ : തൊഴിലാളിവർഗ പോരാട്ടങ്ങൾക്ക് കരുത്തായി

കേരളത്തെ വരിഞ്ഞ് മുറുക്കുന്ന കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ നിലപാടുകൾക്കെതിരെ ലക്ഷങ്ങൾ അണിനിരക്കുന്ന ജനകീയ പ്രതിരോധ മുന്നേറ്റം, തൊഴിലാളിവർഗ രാഷ്ട്രീയത്തിന്റെ സന്ദേശം ജനമനസ്സുകളിലെത്തിച്ച് മാർച്ച് 18 ന് തിരുവനന്തപുരത്ത് സമാപിച്ചിരിക്കുകയാണ്.



കെ.എൻ.ഗോപിനാഥ്

സമ്പത്തും അധികാരവും കമ്പോളത്തിനും, ധനമൂലധനത്തിനും വിട്ടുകൊടുക്കുകയും ജനാധിപത്യത്തിന് ബദലായി ഫാസിസം സ്ഥാപിക്കുകയുമാണ് മോദി സർക്കാരും സംഘപരിവാറും, ആർ.എസ്.എസ്സും ചെയ്യുന്നത്. ദരിദ്രരുടെ ഉപജീവന മാർഗങ്ങളെല്ലാം ഇല്ലാതാക്കുകയാണ് നവലിബറൽ നയങ്ങളുടെ ലോകമെങ്ങുമുള്ള അനുഭവങ്ങൾ. അതിസമ്പന്നരുടെ സാമ്പത്തികവളർച്ച മാത്രമാണ് കേന്ദ്രനയത്തിന്റെ ലക്ഷ്യം.

ഇന്ത്യയുടെ തെക്കേ അറ്റത്ത് കിടക്കുന്ന കൊച്ചു കേരളം രാജ്യത്തിനാകെ പ്രതീക്ഷയും, പ്രകാശവും, മാതൃകയുമായി മാറിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും, അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യാനും, ആരോഗ്യം വിദ്യാഭ്യാസം, വ്യവസായംകൃഷി, പശ്ചാത്തല വികസനം, ക്ഷേമപ്രവർത്തനം എന്നിങ്ങനെ അനുദിനം വളരുന്ന കേരളത്തിന്റെ ഉയർച്ചയിൽ അഭിമാനം കൊള്ളേണ്ടതിന് പകരം എൽഡിഎഫ് സർക്കാരിനെ ഇല്ലാതാക്കാൻ രാഷ്ട്രീയ ചരടുവലികൾക്ക് ബിജെപിയും കോൺഗ്രസ്സും പരസ്പരം മത്സരിക്കുമ്പോഴാണ് രാഷ്ട്രീയവടംവലികൾക്കപ്പുറമുള്ള ജനകീയ നേട്ടങ്ങളെ സംരക്ഷിക്കാൻ പോരാട്ടം തുടരേണ്ടി വരുന്നത്.

1960 കളിൽ മഹാനായ ഏകെജി പട്ടിണി സമരം ഇന്ത്യൻ പാർലമെന്റിൽ 'റേഷൻ ആക്ട് രാജ്യത്തിനാകെ പ്രയോജനം ചെയ്യുന്ന നിയമം നേടിയെടുക്കാൻ ഇടവരുത്തി എന്നത് ജാഥ ചരിത്രങ്ങളുടെ ആരംഭമാണ്. ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള ദണ്ഡിയാത്രയും സ്വാതന്ത്ര്യസമരവും വ്യഥാവ്യായാമമായിരുന്നെന്ന് ആർക്കും വിലയിരുത്താനാകില്ല. ഗാന്ധിജിയെയും ലോക്മാന്യതിലകിനെയും നെഹ്റുവിനെയും ബ്രിട്ടീഷ് പട്ടാളം അറസ്റ്റ് ചെയ്ത് ജയിലിലടച്ചതിനെതിരെ ബോംബെയിലെ ഫാക്ടറികളിൽ നിന്ന് പണി നിർത്തിവച്ച് ജാഥയായി വന്ന് ബോംബെ പട്ടണത്തിൽ പ്രകടനം നടത്തിയ തൊഴിലാളിവർഗ്ഗത്തെ മാറ്റത്തിന്റെ പതാകവാഹകരായി ചരിത്രം അടയാളപ്പെടുത്തുന്നു. എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിശ്രമം എട്ട്മണിക്കൂർ വിനോദം എന്നിങ്ങനെ തൊഴിൽ സമയക്ലിപ്തത ആകാശത്ത് നിന്നും ഇറങ്ങി വന്നതല്ല, മറിച്ച് ചിക്കാഗോയിലെ ഹെയ് മാർക്കറ്റിൽ തെരുവുകളെ വിറപ്പിച്ചുകൊണ്ട് തൊഴിലാളികൾ നയിച്ച ധീരോദാത്തമായ പടയണികളാണ് അതിലേക്കെത്തിച്ചത് എന്നും ആ ചരിത്രസംഭവത്തിന്റെ ഓർമ്മയാണ് സാർവദേശീയ തൊഴിലാളിദിനം (മേയ് 1) എന്നും ആർക്കാണ് വ്യക്തതയില്ലാത്തത്.

കഴിഞ്ഞ ഫെബ്രുവരി 20 ന് കാസർകോട് നിന്ന് ആരംഭിച്ച് 26 ദിവസം പിന്നിട്ട ജനകീയ പ്രതിരോധ ജാഥ സംസ്ഥാനത്തിന്റെ 140 മണ്ഡലങ്ങളിലൂടെ പര്യടനം നടത്തി, ജനവിരുദ്ധ അധികാരകേന്ദ്രങ്ങളുടെ ഉറക്കം കെടുത്തുന്ന, വരാൻ പോകുന്ന പുതിയ പോർമുഖത്തേക്കാണ് തുറന്നിടുന്നത്. ജാഥാ ക്യാപ്ടനും ജാഥാഗംങ്ങളും ജനകീയ പ്രതിരോധ ജാഥയിലൂടെ ഉയർത്തിയ ആശയങ്ങൾ ജാഥയുടെ സ്വീകരണം കഴിഞ്ഞ് മടങ്ങിയ ലക്ഷങ്ങളെ പുതിയ കേരളത്തിന്റെ സൃഷ്ടിക്കായും, ഇന്ത്യൻ മണ്ണിലെ ചൂഷണ രഹിതമായ തൊഴിലാളിവർഗ രാഷ്ട്രീയ അധികാരത്തിലേക്കുള്ള, രാഷ്ട്രീയ ധ്രുവീകരണത്തിന്റെ ശരിയായ ദിശയിലേക്കുള്ള, മാറ്റത്തിന്റെ ചാലകശക്തിയായും പരിണമിക്കുന്ന, വലിയ ഭൗതികശക്തിയായി മാറി കഴിഞ്ഞു എന്നതാണ് ജനകീയ പ്രതിരോധ ജാഥയുടെ വിജയം.

വിവിധ സമരപഥങ്ങളിലൂടെയായിരുന്നു ജാഥയുടെ മുന്നേറ്റം എന്നത് സമരചരിത്രങ്ങളുടെ പ്രസക്തി വർദ്ധിപ്പിച്ചു. മുനയംകുന്നും, ചീമേനിയും, ഒഞ്ചിയവും, കയ്യൂരും, കരിവെള്ളൂരും, മലബാറിലെ കലാപങ്ങളും, വാഗൺ ട്രാജഡിയും, അന്തിക്കാട് സമരഭൂമിയും, പാലിയവും, മട്ടാഞ്ചേരിയും, പുന്നപ്രവയലാറും, കല്ലറ, പാങ്ങോട് വെടിവെപ്പും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഉജ്ജ്വലമായ തൊഴിലാളിവർഗ പോരാട്ടങ്ങളായിരുന്നു. 1853 ലെ അരുവിപ്പുറം പ്രഖ്യാപനവും, ഭൂമിക്ക് വേണ്ടിയുള്ള കാണിപറ്റ് സമരവും, ചിറയിൻകീഴിലെ നെയ്ത്ത്, കർഷക കർഷകതൊഴിലാളി, സിനിമാതൊഴിലാളി സമരഭൂമിയും വെന്മനയിൽ പഞ്ചമി എന്ന എന്ന ദളിത് പെൺപെൺകുട്ടിയെ സ്കൂളിൽ പ്രവേശിപ്പിച്ചില്ലെങ്കിൽ, കർഷകതൊഴിലാളികൾ വയലിലിറങ്ങില്ല എന്ന അയ്യങ്കാളിയുടെ പ്രഖ്യാപനം നടന്ന പ്രദേശങ്ങളും കശുവണ്ടി തൊഴിലാളികളുടെ സമരഭൂമിയായ കൊല്ലം തുടങ്ങിയ സമരപഥങ്ങൾ പിന്നിട്ടായിരുന്നു ജനകീയ പ്രതിരോധ ജാഥ.

ഒന്നാം സ്വാതന്ത്ര്യസമരം നാം വിജയിച്ച് ബ്രിട്ടനെ കെട്ടുകെട്ടിച്ചെങ്കിലും, മൂലധനശക്തികളുടെ ഭ്രാന്തമായ മേച്ചിൽപുറമാകാൻ മാത്രമെ പിന്നീടും നമുക്ക് അവസരം ഉണ്ടായിട്ടുള്ളൂ. ബിജെപി ഭരണത്തിൽ കുറെക്കൂടി പൂർണമായി ജാതിവർഗീയതയും മൂലധനശക്തികളും കൈകോർത്ത് നമ്മുടെ നേട്ടങ്ങൾ തട്ടിപ്പറിച്ച് ചോദ്യം ചെയ്യാനാവാത്തവിധം ജനങ്ങളെ ജാതീയമായി വിഭജിച്ച്, ചൂതാട്ട മൂലധനകച്ചവടങ്ങൾക്ക് വഴിയൊരുക്കുകയാണ്. മറുവശത്ത് പരിമിതമായ പാർലമെന്ററി സംവിധാനത്തിനകത്ത് നിന്ന് കേരളം ആഗോള ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ സൃഷ്ടിച്ച് മുന്നേറുവാൻ പരിശ്രമിക്കുകയാണ്.

എന്നാൽ നമ്മുടെ പരിമിതികൾ കാരണവും പരിധിക്കകത്ത് നിൽക്കാത്തതുമായ പ്രശ്നങ്ങൾകൊണ്ടും നിരവധി പ്രതിസന്ധികൾ കേരളം അനുഭവിച്ച് കൊണ്ടിരിക്കുകയാണ്. ജനകീയ പ്രതിരോധ ജാഥയിലൂടെ അതാത് പ്രദേശത്തെ ജനങ്ങൾ ഉയർത്തിയ സംവാദം സങ്കീർണമായ ഒട്ടേറെ പ്രശ്നങ്ങൾ വരച്ച് കാണിച്ചു. കേന്ദ്ര പൊതുമേഖലയുടെ അടച്ചുപൂട്ടൽ, വിലക്കയറ്റം, തൊഴിലില്ലായ്മ, വിദ്യാഭ്യാസമേഖലയിലെ കാവിവൽക്കരണം, സഹകരണമേഖലയിലേക്കുള്ള കോർപറേറ്റ്ബിജെപി കടന്നുകയറ്റം, തുടങ്ങിയ പ്രശ്നങ്ങൾ ജനകീയ പ്രതിരോധത്തിന്റെ പ്രസക്തി വർദ്ധിപ്പിച്ചു.

എൽഡിഎഫ് സർക്കാരിന്റെ സ്നേഹസ്പർശവും പിന്തുണയും സ്വജീവിതത്തിൽ ഉണ്ടാക്കിയ ഗുണാത്മകമായ മാറ്റങ്ങളുടെ കൈയ്യൊപ്പുമായി എത്രയോ മനുഷ്യരാണ് ജനകീയപ്രതിരോധ ജാഥയിലെത്തി ജാഥാക്യാപ്റ്റനെയും അംഗങ്ങളെയും നേരിൽ കണ്ടത്. ഗുണഭോക്താക്കളുടെ സാന്നിദ്ധ്യം ജനകീയ പ്രതിരോധ ജാഥയുടെ ജനകീയ മുഖം വിളിച്ചറിയിക്കുന്നതായി മാറി.

ഏപ്രിൽ 5 ലെ പാർലമെന്റ് മാർച്ചിന്റെ തൊഴിലാളി കർഷക കർഷകതൊഴിലാളി സംയുക്ത പ്രക്ഷോഭത്തിന്റെ പ്രാധാന്യം അടിവരയിടാനും, വരുംകാല പ്രക്ഷോഭസമരങ്ങൾക്ക് ഊർജവും കരുത്തും പകരുവാനും ജനകീയ പ്രതിരോധജാഥയ്ക്ക് കഴിഞ്ഞു എന്നത് ആവേശം ജനിപ്പിക്കുന്നതായി.●



# ജനങ്ങളെ പൊള്ളിച്ച് പാചകവാതക വില വർദ്ധനവ്

**പാചകവാതകത്തിന്റെ വിലകൂട്ടിയത് ജനജീവിതം കൂടുതൽ ദുരിതത്തിലാക്കും. അരിയടക്കമുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം രൂക്ഷമാവുകയാണ്. പണപ്പെരുപ്പം ഏഴുശതമാനത്തിനടുത്തുതന്നെ നിൽക്കുന്നു.**

ഇന്ധന വിലനിർണയാവകാശത്തിൽ കേന്ദ്ര സർക്കാരിന് ഒരു പങ്കുമില്ലെന്ന് വാദിക്കുന്ന മോദി സർക്കാർ പാചകവാതകത്തിന് വില കൂട്ടിയത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ ത്രിപുര, മേഘാലയ, നാഗാലാൻഡ് എന്നിവിടങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനു പിന്നാലെയാണ്

നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തിൽ പൊറുതിമുട്ടിയ ജനങ്ങൾക്ക് കൂടുതൽ ആഘാതമായി പാചകവാതകവിലക്കയറ്റവും. വീടുകളിൽ ഉപയോഗിക്കുന്ന 14.2 ലിറ്റർ സിലിൻഡറിന് 50 രൂപയും ഹോട്ടലുകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന 19 ലിറ്റർ സിലിൻഡറിന് 351 രൂപയും ഒറ്റയടിക്ക് കൂട്ടിക്കൊണ്ടാണ് എണ്ണക്കമ്പനികൾ സാധാരണക്കാരെ പ്രഹരിക്കുന്നത്. വീട്ടാവശ്യത്തിനുള്ള സിലിൻഡറിന് 1110 മുതൽ 1123 രൂപവരെയായി കേരളത്തിലെ വില. രണ്ടുവർഷത്തിനിടെ 400 രൂപ വർധിപ്പിച്ചു. കഴിഞ്ഞവർഷം മാർച്ചിലും ജൂലായിലും 50 രൂപവീതം കൂട്ടിയിരുന്നു. കൊല്ലത്തിൽ 12 സിലിൻഡറോ അതിൽക്കുറവോ ഉപയോഗിക്കുന്നവർക്ക് സബ്സിഡി നൽകിയിരുന്നത് നിലച്ചിട്ട് രണ്ടുവർഷത്തിലധികമായി. ഹോട്ടലുകളിലും മറ്റ് വ്യാപാരാവശ്യത്തിനും ഉപയോഗിക്കുന്ന പാചകവാതകത്തിന് ജനുവരിയിൽ 25 രൂപ കൂട്ടിയതാണ്. ഇപ്പോൾ 351 രൂപ കൂട്ടി 2124 രൂപയാക്കി. രണ്ടുവർഷത്തിനിടെ 510 രൂപയുടെ വർധന.

അസംസ്കൃത എണ്ണയുടെ വില ഇപ്പോൾ വൻതോതിൽ കുറഞ്ഞുവരുകയാണെന്നതാണ് വസ്തുത. വീപ്പയ്ക്ക് 120 ഡോളർവരെയായിരുന്നത് ക്രമത്തിൽ കുറഞ്ഞ് 79 ഡോളറിലെത്തി. ഇന്ത്യയിലെ കമ്പനികളാകട്ടെ, റഷ്യയിൽനിന്ന് ഈ നിരക്കിലും കുറഞ്ഞവിലയ്ക്ക് എണ്ണ ഇറക്കുമതി ചെയ്യുന്നു. റഷ്യയിൽ നിന്നു

ള്ള എണ്ണ ഇറക്കുമതിയിലൂടെ വലിയ ലാഭമുണ്ടാകുന്നെന്നതാണ് യാഥാർത്ഥ്യം.

പാചകവാതകത്തിന്റെ വിലകൂട്ടിയത് ജനജീവിതം കൂടുതൽ ദുരിതത്തിലാക്കും. അരിയടക്കമുള്ള എല്ലാ ഭക്ഷ്യവസ്തുക്കളുടെയും വിലക്കയറ്റം രൂക്ഷമാവുകയാണ്. പണപ്പെരുപ്പം ഏഴുശതമാനത്തിനടുത്തുതന്നെ നിൽക്കുന്നു.

വളർച്ചനിരക്കിലെ ഇടിവും പണപ്പെരുപ്പവും ജനങ്ങളുടെ ജീവിതം അങ്ങേയറ്റം ദുരിതമയമാക്കിയിരിക്കുകയാണ്. 121 രാജ്യങ്ങൾ ഉൾക്കൊള്ളുന്ന പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 107ആണ്.

93.4 ദശലക്ഷം ഗുണഭോക്തൃകുടുംബങ്ങളിൽ 9.2 ദശലക്ഷം കുടുംബങ്ങൾ ഒരിക്കൽപ്പോലും റീഫിൽ ചെയ്തില്ലെന്നും 10.8 ദശലക്ഷം കുടുംബങ്ങൾ ഒരിക്കൽമാത്രമാണ് റീഫിൽ ചെയ്തതെന്നും പെട്രോളിയം മന്ത്രാലയംതന്നെ വ്യക്തമാക്കിയതാണ്.

ഭക്ഷ്യധാന്യങ്ങളുടെയും പാലിന്റെയും വിലവർധിച്ചതിനെത്തുടർന്ന് പലേടത്തും ഹോട്ടൽഭക്ഷണത്തിന് അടുത്തിടെ വിലകൂട്ടിയതാണ്. പാചകവാതകവിലവർധന ഉപഭോക്താക്കൾക്ക് താങ്ങാനാകില്ല.

കേരളത്തിൽ ക്ഷേമപെൻഷനുകൾ മുടങ്ങാതിരിക്കാൻ വേണ്ടി ബജറ്റിൽ രണ്ടുരൂപ ഇന്ധനസെസ് ഏർപ്പെടുത്തിയതിനെതിരെ നാടൊട്ടുക്ക് കലാപം സൃഷ്ടിക്കാൻ ശ്രമിക്കുന്ന കോൺഗ്രസിന്റെ കാപട്യം ഒരിക്കൽക്കൂടി വ്യക്തമാകുന്ന സന്ദർഭമാണിത്.



**നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തിൽ പൊറുതിമുട്ടിയ ജനങ്ങൾക്ക് കൂടുതൽ ആഘാതമായി പാചകവാതകവിലക്കയറ്റവും. വീടുകളിൽ ഉപയോഗിക്കുന്ന 14.2 ലിറ്റർ സിലിൻഡറിന് 50 രൂപയും ഹോട്ടലുകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന 19 ലിറ്റർ സിലിൻഡറിന് 351 രൂപയും ഒറ്റയടിക്ക് കൂട്ടിക്കൊണ്ടാണ് എണ്ണക്കമ്പനികൾ സാധാരണക്കാരെ പ്രഹരിക്കുന്നത്.**

ബഹുഭൂരിപക്ഷം ഇന്ത്യക്കാരുടെയും അടുക്കളയെ വീണ്ടും വീണ്ടും ദരിദ്രമാക്കുന്ന, കുടുംബബജറ്റിനെ താളംതെറ്റിക്കുന്ന, രൂക്ഷമായ വിലക്കയറ്റത്തിന് ഇടയാക്കുന്ന ഈ തീരുമാനത്തിനെതിരെ ജനങ്ങൾ ഒന്നിച്ച് തെരുവിലിറങ്ങേണ്ട സമയമാണിത്.

### ഗാർഹിക സിലിണ്ടർ

| | മാസം | വർധന | വില (തിരുവനന്തപുരം) |
|---|---|---|---|
| 2021 | ഫെബ്രുവരി 04 | 25 | 728.50 |
| | ഫെബ്രുവരി 15 | 50 | 778.50 |
| | ഫെബ്രുവരി 25 | 25 | 803.50 |
| | മാർച്ച് 1 | 25 | 828.50 |
| | ജൂലൈ 1 | 25.50 | 844 |
| | ആഗസ്റ്റ് 17 | 25 | 869 |
| | സെപ്തംബർ 1 | 25 | 894 |
| | ഒക്ടോബർ 6 | 15 | 909 |
| 2022 | മാർച്ച് 22 | 50 | 959 |
| | മെയ് 7 | 50 | 1009 |
| | മെയ് 19 | 3.50 | 1012.00 |
| | ജൂലൈ 6 | 50 | 1062 |
| | 2023 മാർച്ച് 01 | 50 | 1112 |

### വാണിജ്യ സിലിണ്ടർ

| | മാസം | വർധന | വില (തിരുവനന്തപുരം) |
|---|---|---|---|
| 2021 | ജൂലൈ | 80 | 1567.50 |
| | ആഗസ്റ്റ് | 72.50 | 1640 |
| | സെപ്തംബർ | 74.50 | 1710 |
| | ഒക്ടോബർ | 35.50 | 1745.50 |
| | നവംബർ | 268 | 2011 |
| | ഡിസംബർ | 102 | 2113 |
| 2022 | മാർച്ച് | 106.50 | 2026 |
| | ഏപ്രിൽ 1 | 258.50 | 2285 |
| | മെയ് 1 | 103 | 2388 |
| | മെയ് 19 | 8.50 | 2387 |
| 2023 | 2023 ജനുവരി 01 | 25 | 1792.00 |
| | മാർച്ച് 01 | 351 | 2143.00 |

കൊള്ളയുടെ ആഴം

# പെട്രോളിയം നികുതി : 5 വർഷം കൊണ്ട് കേന്ദ്രം പിഴിഞ്ഞത് 22 ലക്ഷം കോടി രൂപ

- പെട്രോളിയം ഉൽപന്നങ്ങൾക്കുള്ള വിവിധ നികുതി ഇനങ്ങളിലായി 29 ലക്ഷം കോടി രൂപയോളം കഴിഞ്ഞ 9 കൊല്ലത്തിനിടയിൽ കേന്ദ്ര ഖജനാവിലേക്ക് മാത്രമായി ജനങ്ങളെ പിഴിഞ്ഞെടുത്തു.
- 2017-18 മുതൽ 2022-23 (ഏപ്രിൽ മുതൽ ഡിസംബർ വരെ മാത്രം) ഉള്ള കണക്കിൽ പെട്രോളിയം നികുതി വരുമാനമായി ആകെ സർക്കാർ ഖജനാവുകളിൽ എത്തിച്ചേർന്നത് 36,66,174 കോടി രൂപയാണ്.

| വിശദാംശം | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 (Apr-Dec 2023) (P) |
|---|---|---|---|---|---|---|
| **1. കേന്ദ്ര ഖജനാവിലേക്കുള്ള സംഭാവന** | | | | | | |
| A. ക്രൂഡ് ഓയിൽ & പെട്രോളിയം ഉൽപ്പന്നങ്ങളുടെ ടാക്സ്/ഡ്യൂട്ടീസ് | | | | | | |
| ക്രൂഡ് ഓയിൽ സെസ്സ് | 14,514 | 17,741 | 14,789 | 10,676 | 19,214 | 14,872 |
| പ്രകൃതി വാതക-ക്രൂഡ് ഓയിൽ റോയലിറ്റി | 4,747 | 6,062 | 5,602 | 3,590 | 5,639 | 7,398 |
| കസ്റ്റംസ് ഡ്യൂട്ടി | 11,171 | 16,035 | 22,927 | 13,514 | 11,423 | 11,091 |
| ക്രൂഡ് ഓയിൽ എൻ സി സി ഡി | 968 | 1,180 | 1,130 | 1,016 | 1,121 | 884 |
| എക്സൈസ് ഡ്യൂട്ടി | 229,716 | 214,369 | 223,057 | 372,970 | 363,305 | 203,171 |
| സർവീസ് ടാക്സ് | 1,228 | 340 | 17 | - | - | - |
| ഐ ജി എസ് ടി | 9,211 | 16,479 | 13,099 | 11,594 | 19,726 | 17,041 |
| സി ജി എസ് ടി | 4,488 | 7,437 | 6,831 | 6,158 | 10,843 | 9,677 |
| മറ്റുള്ളവ | 125 | 204 | 88 | 365 | 338 | 48 |
| **ആകെ (A)** | **276,168** | **279,847** | **287,540** | **419,884** | **431,609** | **264,182** |
| B. സർക്കാർ/ഇൻകം ടാക്സ് etc. ലാഭ വിഹിതം | 59,994 | 68,194 | 46,775 | 35,185 | 60,694 | 43,730 |
| കേന്ദ്ര ഖജനാവിലേക്കുള്ള ആകെ സംഭാവന (A+B) | **336,163** | **348,041** | **334,315** | **455,069** | **492,303** | **307,913** |
| **2. സംസ്ഥാന ഖജനാവിലേക്കുള്ള സംഭാവന** | 206,863 | 227,591 | 221,056 | 217,650 | 282,122 | 237,089 |
| **പെട്രോളിയം മേഖലയിൽ നിന്നും ഖജനാവിലേക്കുള്ള ആകെ സംഭാവന (1 + 2)** | **543,026** | **575,632** | **555,370** | **672,719** | **774,425** | **545,002** |

(2017-2018 വർഷം മുതൽ 5 വർഷങ്ങളിലായി എത്ര നികുതി വരുമാനം പെട്രോളിയം ഉൽപന്നങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട് എന്ന് രാജ്യസഭാംഗം ജോൺ ബ്രിട്ടാസ് 13/3/2023 ന് (ചോദ്യം 1414 നമ്പറായി) പാർലമെന്റിൽ ഉന്നയിച്ച ചോദ്യത്തിന് കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക വകുപ്പ് മന്ത്രി ശ്രീ.രാമേശ്വർ ടെലി എഴുതി നൽകിയ മറുപടി. 15 പ്രധാന പെട്രോളിയം കമ്പനികളിൽ നിന്ന് കേന്ദ്ര പെട്രോളിയം പ്ലാനിംഗ് ആൻഡ് അനാലിസിസ് സെൽ ശേഖരിച്ച കണക്കുകളാണ് മന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചത്.)

# കേന്ദ്രത്തിന്റെ യുവജന വഞ്ചന
# നിയമനം ഇല്ലാതെ 9.79 ലക്ഷം ഒഴിവ്

കേന്ദ്രസർക്കാർ സർവീസിൽ നികത്താതെ കിടക്കുന്നത് 9,79,327 ഒഴിവ്. സാധാരണക്കാരുടെ ആശ്രയമായ ഗ്രൂപ്പ് സി വിഭാഗത്തിൽ ഉൾപ്പെടെ അഞ്ചിലൊന്നുവീതം തസ്തികയിലും ആളില്ലെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പാർലമെന്റിൽ അവതരിപ്പിച്ച കണക്ക് വ്യക്തമാക്കുന്നു. കഴിഞ്ഞ മാർച്ച് 31 വരെയുള്ള 78 വകുപ്പുകളിലെമാത്രം ഒഴിവുകളാണിവ. ഈ സാമ്പത്തികവർഷംമാത്രം ഒരുലക്ഷത്തിലേറെപ്പേർ വിരമിച്ചത് ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഇതിനുപുറമെയാണ് കേന്ദ്ര പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിലെ ഒഴിവുകൾ. റെയിൽവേയിൽമാത്രം 2,93,943 ഒഴിവ് നികത്താനുണ്ടെന്നും പ്രധാനമന്ത്രി പാർലമെന്റിൽ സമ്മതിച്ചു.




ബഹിരാകാശ വകുപ്പിൽ 2106 പേരെ നിയമിക്കണം. കൃഷി, അനുബന്ധ മേഖലയിൽ 4583, പെൻഷൻ, ആരോഗ്യം രംഗങ്ങളിൽ 4321 ഒഴിവുമുണ്ട്. ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് നീക്കിവച്ച തസ്തികകളിൽ 62 പേരെ നിയമിച്ചില്ല. വാണിജ്യ, വ്യവസായ, ഊർജ, കോർപറേറ്റ് കാര്യങ്ങളുടെ വകുപ്പുകളിൽ 12,685 ഒഴിവുണ്ട്. യുപിഎസ്സിയിലും 657 നിയമനം മുടക്കി. വീട്, കുടിവെള്ളം നഗര, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളിൽ 9611 ഒഴിവാണ് ഉള്ളത്.

10 മുതൽ 30 ശതമാനംവരെയാണ് വിവിധ വകുപ്പുകളിലെ ഒഴിവ്. റവന്യൂവിൽ പകുതിയോളം തസ്തികയിൽ ആളില്ല. പ്രതിരോധ (സിവിൽ), ആരോഗ്യ വകുപ്പുകളിൽ 30 ശതമാനം വീതവും. തപാൽവകുപ്പിൽ 25 ശതമാനവും ആഭ്യന്തരവകുപ്പിൽ 10 ശതമാനവും ഒഴിഞ്ഞുകിടക്കുകയാണ്. വിദേശ വകുപ്പിലാകട്ടെ 2330 ഒഴിവുണ്ട്.

2014ൽ മോദി അധികാരത്തിൽ എത്തുമ്പോൾ 4.21 ലക്ഷമായിരുന്ന ഒഴിവുകൾ ഒമ്പതു വർഷത്തിൽ നാലിരട്ടി വർധിച്ചു. അപ്രഖ്യാപിത നിയമന നിരോധനമുള്ള റെയിൽവേയിൽ 2020-21ൽ നിയമിച്ചത് 5450 പേരെമാത്രമാണ്. പ്രതിരോധസേനാ വിഭാഗത്തിൽ ഒന്നേകാൽ ലക്ഷവും സിവിൽ വിഭാഗത്തിൽ രണ്ടേമുക്കാൽ ലക്ഷവും ഒഴിഞ്ഞുകിടക്കുമ്പോഴാണ് താൽക്കാലിക നിയമനത്തിന് അഗ്നിപഥ് ആരംഭിച്ചത്.

കരാർ, താൽക്കാലിക നിയമനം വ്യാപകമാക്കിയ സർക്കാർ മാനദണ്ഡങ്ങളൊന്നും പാലിക്കാതെ മൂന്നുലക്ഷത്തിലേറെപ്പേരെയാണ് ഇത്തരത്തിൽ നിയമിച്ചത്. വിരമിച്ചവരെ ദിവസക്കൂലിക്ക് നിയോഗിക്കുന്ന കേന്ദ്ര സർക്കാർ എസ്എസ്സി, യുപിഎസ്സി ഏജൻസികളെയും അപ്രസക്തമാക്കി

- കേന്ദ്ര ഖജനാവിലേക്ക് മാത്രമായി പിരിച്ച് കൊണ്ട് പോയ പെട്രോളിയം നികുതി 22,73,804 കോടി രൂപയാണ് (61%).
- 21 സംസ്ഥാനങ്ങൾക്കായി ആകെ ലഭിച്ചത് 13,92,371 കോടി രൂപ (38%).
- വിവിധ നികുതികൾ എല്ലാം തന്നെ സംസ്ഥാനങ്ങൾക്ക് പങ്ക് വെയ്ക്കേണ്ടതില്ല. പെട്രോളിയം ഉൽപന്നങ്ങൾക്ക് ചുമത്തുന്ന അടിസ്ഥാന എക്സൈസ് നികുതിയുടെ 32% മാത്രം സംസ്ഥാനങ്ങൾക്ക് ഷെയർ ചെയ്യുകയുള്ളൂ.
- കേരളത്തിന്റെ വിഹിതം നാമമാത്രമാണ്.
- 10 തരം നികുതികളാണ് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഇന്ത്യയിൽ ഈടാക്കുന്നതെന്ന് കാണാം.

# ഇ.പി.എഫ് പെൻഷൻ
# തീരാത്ത ദുരിതം

**സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ ഇ.പി.എഫ്.ഒ ആത്മാർത്ഥ കാണിക്കുന്നില്ല എന്ന് മാത്രമല്ല പ്രശ്നം, വിധിയിൽ തന്നെ തൊഴിലാളിവിരുദ്ധമായ പല വിഷയങ്ങളുമുണ്ട്. ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഉയർന്ന പെൻഷൻ ലഭിച്ചുവന്ന കുറേ തൊഴിലാളികൾക്ക് പെൻഷൻ കുറയുന്ന അവസ്ഥയുണ്ടായി.**



ജോസ് ടി എബ്രഹാം

2022 നവംബർ 4 ന് എംപ്ലോയീസ് പെൻഷൻ സ്കീം 1995 (EPS 95) സംബന്ധിച്ച് സുപ്രീംകോടതി അതിപ്രധാനമായ ഒരു വിധി പ്രസ്താവിക്കുകയുണ്ടായി. തൊഴിലാളികളുടെ അടിസ്ഥാന വേതനവും ക്ഷാമബത്തയുമായി ബന്ധപ്പെടുത്തി പെൻഷൻ നൽകാനുള്ള ഒരു വിധിയാണ് സുപ്രീംകോടതി പുറപ്പെടുവിച്ചത്. ഇ.പി.എസ് 95ൽ നൽകുന്ന കുറഞ്ഞ പെൻഷൻ 3,000 രൂപ ആയെങ്കിലും ഉയർത്തണമെന്ന തൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെയും ആവശ്യം സുപ്രീംകോടതി വിധി പരാമർശിച്ചിട്ടില്ല. സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ ഇ.പി.എഫ്.ഒ ഇറക്കിയ പല സർക്കുലറുകളും വ്യക്തതയില്ലാത്തതും സുപ്രീംകോടതിയുടെ സമയപരിധി കൃത്യമായി പാലിക്കാത്തതുമായിരുന്നു.

### എന്താണ് ഇ.പി.എസ് 95 ?

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രൊവിഷൻസ് ആക്ട് 1952 ഭേദഗതി വരുത്തിയാണ് ഇ.പി.എസ് 95 പദ്ധതിയിലേക്കെത്തുന്നത്. ഇ.പി.എഫ് നിയമം 1952 അനുസരിച്ച് പെൻഷൻ നൽകാനുള്ള വ്യവസ്ഥകൾ ഒന്നും ഉണ്ടായിരുന്നില്ല. പി.എഫിന് മാത്രമായിട്ടായിരുന്നു ആ നിയമം. 1971ൽ ഇ.പി.എഫ് നിയമം ഭേദഗതി ചെയ്ത് ഒരു ഫാമിലി പെൻഷൻ സ്കീം നടപ്പാക്കി. യഥാർത്ഥത്തിൽ അത് തൊഴിലാളികൾക്ക് ലഭിച്ചുവന്ന പി.എഫ് ആനുകൂല്യങ്ങൾ കുത്തനെ വെട്ടിക്കുറയ്ക്കുകയും എന്നാൽ അതിനനുസൃതമായ പെൻഷൻ നൽകാത്ത തരത്തിലുള്ളതു മായിരുന്നു. ഇതിനെതിരെ സി.ഐ.ടി.യു ഉൾപ്പടെയുള്ള സംഘടനകൾ വലിയ പ്രതിഷേധം ഉയർത്തി.

തൊഴിലാളികളുടെ പ്രതിഷേധത്തിന്റെ ഫലമായി വികലമായൊരു പെൻഷൻ സ്കീം 1995ൽ ഫാമിലി പെൻഷന് പകരമായി നടപ്പാക്കി. ഇ.പി.എസ് 95 പദ്ധതി പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കാൻ വേണ്ടി മുതലാളിമാർ നൽകിവന്ന 12 ശതമാനം പി.എഫ് വിഹിതത്തിന്റെ 8.33 ശതമാനവും ഈ ഫണ്ടിലേക്ക് മാറ്റി. ഇതുവഴി പി.എഫ് തുകയിൽ വലിയ കുറവ് വന്നു. എന്നാൽ അതിനനുസരിച്ചുള്ള ഒരു വർദ്ധനവ് പെൻഷനിൽ ഉണ്ടായതുമില്ല. ഇ.പി.എസ് 95 പദ്ധതി തൊഴിലാളികൾക്ക് ഗുണകരമല്ലെന്ന് കാലം കഴിയും തോറും




വ്യക്തമായി. ഭൂരിഭാഗം പെൻഷൻകാർക്കും 10 രൂപയ്ക്കും 500 രൂപയ്ക്കുമിടയിലുള്ള പെൻഷൻ മാത്രമാണ് ലഭിച്ചത്. പെൻഷൻ കമ്മ്യൂട്ട് ചെയ്തതിനുശേഷം 2 രൂപ വരെ പെൻഷൻ ലഭിച്ച ആളുകൾ പോലുമുണ്ട്.

എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും ഈ വിഷയം ശക്തമായി ഏറ്റെടുത്ത് സമരം നടത്തിയതിന്റെ ഫലമായി യു.പി.എ സർക്കാർ 2014 ഇലക്ഷൻ അടുക്കാറായപ്പോൾ മിനിമം പെൻഷൻ 1000 രൂപയാക്കാൻ തീരുമാനമെടുത്തു. യു.പി.എ സർക്കാരിന്റെ കാലത്ത് ഇത് നടപ്പായില്ല. എൻ.ഡി.എ അധികാരത്തിൽ വന്നതോടെ ഇത് നടപ്പാക്കി. എന്നാൽ പല നിയന്ത്രണങ്ങളും കൊണ്ടുവരികയും ചെയ്തു. അതോടൊപ്പം തന്നെ പെൻഷൻ തീരുമാനി

ക്കാനുള്ള വേതനത്തിന്റെ ഉയർന്ന പരിധി 15,000 രൂപയായി തീരുമാനിക്കുകയും ചെയ്തു. അതായത് റിട്ടയർ ആകുമ്പോഴുള്ള വേതനം എത്ര ആയാലും പെൻഷൻ കണക്കാക്കുന്നത് 15,000 രൂപയ്ക്കായിരിക്കും.

### സുപ്രീംകോടതി വിധി എന്താണ്

സുപ്രീംകോടതി വിധിയുടെ പ്രധാന ഘടകം 15,000 രൂപ എന്ന പരിധി ഉണ്ടാവില്ല എന്നതാണ്. പെൻഷന് അർഹമായ ആകെ വേതനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കും. അതിന് പല നിബന്ധനകളും സുപ്രീംകോടതി തന്നെ നിർദ്ദേശിച്ചു. പെൻഷൻ ലഭിക്കാൻ തൊഴിലാളിയും മുതലാളിയും ചേർന്ന് 'ജോയിന്റ്ഓപ്ഷൻ' നൽകേണ്ടതുണ്ട്. ജോയിന്റ് ഓപ്ഷൻ നൽകുന്നതിന് 2014 സെപ്റ്റംബറിന് മുൻപും പിൻപും, സർവ്വീസിലുള്ളവർക്കും, വിരമിച്ചവർക്കും എല്ലാം പ്രത്യേകം പ്രത്യേകം നിബന്ധനകളുണ്ട്.

സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ ഇ.പി.എഫ്.ഒ ആത്മാർത്ഥ കാണിക്കുന്നില്ല എന്ന് മാത്രമല്ല പ്രശ്നം, വിധിയിൽ തന്നെ തൊഴിലാളിവിരുദ്ധമായ പല വിഷയങ്ങളുമുണ്ട്. സുപ്രീംകോടതി വിധിയ്ക്ക് മുമ്പ് ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഉയർന്ന പെൻഷൻ ലഭിച്ചുവന്ന കുറേ തൊഴിലാളികളുണ്ട്. അവരുടെ പെൻഷൻ കണക്കാക്കിയിരുന്നത് റിട്ടയർമെന്റിന് മുമ്പുള്ള ഒരു വർഷത്തെ വേതനത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിലാണ്. സുപ്രീംകോടതി വിധിയോടെ പെൻഷൻ കണക്കാക്കുന്നത് റിട്ടയർമെന്റിന് മുമ്പുള്ള 5 വർഷത്തെ വേതനത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിലായിരിക്കും. ഇതോടെ ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഉയർന്ന പെൻഷൻ ലഭിച്ചുവന്നവരുടെ പെൻഷൻ കുറയുന്ന അവസ്ഥയുണ്ടായി. പെൻഷൻ ഉയർത്തുന്ന വിഷയത്തിൽ പല സാങ്കേതിക തടസ്സങ്ങളും ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഇ.പി.എഫ്.ഒ പെൻഷൻ കുറയ്ക്കുന്ന നടപടി അതിവേഗം നടപ്പാക്കുകയും ചെയ്തു. മറ്റൊരു വിഷയം ഓപ്ഷന്റേതാണ്. 2014 സെപ്റ്റംബർ 1ന് മുമ്പ് ജോയിന്റ് ഓപ്ഷൻ നൽകാതെ റിട്ടയർ ആയവർക്ക് ഉയർന്ന പെൻഷൻ ലഭിക്കില്ല.

പെൻഷൻ വാർദ്ധക്യകാലത്ത് കുറെയെങ്കിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കേണ്ട ഒരു സംവിധാനമാണ്. ഇന്ത്യയിലെ തൊഴിലാളികളുടെ ചരിത്രമെടുത്താൽ പെൻഷനുവേണ്ടി നടത്തിവന്ന അനേകം സമരങ്ങൾ കാണാൻ കഴിയും. കുറെയൊക്കെ ഈ വിഷയത്തിൽ മുന്നോട്ട് പോകാൻ കഴിഞ്ഞെങ്കിലും തൊഴിലാളികളുടെ വാർദ്ധക്യകാല ദുരിതം ഇപ്പോഴും തുടരുന്ന സ്ഥിതിയാണ്. ഇന്ത്യയിൽ എന്തെങ്കിലും പെൻഷൻ ലഭ്യതയുള്ളത് 11% തൊഴിലാളികൾക്ക് മാത്രമാണ്. അതുതന്നെ ബഹുഭൂരിപക്ഷത്തിനും തുച്ഛമായ തുകയാണ് പെൻഷനായി ലഭിക്കുന്നത്.

വലിയ പ്രതീക്ഷയോടെ അനേകം വർഷങ്ങളായി തൊഴിലാളികൾ കാത്തിരുന്ന സുപ്രീംകോടതി വിധിയും ദുരിതങ്ങൾക്ക് വിരാമമിടുന്നില്ല എന്നതാണ് ദുഃഖകരം.

# 512 കിലോ ഉള്ളി വിറ്റ കർഷകന് കിട്ടിയത് 2 രൂപ



മഹാരാഷ്ട്രയിൽ കാർഷിക വിലത്തകർച്ചയിൽ നട്ടം തിരിഞ്ഞ് കർഷകർ. സോലാപുരിൽ 512 കിലോ ഉള്ളി വിറ്റ കർഷകന് കിട്ടിയത് വെറും രണ്ടു രൂപ. ബർഷി തഹസിൽ സ്വദേശിയായ രാജേന്ദ്ര ചവാനാ (63)ണ് ഹതഭാഗ്യനായ കർഷകൻ. സ്വന്തം ഭൂമിയിൽ വിളവെടുത്ത 512 കിലോ ഉള്ളി 70 കിലോമീറ്റർ ദൂരം വാഹനത്തിൽ കൊണ്ടുപോയി സോലാപുരിലെ കാർഷിക വിള മാർക്കറ്റ് കമ്മിറ്റി (എപിഎംസി)യിലാണ് വിറ്റത്.

കിലോയ്ക്ക് ഒരു രൂപ നിരക്കിലാണ് സംഘം ഉള്ളി വാങ്ങിയത്. അതിൽനിന്ന് തൂക്കക്കൂലി, കയറ്റിറക്ക് കൂലി എന്നയിനത്തിൽ 509.51 രൂപ എപിഎംസി കൈക്കലാക്കി. ബാക്കി 2.49 രൂപ രണ്ടു രൂപയായി തട്ടിക്കിഴിച്ച് ചെക്ക് നൽകി. ചെക്ക് മാറി രണ്ട് രൂപ കൈയിൽ കിട്ടാൻ ഇനിയും 15 നാൾ കഴിയണം. കഴിഞ്ഞ വർഷം 20 രൂപ നിരക്കിൽ ഉള്ളി വിറ്റിടത്താണ് ഇത്തവണ ഒരു രൂപ നിരക്കിൽ വിൽക്കേണ്ടി വന്നത്. വളത്തിന്റെയും കീടനാശിനിയുടെയും വില കൂടിയെന്നും ഇത്തവണ കൃഷിക്കായി നാൽപ്പതിനായിരത്തോളം രൂപ തനിക്ക് ചെലവായെന്നും രാജേന്ദ്ര ചവാൻ പറഞ്ഞു. കർഷകരുടെ ഉള്ളി സർക്കാർ സംഭരിക്കാൻ തയ്യാറാകാത്തതാണ് പ്രതിസന്ധിക്ക് കാരണം

# അന്തർദേശീയ ലേബർ കോൺക്ലേവും സാദ്ധ്യതകളും




**തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരിക്കുന്നതിനും ഉറപ്പാക്കുന്നതിനും ഒരു കേരള മാതൃക തന്നെ നാം മുന്നോട്ടു വെയ്ക്കുന്നുണ്ട്. യൂണിയനുകളുടെ രൂപീകരണം, സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കൽ, ക്ഷേമനിധി ബോർഡുകൾ സംഘടിപ്പിക്കൽ, പെൻഷൻ പദ്ധതികൾ വിഭാവനം ചെയ്യൽ അങ്ങനെ നിരവധി പ്രവർത്തനങ്ങൾ കേരളത്തിൽ തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട് നടക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ സംഘടിപ്പിക്കുന്ന അന്തർദേശീയ ലേബർ കോൺക്ലേവ് രാജ്യാന്തര ശ്രദ്ധ നേടുമെന്നത് തീർച്ച.**



**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസ-തൊഴിൽ മന്ത്രി

ലോകമെമ്പാടും വലിയ തൊഴിലാളി വർഗ്ഗ മുന്നേറ്റം കാണാനാകുന്ന കാലഘട്ടമാണിത്. അതിന്റെ പ്രതിഫലനം എല്ലാ രാജ്യങ്ങളിലും നമുക്ക് വീക്ഷിക്കാം. ആഗോള സാമ്പത്തിക വളർച്ച കുത്തനെ ഇടിഞ്ഞിരിക്കുന്ന ഘട്ടം കൂടിയാണിത്.

ഇപ്പോൾ വരുന്ന സാമ്പത്തിക പ്രവചനങ്ങൾ വലിയ മാന്ദ്യത്തെ സൂചിപ്പിക്കുന്നു. വരാനിരിക്കുന്ന ആഗോള സാമ്പത്തികമാന്ദ്യ സാഹചര്യം ജനസംഖ്യയിൽ ഭൂരിപക്ഷത്തിന്റെയും ജീവിത സാഹചര്യം ദുസ്സഹമാക്കും എന്നത്  തീർച്ച. ദാരിദ്ര്യത്തിന്റെ തോത് ഉയരുന്നതോടെ അതിദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതം വലിയ കഷ്ടതയിലേക്ക് നീങ്ങും. തൊഴിലില്ലായ്മ രൂക്ഷമാകും. ഐ.എൽ.ഒ. അതിന്റെ വേൾഡ് എംപ്ലോയ്മെന്റ് ആന്റ് സോഷ്യൽ ഔട്ട്ലുക്ക് റിപ്പോർട്ടിൽ തൊഴിൽ വിപണി സംബന്ധിച്ച നിലപാട് തിരുത്തിയത് ഈ ഘട്ടത്തിൽ ശ്രദ്ധേയമാണ്.

ആഗോള സാമ്പത്തിക സാഹചര്യം വിവിധ രാജ്യങ്ങളിൽ വലിയ തൊഴിലാളി പ്രക്ഷോഭങ്ങൾക്ക് കാരണമാകുന്നത് നാം കണ്ടു. ഉക്രൈൻ യുദ്ധമുണ്ടാക്കിയ സാമ്പത്തിക, രാഷ്ട്രീയ ചലനങ്ങൾ ആ മേഖലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല.

ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയും ഈ ആഗോള പ്രതിഭാസത്തിൽ നിന്നും മുക്തമല്ല. ഹിൻഡൻബർഗ് റിപ്പോർട്ട് അദാനി ഗ്രൂപ്പിനെ മാത്രമല്ല ബാധിച്ചതെന്ന് വിപണിയിലെ ചലനങ്ങൾ നിരീക്ഷിച്ചാൽ വ്യക്തമാകും.

ഈ സാഹചര്യത്തിലാണ് കേരളം ജനക്ഷേമ പ്രവർത്തനം മുൻനിർത്തിയുള്ള നിലപാടുകളുമായി മുന്നോട്ടു പോകുന്നത്. കേരളത്തെ സാമ്പത്തികമായി ഞെരുക്കാൻ ആസൂത്രിത ശ്രമം ഉണ്ടെങ്കിലും ജനക്ഷേമം മുൻനിർത്തിയുള്ള  പ്രവർത്തനങ്ങളിൽ നിന്നും പുറകോട്ടു പോകാൻ ജനകീയ സർക്കാർ തയ്യാറല്ല. തൊഴിലാളികളുടേത് അടക്കമുള്ള കാര്യങ്ങളിൽ കേരള സർക്കാർ കൈക്കൊള്ളുന്ന നിലപാടുകൾ രാജ്യത്ത് മറ്റെങ്ങും ഇല്ലാത്തതാണ്.

തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുമായി സംസ്ഥാന തൊഴിൽ വകുപ്പ് നിരവധി

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യയെ തൊഴിൽക്ഷേമം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളോട് ഇണക്കി ച്ചേർത്ത് മുന്നോട്ടു പോകാൻ സംസ്ഥാന സർക്കാരിന് ആകുന്നുണ്ട്. സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അതിഥി തൊഴിലാളികളു ടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിലും ഇതര സംസ്ഥാനങ്ങളെക്കാൾ കേരളം ഏറെ മുന്നിലാണ്.

ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാരി ന്റെ ആഭിമുഖ്യത്തിൽ തൊഴിൽ വകുപ്പ് കേരളത്തിൽ അന്തർദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പി ക്കുന്നത്. ഈ വർഷം മെയ് 24 മുതൽ 26 വരെയാണ് കോൺക്ലേവ് തിരുവനന്തപുരത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇന്റർനാഷണൽ ലേബർ ഓർഗനൈ സേഷന് (ഐ.എൽ.ഒ.) ഇന്ത്യയുമായി പൊതുവെയും ഒരു സംസ്ഥാനം എന്ന നിലയിൽ കേരളവുമായി പ്രത്യേകിച്ചും ഉള്ള ബന്ധത്തെ അനാവരണം ചെ യ്യുന്നതിനും ഊട്ടി ഉറപ്പിക്കുന്നതിനും രാജ്യാന്തര തലത്തിലെ തൊഴിൽ, തൊഴിലാളി സാഹചര്യങ്ങ ളെ ആഴത്തിൽ വിലയിരുത്തുന്നതിനുമായിരിക്കും കോൺക്ലേവ് പ്രാധാന്യം നൽകുന്നത്. കഴിഞ്ഞ 100 വർഷങ്ങളിലെ പരസ്പര സഹകരണത്തിന്റെ ഓർമ്മ പ്പെടുത്തലുകളും ഇതോടൊപ്പം ഉണ്ടാകും.

ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യവസായ സംഘടനാ പ്രതിനിധികൾ, അക്കാദമീഷ്യൻമാർ, സർ ക്കാർ പ്രതിനിധികൾ, സർക്കാർ ഇതര സംഘടനാ പ്ര തിനിധികൾ, നിയമജ്ഞർ, മറ്റു പ്രതിനിധികൾ തുടങ്ങി ഈ മേഖലയിലെ നിരവധി പ്രമുഖർ കോൺക്ലേവി ന്റെ ഭാഗമായി ഒത്തു ചേരുന്നുണ്ട്. കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി, ഐ.എൽ.ഒ. പ്രതിനിധികൾ എന്നിവ രെ പ്രത്യേക ക്ഷണിതാക്കളായി കോൺക്ലേവിൽ പങ്കെടുപ്പിക്കാൻ ശ്രമം നടത്തുന്നുണ്ട്.

തൊഴിലാളികളുടെ അവകാശങ്ങൾ, നിയമനിർ മ്മാണം, സാമൂഹിക സുരക്ഷ; അനൗപചാരികവും ഔപചാരികവുമായ തൊഴിലും പരിവർത്തനത്തിന്റെ പ്രശ്നങ്ങളും; ആഭ്യന്തര കുടിയേറ്റവും കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങളും; പരിചരണ തൊ ഴിലാളികൾ, സ്കീം വർക്കേഴ്സ്, വീട്ടുജോലിക്കാർ; നൈപുണ്യവും ജോലിയുടെ ഭാവിരൂപങ്ങളും; ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളുടെ ക്ഷേമം, പരമ്പരാഗത തൊഴിലാളികളുടെ സംരക്ഷണവും പുനരധിവാസ വും തുടങ്ങിയ വിഷയങ്ങളിൽ ഗഹനമായ ചർച്ച കോൺക്ലേവിൽ ഉണ്ടാകും.

തൊഴിലാളികളുടെ അവകാശങ്ങൾ അംഗീകരി ക്കുന്നതിനും ഉറപ്പാക്കുന്നതിനും ഒരു കേരള മാതൃക തന്നെ നാം മുന്നോട്ടു വെയ്ക്കുന്നുണ്ട്. യൂണിയനുകളുടെ രൂപീകരണം, സഹകരണ സ്ഥാപനങ്ങൾ സ്ഥാപി ക്കൽ, ക്ഷേമനിധി ബോർഡുകൾ സംഘടിപ്പിക്കൽ, പെൻഷൻ പദ്ധതികൾ വിഭാവനം ചെയ്യൽ അങ്ങനെ നിരവധിയായ പ്രവർത്തനങ്ങൾ കേരളത്തിൽ തൊഴിലാളി ക്ഷേമവുമായി ബന്ധപ്പെട്ട് നടക്കുന്നു ണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിൽ സംഘ ടിപ്പിക്കുന്ന അന്തർദേശീയ ലേബർ കോൺക്ലേവ് രാജ്യാന്തര ശ്രദ്ധ നേടുമെന്നത് തീർച്ച.

# പെൻഷൻ പരിഷ്കരണം : വ്യാപക പ്രതിഷേധം

ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ തന്റെ പെൻഷൻ പരിഷ്കരണം നടപ്പിലാക്കാനു ള്ള പദ്ധതികൾ പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെ, ഫ്രാൻസിൽ പ്രതിഷേധം തുടരുന്നു. പ്രകടന ങ്ങൾക്കെതിരെ പോലീസ് നടത്തിയ നടപടിയിൽ 400ഓളം പേർ അറസ്റ്റിലായി. റിഫൈനറികൾ, തുറമുഖങ്ങൾ, ഊർജ്ജ പ്ലാന്റുകൾ എന്നിവയുൾപ്പെടെ ഫ്രാൻ സിലെ നിർണായക വ്യവസായങ്ങളിലുടനീളം വ്യാപിക്കുന്ന സമരങ്ങളും പിക്ക റ്റുകളും ഈ പ്രതിഷേധങ്ങൾ കൂടിച്ചേർന്നതാണ്.



പാരീസ് 1, പാരീസ് 3, പാരീസ് സിറ്റി സർവ്വകലാശാല എന്നിവിടങ്ങളിൽ നി ന്നുള്ള വിദ്യാർത്ഥികൾ മാലിന്യ തൊഴിലാളികളെ പിന്തുണച്ച് ടോൾബിയാക് കാമ്പസിൽ പ്രതിഷേധിച്ചു, തലസ്ഥാനത്ത് ഉടനീളമുള്ള ഗാരേജ് തൊഴിലാളികളും സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു.

മാക്രോണിന്റെ പെൻഷൻ പരിഷ്കാരങ്ങൾക്കെതിരെ മാർച്ച് 7 ന് മാലിന്യ തൊ ഴിലാളികൾ സമരം ആരംഭിച്ചു, ഒന്നര ആഴ്ച തലസ്ഥാനത്ത് മാലിന്യ ശേഖരണം തടസ്സപ്പെടുത്തി. മാർച്ച് 7 മുതൽ ലെ ഹാവ്രെയിൽ മാലിന്യ നിർമാർജന തൊ ഴിലാളികളും പണിമുടക്കിലാണ്. പണിമുടക്കുന്ന തൊഴിലാളികളെ പിന്തുണയ്ക്കുന്നതിനായി വിദ്യാർത്ഥികളും ഐവ്രിസുർസീനിലെ ഇൻസിനറേറ്ററിലേക്ക് പോയി.

ഐവ്രിസുർസീനിലെ ഒരു ഡിപ്പോയിലെ മാലിന്യ തൊഴിലാളികളുടെ പിക്കറ്റിനെ പോലീസ് ആക്രമിക്കുകയും കണ്ണീർ വാതകം ഉപയോഗിച്ച് ചിതറിക്കുകയും ചെയ്തു. യൂറോപ്പിലാകെ പ്ര ത്യേകിച്ച് യുകെയിൽ ബജറ്റ് നിർദ്ദേശങ്ങൾക്കെതിരെയും വ്യാപക സമരങ്ങൾ നടക്കുകയാണ്.

# സ്കീം തൊഴിലാളികളുടെ സംരക്ഷണം

(സിഐടിയു സംസ്ഥാന സെക്രട്ടറി സ:ടി.പി.രാമകൃഷ്ണൻ എം.എൽ.എ യുടെ 13.03.2023 തീയതിയിലേക്കുള്ള ശ്രദ്ധ ക്ഷണിക്കലും ധനകാര്യ വകുപ്പു മന്ത്രി സ:കെ.എൻ.ബാലഗോപാലിന്റെ മറുപടിയും)



## ചോദ്യം

കേന്ദ്ര സ്കീമിന്റെ ഭാഗമായി ആശാ,അംഗനവാടി,സ്കൂൾ ഹെൽത്ത് നേഴ്സ്, സ്കൂൾ ഉച്ച ഭക്ഷണം പാചകം ചെയ്യൽ, നാഷണൽ ആയുഷ് മിഷൻ, ക്രഷ്, തൊഴിലുറപ്പ് തുടങ്ങിയ





മേഖലകളിൽ ഓരോന്നിനും ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്തു വരുന്നു.അഭ്യസ്തവിദ്യരും തൊഴിൽ വൈദ്യശ്രമുള്ളവരുമാണ് ഈ മേഖലയിൽ മതിയായ പരിരക്ഷയില്ലാതെ ജോലി ചെയ്തു വരുന്നത്. മിനിമം കൂലിയിലും, സാമൂഹ്യക്ഷേമ നടപടികളിലും കേരളം കൈവരിച്ച നേട്ടം പരിഗണിക്കണം. ഇപ്പോഴും തൊഴിലാളികളുടെ സംരക്ഷണത്തിൽ കേരളം മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കേന്ദ്ര സ്കീമിന്റെ ഭാഗമായവരും സംസ്ഥാന സർക്കാരിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നവരുമായ തൊഴിലാളികളുടെ ജീവിത പ്രയാസങ്ങൾ കണക്കിലെടുത്തും, മഹാഭൂരിപക്ഷവും സ്ത്രീ തൊളിലാളികളാണെന്ന പരിഗണന നൽകിയും, മതിയായ ഓണറേറിയവും മറ്റു അനുകുല്യങ്ങളും നൽകാൻ സംസ്ഥാന സർക്കാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### ആശാ പദ്ധതി

കേരളത്തിൽ ആശാ പദ്ധതി 2007 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ 21694 പേർ ഗ്രാമ പ്രദേശങ്ങളിലും 4205 പേർ നഗര പ്രദേശങ്ങളിലും 549 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26448 പേർ ആശ പ്രവർത്തകരായി പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സർക്കാർ എൻ.എച്ച്.എം വഴി നൽകുന്ന 2,000/ രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവും, എൻ.എച്ച്.എം വഴി വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവും സംസ്ഥാന സർക്കാർ വഴി മാസം തോറും നൽകുന്ന 6,000/രൂപ ഹോണറേറിയവുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസം തോറും 1,000/ രൂപ കോവിഡ് ഇൻസെന്റീവായി മാർച്ച് 2022 വരെ നൽകിയിരുന്നു. ആശമാർക്ക് നൽകുന്ന ഇൻസെന്റീവ് കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ലഭ്യമാകുന്നത്. 2022 ഏപ്രിൽ മുതൽ ആശമാർക്ക് പ്രതിമാസം 200/ രൂപ ടെലിഫോൺ അലവൻസ് ആയും നൽകി വരുന്നുണ്ട്. നിലവിൽ ആശാ പ്രവർത്തകർക്ക് രണ്ടുമാസത്തെ ഹോണറേറിയം അനുവദിയ്ക്കുന്ന രീതിയ്ക്ക് പകരം മൂന്ന് മാസത്തെ (ഒരു മാസത്തെ ഹോണറേറിയം അഡ്വാൻസായി) ഹോണറേറിയം നൽകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട് .

### അങ്കണവാടി ജീവനക്കാർ

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവീസസ് (ജനറൽ)നു കീഴിൽ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിൽ (32986 മെയിൻ അങ്കണവാടികളും 129 മിനി അങ്കണവാടികളും) 3315 അങ്കണവാടി വർക്കർമാരും അങ്കണവാടി ഹെൽപ്പർമാരും നിലവിൽ സേവനമനുഷ്ടറിച്ചുവരുന്നുണ്ട്. 27.12.2019 ലെ സ.ഉ (സാധാ)നം.803/2019/സാ.നീ.വ പ്രകാരം 01.04.2019 മുതൽ പ്രാബല്യത്തിൽ അങ്കണവാടി വർക്കർ, മിനി അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് യഥാക്രമം 12,000/രൂപ, 11,000/രൂപ, 8000/രൂപ വീതമാണ് ഹോണറേറിയമായി അനുവദിച്ചു വരുന്നത്.

### ക്രഷ് ജീവനക്കാർ

നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷുകളിലെ വർക്കർമാർക്ക് 2022 ഡിസംബർ മാസം വരെയുള്ള ഹോണറേറിയം നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ശിശുക്ഷേമ സമിതിയിൽ നിന്നു ലഭ്യമാകുന്ന മുറയ്ക്ക് 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ തുക അനുവദിച്ചു.

### മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയ്ക്ക് വേണ്ടി 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തിയിരുന്ന ബജറ്റ് വിഹിതം 73000 കോടി രൂപയായിരുന്നു. നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ചെലവായത് 91112 കോടി രൂപയുമാണ്. എന്നാൽ 2023-24 വർഷത്തെ കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പു പദ്ധതിയ്ക്കായി 60000 കോടി രൂപ മാത്രമാണ് നീക്കി വച്ചത്. നടപ്പു സാമ്പത്തിക വർഷം ആദ്യഘട്ടത്തിൽ 6 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അനുമതിയാണ് സംസ്ഥാനത്തിന് കേന്ദ്രം നൽകിയത്. എന്നാൽ സംസ്ഥാനം നംവബർ മാസത്തിൽത്തന്നെ ഈ ലക്ഷ്യം പിന്നിടുകയും സംസ്ഥാനത്തിന്റെ ലേബർ ബജറ്റ് 8.5 കോടിയായി ഉയർത്തുകയും ചെയ്തു. ഇതുവരെ സംസ്ഥാനം 8.82 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ലേബർ ബജറ്റ് 10.16 കോടിയായി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ലേബർ ബഡ്ജറ്റ് 9.5 കോടിയായി വർദ്ധിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ എംപവേർഡ്. കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

### സ്കൂൾ ഹെൽത്ത് നഴ്സ്

എൻ.എച്ച്.എം വഴി സ്കൂൾ ഹെൽത്ത് നഴ്സിനെ നിയമിച്ചിട്ടുണ്ട്. 1000 ത്തിൽ അധികം പേർ സേവനം അനുഷ്ഠിക്കുന്നു. ഇവർക്കായുള്ള ശമ്പളം കേന്ദ്ര സർക്കാർ എൻ.എച്ച്എം വഴി നൽകി വരുന്നു. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രകാരമാണ് എൻ.എച്ച്എം സ്റ്റാഫിന് ശമ്പള വർദ്ധനവ് നൽകുന്നത്.

### നാഷണൽ ആയുഷ് മിഷൻ

നാഷണൽ ആയുഷ് മിഷൻ മുഖേന സംസ്ഥാനത്ത് 1500ഓളം ജീവനക്കാർ നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. നാഷണൽ ആയുഷ് മിഷന്റെ പദ്ധതി പ്രകാരം അനുവദനീയമായ 5 ശതമാനം വാർഷിക ശമ്പള വർദ്ധനവ് ഈ സാമ്പത്തിക വർഷവും (2022-23) എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. നാഷണൽ ആയുഷ് മിഷനിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കുടിശ്ശിക ഇല്ലാതെ ശമ്പളം കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. ദേശീയ അടിസ്ഥാനത്തിലുള്ള പദ്ധതിയായതിനാൽ സംസ്ഥാനത്തിന്റെ മിനിമം വേതന ഉത്തരവ് അനുസരിച്ചുള്ള ശമ്പളവർദ്ധന നടപ്പിലാക്കാൻ പരിമിതികൾ ഉണ്ട്.

### സ്കൂൾ പാചക തൊഴിലാളികൾ

സ്കൂൾ പാചക തൊഴിലാളികൾ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കീഴിൽ വരുന്നവരാണ്. 01-04-2021 പ്രാബല്യത്തിൽ പാചകതൊഴിലാളികൾക്ക് നല്കിക്കൊണ്ടിരിക്കുന്ന ഹോണറേറിയം 600/ മുതൽ 675/ രൂപയാണ്. സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുള്ള 567.64 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. സ്കൂൾ പാചക തൊഴിലാളികൾക്ക് ഹോണറേറിയം ഉൾപ്പെടെയുള്ള ചെലവുകൾക്കായിട്ടാണ് ഈ തുക.

# ഡബ്ല്യൂ.എഫ്.ടി.യുവും
# യുവ ട്രേഡ് യൂണിയൻ പ്രവർത്തകരുടെ അന്തർ ദേശീയ സമ്മേളനവും

**ലോകത്തിലെ മുഖ്യ പ്രശ്ന ങ്ങളിലൊന്ന് സ്ത്രീകളെയും പുരുഷന്മാരെയും സംബ ന്ധിച്ച് യുവാക്കളുടെ തൊഴി ലില്ലായ്മയാണ്. യുവ തൊഴി ലാളികളുടെ ഏറ്റവും വലിയ പ്രശ്നം സ്ഥിരമായി ജോലി ലഭിക്കാതിരിക്കലാണ്. ഇട ത്തരം സംരംഭങ്ങളും വൻ സംരംഭങ്ങളും തുച്ഛമായ വേതനത്തിന് തൊഴിലാ ളികളെ വാടകക്കെടുത്ത് സാമൂഹികവും തൊഴിൽ പരവുമായ അവകാശങ്ങ ളൊന്നും നൽകാതെ ട്രേഡ് യൂണിയൻ അംഗമാകാതെ, സംഘടിതരാകാതെ പുതിയൊരു തൊഴിൽ കരാ റിനായി കാത്തിരിക്കുക എന്ന മാനസികാഘാതം കൂടി ഏൽപ്പിക്കുന്നു.**



എൻ.പത്മലോചനൻ

ദി ജനറൽ കോൺഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസും അവരുടെ വർഗാധിഷ്ഠിതമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ 2009 നവംബർ 18,19,20 തിയ്യതികളിൽ പെറുവിലെ ലിമയിൽ യുവ ട്രേഡ് യൂണിയൻ പ്രവർത്തകരുടെ ആദ്യ സാർവ്വദേശീയ സമ്മേളനം സംഘടിപ്പിച്ചു. ഈ സുപ്രധാന സമ്മേളനത്തിൽ 5 വൻകരകളിൽ നിന്നുള്ള നിരവധി യുവ ട്രേഡ് യൂണിയൻ പ്രവർത്തകർ പങ്കെടുത്തു.

ലോകത്തിലെ മുഖ്യ പ്രശ്നങ്ങളിലൊന്ന് സ്ത്രീകളെയും പുരുഷന്മാരെയും സംബന്ധിച്ച് യുവാക്കളുടെ തൊഴിലില്ലായ്മയായിരുന്നു. ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ നൽകുന്ന റിപ്പോർട്ടുകളനുസരിച്ച് 1995 മുതൽ 2005 വരെയുള്ള ദശാബ്ദത്തിൽ ലോകത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണം 740 ദശലക്ഷത്തിൽ നിന്നും 850 ദശലക്ഷമായി ഉയർന്നു. കണക്കുകൾ പ്രകാരം തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം പത്തുകോടിയിലേറുമായിരുന്നു.

യുവ തൊഴിലാളികളുടെ ഏറ്റവും വലിയ പ്രശ്നം സ്ഥിരമായി ജോലി ലഭിക്കാതിരിക്കുന്നതാണ്. വില കുറഞ്ഞ കരാറുകൾ വഴി' സ്ഥിരമായി ജോലി നിഷേധിക്കുന്നു. ഇടത്തരം സംരംഭങ്ങളും വൻ സംരംഭങ്ങളും തുച്ഛമായ വേതനത്തിന് തൊഴിലാളികളെ വാടകക്കെടുത്ത് സാമൂഹികവും തൊഴിൽപരവുമായ അവകാശങ്ങളൊന്നും നൽകാതെ ട്രേഡ് യൂണിയൻ അംഗമാകാതെ, സംഘടിതരാകാതെ പുതിയൊരു തൊഴിൽ കരാറിനായി കാത്തിരിക്കുക എന്ന മാനസികാഘാതം കൂടി ഏൽപ്പിക്കുന്നു.

നവ ലിബറൽ ഗവൺമെന്റുകൾ അടിച്ചേൽപ്പിക്കുന്ന നിയമങ്ങൾ വഴി അവർ യുവ ജനങ്ങൾക്ക് ട്രേഡ് യൂണിയ

നുകളിൽ പങ്കാളിയാവുന്നത് തടയുന്നു. ഈ സ്ഥിതി തുടരുക വഴി വികസ്വര രാജ്യങ്ങളിൽ ട്രേഡ് യൂണിയൻ പ്രവർത്തനം അപകട സ്ഥിതിയിലാവുന്നു.

ഈ സാഹചര്യമാവാം ലാറ്റിൻ അമേരിക്ക, ഏഷ്യ, ആഫ്രിക്ക തുടങ്ങി സോഷ്യലിസ്റ്റ് ചേരി നിലവിലുള്ള രാജ്യങ്ങളിൽ നിന്ന് വരെ അനേകം യുവതി യുവാക്കളെ വികസിത രാജ്യങ്ങളായ അമേരിക്ക, ജപ്പാൻ, യൂറോപ്യൻ യൂണിയൻ തുടങ്ങി മറ്റ് രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകാൻ പ്രേരിപ്പിച്ചത്. തുച്ഛമായ വേതനം നൽകി പലപ്പോഴും അവരെ നിയമ വിരുദ്ധമായി അല്ലെങ്കിൽ രേഖപ്പെടുത്താത്തവരായി കണക്കാക്കുന്നു.

മുതലാളിത്തം സൃഷ്ടിക്കുന്ന പ്രതിസന്ധി ഘട്ടത്തിലൂടെ യൂറോപ്പിലെ തൊഴിലാളികൾ കടന്നു പോകുന്ന പ്രയാസകരമായ സ്ഥിതിവിശേഷമുള്ളതിനാൽ ഈ സമ്മേളനത്തിന് സവിശേഷ പ്രാധാന്യമുണ്ടായിരുന്നു.

ഡബ്ല്യു.എഫ്.ടി.യു വിന്റെ അന്തർദേശീയ ട്രേഡ് യൂണിയൻ സമ്മേളനം 2009 ഒക്ടോബർ 5, 6 തിയ്യതികളിൽ ബെൽജിയത്തിലെ ബ്രസൽസിൽ നടന്നു. അഞ്ചു വൻകരകളിൽ നിന്നുള്ള ട്രേഡ് യൂണിയൻ പ്രവർത്തകർ ഈ സുപ്രധാന സമ്മേളനത്തിൽ പങ്കെടുത്തു. സാമ്പത്തിക പ്രതിസന്ധി, മാന്യമായ തൊഴിൽ തുടങ്ങിയ വിഷയങ്ങളിൽ ട്രേഡ് യൂണിയനുകളുടെ പങ്കാണ് പങ്കെടുത്തവർ ചർച്ചക്ക് വിധേയമാക്കിയത്.

ചെഗുവേരയുടെ രക്തസാക്ഷി ദിനത്തിന്റെ 43ാം വാർഷിക ദിനാചരണം സവിശേഷമായിരുന്നു. കമ്മ്യൂണിസ്റ്റ് വിപ്ലവകാരിയും ഇതിഹാസ നായകനുമായ ചെഗുവേര കൊല ചെയ്യപ്പെട്ടത് 1967 ഒക്ടോബർ 9നായിരുന്നു.

ആ അനശ്വര വിപ്ലവകാരിയുടെ രക്തസാക്ഷിത്വത്തിന്റെ 43ാം വാർഷിക ദിനമായ ഒക്ടോബർ 9 ഡബ്ല്യു. എഫ്.ടി.യു സമുചിതമായി ആചരിച്ചു.

### ലോക സോഷ്യൽ ഫോറം:

1996 ൽ മെക്സിക്കോയിലെ ചിയാപ്പസിൽ സപ്പാത്തിസ്റ്റുകൾ സംഘടിപ്പിച്ച ഫസ്റ്റ് ഇന്റർനാഷണൽ എൻകൗണ്ടർ ഫോർ ഹ്യൂമാനിറ്റി ആൻഡ് എഗൈൻസ്റ്റ് നിയോലിബറലിസം എന്ന സംഘടനയിലാണ് ലോക സോഷ്യൽ ഫോറത്തിന്റെ വേരുകൾ സ്ഥിതി ചെയ്യുന്നത്. സാർവ്വ ദേശീയ തലത്തിൽ ജനങ്ങളുടെ ഐക്യപ്പെടലും ദൃഢീകരണവും 1990 ലെ സിയാറ്റിൽ പ്രക്ഷോഭത്തോട് കൂടി നാടകീയമായ ചുവട് വെയ്പ്പ് നടത്തി. ആ പ്രക്ഷോഭത്തിന് ലോക വ്യാപാര സംഘടനയുടെ കൂടിയാലോചനകൾ തടസ്സപ്പെടുത്തുന്നതിന് കഴിഞ്ഞു. അതിനെ തുടർന്ന് 2001 ജനുവരിയിൽ പേർട്ടോ അലേഗ്രയിൽ 10000 പേർ ഒത്തുചേർന്നതായിരുന്നു ഒന്നാം ലോക സോഷ്യൽ ഫോറം. പോർട്ടോ അലേഗ്രയിൽ ലോക സോഷ്യൽ ഫോറം സൃഷ്ടിച്ചത് ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള സാധാരണക്കാരായ ആളുകൾക്ക് ഒത്തുചേരുവാനുള്ള തുറസ്സായ ഇടമായിരുന്നു.

ലോക സോഷ്യൽ ഫോറം ജനകീയ അധികാരത്തിന്റെ വക്താവായിരുന്നു. വർഗപരമായ കാഴ്ചപാടില്ലാത്ത ചില ബുദ്ധിജീവികൾ ഇതിനെ ലോകത്തിലെ രണ്ടാമത്തെ വൻ ശക്തി എന്ന് വിശേഷിപ്പിച്ചു. സൈദ്ധാന്തികമായി സാമ്പത്തിക വളർച്ചക്കായി വാദിക്കുകയും അതെ സമയം പ്രായോഗികമായി ധനികരും ദരിദ്രരും തമ്മിലുള്ള അസമത്വത്തിൽ കുത്തനെ വർധനവുണ്ടാകുന്നതിനു ഇടയാക്കുകയും ചെയ്യു. ആ നവലിബറൽ സാമ്പത്തിക നയങ്ങളെ സോഷ്യൽ ഫോറം നിരാകരിച്ചു.

'മറ്റൊരു ലോകം സാധ്യമാണ്' എന്ന മുദ്രാവാക്യത്തിൻ കീഴിൽ അതിന്റെ ജന്മലക്ഷ്യങ്ങൾ സംബന്ധിച്ച് വിളംബരത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ഏതു വിധത്തിലുള്ള സാമ്രാജ്യത്വത്തിനും ലോകത്തിനു മേൽ മൂലധന ആധിപത്യം ഉറപ്പിക്കുന്നതിനും നവലിബറൽ നയത്തിനും എതിരായും സൗഹാർദ പൂർണമായ ബന്ധങ്ങൾ നിലനിർത്തുന്ന സമൂഹം കെട്ടിപ്പടുക്കാൻ പ്രതിബദ്ധത ഉള്ളതുമായ സിവിൽ സൊസൈറ്റി പ്രസ്ഥാനങ്ങളുടെയും ഗ്രൂപ്പുകളുടെയും പ്രക്ഷോഭങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും അനുഭവങ്ങൾ സ്വതന്ത്രമായി കൈമാറുന്നതിനും നിർദേശങ്ങൾ രൂപം നൽകുന്നതിനും ആശയങ്ങളെക്കുറിച്ച് ജനാധിപത്യപരമായ സംവാദങ്ങളിൽ ഏർപ്പെടുന്നതിനും വിവിധ ചിന്താഗതികൾ പ്രതിഫലിപ്പിക്കുന്നതിനുമുള്ള തുറസ്സായ ഒരു ഒത്തുചേരൽ ഇടമാണിത്.

ബ്രസീലിയൻ ട്രേഡ് യൂണിയൻ സംഘടന ആയിരുന്നു ഈ ആശയം അവതരിപ്പിച്ചത്. നവഉദാരവൽക്കരണത്തിനും സാമ്രാജ്യത്വത്തിനുമെതിരെ എല്ലാവരെയും ഒന്നിച്ച് കൂട്ടുക എന്നത് പുതുമയുള്ള ഒരാശയമായിരുന്നു. എല്ലാ ട്രേഡ് യൂണിയൻ സംഘടനകൾക്കും യുവജന സംഘടനകൾക്കും വനിതകളുടെയും ബുദ്ധിജീവികളുടെയും എഴുത്തുകാരുടെയും കലാകാരന്മാരുടെയും പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കും ഫോറത്തിന്റെ വാതിലുകൾ തുറന്നു കൊടുത്തിരിക്കുന്നു. ആഗോളവൽക്കരണത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും സൗഹാർദങ്ങളിൽ ഏർപ്പെടാനും ഒരു നിയന്ത്രണവുമില്ലാതെ വ്യത്യസ്തമായ വേദികൾ ഒരുക്കുന്നു.

മറ്റൊരു ലോകം സാധ്യമാണ് എന്നതായിരുന്നു ഫോറം മുന്നോട്ട് വെക്കുന്ന മുഖ്യ ചർച്ചാ വിഷയം. ഒരു വർഗ്ഗ വീക്ഷണം മുന്നോട്ട് വെക്കുന്നില്ലെങ്കിലും മറ്റൊരു ലോകമെന്നതിന് വ്യക്തമായ നിർവ്വചനം അവതരിപ്പിക്കുന്നില്ലെങ്കിലും പുരോഗമന സ്വഭാവമുള്ള ട്രേഡ് യൂണിയനുകളും ഡബ്ല്യു.എഫ്.ടി.യു വും സോഷ്യൽ ഫോറത്തിൽ പങ്കെടുത്തു.

# ഹിൽ ഇന്ത്യ അടച്ചുപൂട്ടാനുള്ള തീരുമാനം പിൻവലിക്കുക

## കീടനാശിനിയുടെ ഉത്പാദനവും വിതരണവും സ്വകാര്യ കുത്തകകൾക്ക് തീറെഴുതരുത്

### സേവ് ഹിൽ ഇന്ത്യ ഫോറം



ദാരിദ്ര നിർമ്മാജനത്തിനായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക മേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ കീടനാശിനികൾ ഉത്പാദിപ്പിക്കുക, മലമ്പനി, കരിമ്പനി തുടങ്ങിയ മഹാമാരിയിൽ നിന്നും ജനങ്ങളുടെ ആരോഗ്യത്തിനും ജീവനും പരിരക്ഷ ഉറപ്പാക്കാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1956 ൽ കേരളത്തിൽ ഉദ്യോഗമണ്ഡലിൽ എച്ച് ഐ എൽ പ്രവർത്തനം ആരംഭിച്ചത്. ഇന്ത്യയിൽ കീടനാശിനി ഉത്പാദിപ്പിക്കുന്ന ഏക കേന്ദ്രപൊതുമേഖലാ സ്ഥാപനമാണ് എച്ച് ഐ എൽ. എൻഡോസൾഫാൻ, ഡിഡിറ്റി തുടങ്ങിയ കീടനാശിനികളുടെ നിരോധനത്തേതുടർന്ന് ഹിൽ ഇന്ത്യ പ്രകൃതിസൗഹൃദ ഉൽപന്നങ്ങളായ മാംഗോസ്, പെന്റിമെത്തലിൻ, ഗ്ലൈഫോസൈറ്റ്, ഫീൽ ഗോൾഡ്, ഹിൽബാൻ തുടങ്ങിയ കീടനാശിനികളുടെ ഉത്പാദനവും ജൈവ ഉൽപന്നങ്ങളുടേയും രാസവളം, കർഷിക വിത്തുകൾ എന്നിവയുടെ വിപണനവും ആരംഭിച്ചു.

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഉൽപാദനവും വിപണനവും വർദ്ധിച്ച ഹിൽ ഇന്ത്യ, മിനിരത്നാ കമ്പനിയായി വളർന്നു. വിറ്റുവരവ് 380 കോടി രൂപയിലേക്ക് ഉയർന്നു. എന്നാൽ നവ ഉദാരവൽക്കരണ നയങ്ങൾളുടെ ഭാഗമായി സ്വകാര്യ കുത്തക കീടനാശിനി കമ്പനികൾക്കുവേണ്ടി ഹിൽ ഇന്ത്യയെ തകർക്കാൻ ആസൂത്രിതമായ നീക്കങ്ങളാണ് നടന്നത്. അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കാതെയും, മറ്റു പല രീതിയിലും ഉദ്യോഗമണ്ഡൽ യൂണിറ്റിനെ നിശ്ചലമാക്കാൻ കോർപ്പറേറ്റ് മാനേജ്മെന്റ് ആസൂത്രിതമായിട്ടാണ് നീങ്ങിയത്. കേന്ദ്ര കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസർ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന എച്ച് ഐ എല്ലിന് ലോക ആരോഗ്യ സംഘടനയുടെ അഗ്രഡേഷനും ഗ്രാൻഡും തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കീടനാശിനി ഉത്പാദനം നിറുത്തി. പ്രവർത്തനം ട്രേഡിങ്ങിൽ മാത്രം ഒതുക്കി.കേന്ദ്രസർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നയവും, കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും മൂലം പ്ലാന്റുകൾ നിശ്ചലമാക്കിയിട്ടിരിക്കുന്ന സന്ദർഭത്തിലാണ് കേരളത്തിലെ ഉദ്യോഗമണ്ഡൽ യൂണിറ്റും പഞ്ചാബിലെ ബട്ടിൻഡ്യ യൂണിറ്റും അടച്ചുപൂട്ടാനുള്ള തീരുമാനം നീതി അയോഗ് നിർദ്ദേശം പ്രകാരം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്.

കഴിഞ്ഞ അഞ്ചുമാസമായി ഉദ്യോഗമണ്ഡൽ യൂണിറ്റിലെ തൊഴിലാളികൾക്ക് ശമ്പളം ലഭിക്കുന്നില്ല. കാൻറീൻ തൊഴിലാളികൾക്ക് പത്തുമാസമായി ശമ്പളമില്ല. കരാർ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ശമ്പളം ലഭിക്കാത്തതിനാൽ സെക്യൂരിറ്റി ജീവനക്കാർ ജോലി ഉപേക്ഷിച്ചു പോയി. വിരമിക്കു

ന്നവർക്ക് ഗ്രാറ്റിവിറ്റിയോ പെൻഷനോ ലഭിക്കുന്നില്ല. ഹിൽ ഇന്ത്യയെ സംരക്ഷിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ മുമ്പാകെ യൂണിയനുകൾ സംയുക്തമായി ഉന്നയിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ സാധ്യത പോലും പരിഗണിക്കാതെ ഹിൽ ഇന്ത്യ അടച്ചുപൂട്ടി സ്വകാര്യ കീടനാശിനി കമ്പനികൾക്ക് ഇന്ത്യൻ വിപണി അടക്കി വാഴാൻ ഒത്താശ ചെയ്യുകയാണ് കേന്ദ്രസർക്കാർ.

പ്രതിവർഷം 13,000 മെട്രിക് ടൺ കീടനാശിനിയാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത്. ഇത് ഇനിയും പല മടങ്ങ് വർദ്ധിക്കും. ഇറക്കുമതി ചെയ്യുന്ന കീടനാശിനിയുടെയും രാസവളത്തിന്റെയും പൊള്ളുന്ന വില മൂലം കർഷകർ വലിയ പ്രതിസന്ധിയിലാണ്

ഹിൽ ഇന്ത്യ പ്രവർത്തനം നിറുത്തിയതോടെ ഇവിടെ ഉത്പാദിപ്പിച്ചിരുന്ന കീടനാശിനികളുടെ വില ഇരട്ടിയിലധികമായിട്ടാണ് വർദ്ധിച്ചത്. 141 കോടി ജനങ്ങളുടെ വിശപ്പകറ്റാൻ ഇന്ത്യയിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്താൻ കീടനാശിനികളും രാസവളവും കുറഞ്ഞ വിലക്ക് ലഭ്യമാക്കേണ്ടതുണ്ട്. അതിന് പൊതുമേഖലകൾ സംരക്ഷിക്കപ്പെടണം.

ഈ പശ്ചാത്തലത്തിലാണ് രാജ്യതാൽപര്യത്തിനു വിരുദ്ധമായി ഹിൽ ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനം അടച്ചു പൂട്ടാനുള്ള തീരുമാനത്തിനെതിരെ ശക്തമായ പ്രതിഷേധ സമരവുമായി മുന്നോട്ടു പോകാൻ സേവ് ഹിൽ ഇന്ത്യ ഫോറം തീരുമാനിച്ചിട്ടുള്ളത്. ഹിൽ ഇന്ത്യയെ സംരക്ഷിക്കാനുള്ള പോരാട്ടങ്ങൾക്ക് എല്ലാവിധത്തിലുള്ള പിന്തുണയും ഉണ്ടാകണമെന്നും തൊഴിലാളികളോടും ബഹുജനങ്ങളോടും അഭ്യർത്ഥിക്കുന്നു

# ഇന്ത്യയിൽ ഏറ്റവും മോശമായ 'ഏകാധിപത്യം' ഗോതെൻബർഗ് സർവകലാശാല വി ഡെം റിപ്പോർട്ട്




ഏറ്റവും മോശമായ ഏകാധിപത്യം നിലനിൽക്കുന്ന രാജ്യങ്ങളിലൊന്നായി ഇന്ത്യ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ മാറിയെന്ന് സ്വീഡനിലെ ഗോതെൻബർഗ് സർവകലാശാല വി ഡെം (വെറൈറ്റീസ് ഓഫ് ഡെമോക്രസി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട്. ഏകാധിപത്യപ്രവണതയുടെ ഭാഗമായി മാധ്യമങ്ങൾക്കും പൗരസമൂഹത്തിനും നേരെയുള്ള കടന്നാക്രമണം വർധിച്ചു. അക്കാദമിക്, സാംസ്കാരിക സ്വാതന്ത്ര്യവും അഭിപ്രായപ്രകടന സ്വാതന്ത്ര്യവും അപകടത്തിലായി. വ്യാജവാർത്തകളുടെ പ്രചാരണം, ധ്രുവീകരണം, ഏകാധിപത്യവൽക്കരണം എന്നിവ പരസ്പരബന്ധിതമാണെന്ന് റിപ്പോർട്ടിൽ വിശദീകരിക്കുന്നു.

അഫ്ഗാനിസ്ഥാൻ, ഇന്ത്യ, മ്യാന്മർ, ബ്രസീൽ എന്നീ രാജ്യങ്ങളെ ഇതിന് ഉദാഹരണമായി പറയുന്നു. 2023ലെ റിപ്പോർട്ടിൽ ജനാധിപത്യ സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യക്ക് 97ാം സ്ഥാനമാണ്. 50 ശതമാനത്തിൽ താഴെയാണ് പോയിന്റ്. തെരഞ്ഞെടുപ്പ് ജനാധിപത്യ സൂചികയിൽ 108ാം സ്ഥാനത്തും സമത്വസൂചികയിൽ 123ാം സ്ഥാനത്തുമാണ് ഇന്ത്യ. വോട്ടെടുപ്പിലൂടെ ഏകാധിപത്യം വന്ന രാജ്യമാണ് ഇന്ത്യയെന്ന് 2021ലെ റിപ്പോർട്ടിൽ വി ഡെം ഇന്ത്യയെ വിശേഷിപ്പിച്ചിരുന്നു. അക്കൊല്ലംതന്നെ, ഇന്ത്യയിൽ സ്വാതന്ത്ര്യം ഭാഗികമാണെന്ന് വാഷിങ്ടൺ ഡിസി ആസ്ഥാനമായ ഫ്രീഡം ഹൗസ് റിപ്പോർട്ടിൽ പറഞ്ഞു.

## അടിയന്തരാവസ്ഥയ്ക്ക് സമം

സ്വീഡൻ കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡെമോക്രസി ആൻഡ് ഇലക്ടറൽ അസിസ്റ്റൻസ് ഇന്ത്യയെ ജനാധിപത്യം തകർച്ചയിലേക്ക് നീങ്ങിയ പ്രധാന രാജ്യങ്ങളുടെ പട്ടികയിൽപ്പെടുത്തി. ഇവരുടെ ആഗോള ജനാധിപത്യ റിപ്പോർട്ടിൽ ഇന്ത്യക്ക് നൽകിയത് ഏതാണ്ട് അടിയന്തരാവസ്ഥക്കാലത്തേതിനു തുല്യമായ സ്കോറാണ്. സർക്കാരിന്റെ ജനകീയസ്വഭാവം 1975ൽ 0.59 ആയിരുന്നത് 1995ൽ 0.69 ആയി ഉയർന്നു. 2020ൽ ഇത് ഇടിഞ്ഞ് 0.61 ആയി. മതസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ ശ്രീലങ്കയ്ക്കും ഇന്തോനേഷ്യക്കും ഒപ്പം ഏറ്റവും കുറഞ്ഞ സ്കോറാണ് ഇന്ത്യക്ക് നൽകിയിട്ടുള്ളത്.

# പ്ലാന്റേഷൻ തൊഴിലാളികൾ പ്രക്ഷോഭത്തിലേക്ക്

**കരാർ വൽക്കരണത്തിന്റെയും കൂലി വെട്ടിക്കുറയ്ക്കലിന്റെയും പിരിച്ചുവിടലിന്റെയും തൊഴിൽ നിഷേധത്തിന്റെയും ഭാഗമായിട്ടുള്ള തോട്ടം ഉടമകളുടെ സമീപനം ഒരുഭാഗത്ത് നടക്കുമ്പോൾ മറുഭാഗത്ത് തോട്ടങ്ങൾ കോർപ്പറേറ്റുകൾ കയ്യടക്കുന്ന സ്ഥിതി വന്നിരിക്കുകയാണ്.**



**സി.കെ.ഉണ്ണികൃഷ്ണൻ**
(ദേശീയ പ്രസിഡന്റ്, AIPWF)

ആഗോള വത്ക്കരണത്തിന്റെയും മോണിറ്റൈസേഷന്റെയും കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ കോവിഡിന്റെയും പശ്ചാത്തലത്തിൽ തോട്ടം മേഖല ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. കരാർ വൽക്കരണത്തിന്റെയും കൂലി വെട്ടിക്കുറയ്ക്കലിന്റെയും പിരിച്ചുവിടലിന്റെയും തൊഴിൽ നിഷേധത്തിന്റെയും ഭാഗമായിട്ടുള്ള തോട്ടം ഉടമകളുടെ സമീപനം ഒരുഭാഗത്ത് നടക്കുമ്പോൾ മറുഭാഗത്ത് തോട്ടങ്ങൾ കോർപ്പറേറ്റുകൾ കയ്യടക്കുന്ന സ്ഥിതി വന്നിരിക്കുകയാണ്.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ തേയിലത്തോട്ടങ്ങളിൽ 400 രൂപ കൂലി ലഭിക്കുമ്പോൾ ബംഗാളിൽ 232 രൂപയാണ് ഇപ്പോൾ കൂലി കൊടുക്കുന്നത്. 15 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ആസാമിലെ സ്ഥിതി പരമദയനീയമാണ്. ആസാം, ബംഗാൾ, ത്രിപുര, കേരളം, തമിഴ്നാട് കർണാടകം, ആൻഡമാൻ നിക്കോബാർ എന്നീ സംസ്ഥാനങ്ങളിലാണ് പ്രധാനമായും തോട്ടം വ്യവസായം നിലനിൽക്കുന്നത്. റബ്ബറിന്റെ 90 ശതമാനവും ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണെങ്കിലും ഗുരുതരമായ പ്രതിസന്ധി ഈ മേഖല അഭിമുഖീകരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നടത്തുന്ന കോർപ്പറേറ്റ് വൽക്കരണത്തിന്റെ ഭാഗമായി 1947ൽ നിലവിൽ വന്ന റബർ ആക്റ്റും അതിന്റെ ഭാഗമായ റബ്ബർബോർഡും എല്ലാം വന്ധ്യംകരിക്കുന്ന ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുകയാണ്. പൂർണ്ണമായിട്ടും കേന്ദ്ര ഗവൺമെന്റിന്റെ സ്വാധീനത്തിൽ കോർപ്പറേറ്റുകളുടെ കയ്യിൽ റബർ മേഖല അകപ്പെട്ടുപോകും. കേരളത്തിലെ മൂന്നുലക്ഷത്തോളം തോട്ടം തൊഴിലാളികളും അതിലധികം വരുന്ന റബ്ബർ കർഷകരും ഒക്കെ പ്രതിസന്ധിയിൽ അകപ്പെടാൻ പോവുകയാണ്.

തേയില, റബർ, കാപ്പി ഏലം തോട്ടങ്ങളിൽ പണിയെടുക്കുന്ന 40 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ട്. പ്രസ്തുത തൊഴിലാളികളുടെ സമര സംഘടനയായ ഓൾ ഇന്ത്യ പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷന്റെ പത്താമത് ദേശീയ സമ്മേളനം ഡിസംബർ 1,2 തീയതികളിൽ പശ്ചിമബംഗാളിൽ ഉള്ള ഡാർജിലിങ്ങിൽ വച്ച് നടന്നു.

ഡാർജിലിംഗ് റെയിൽവേ സ്റ്റേഷനിൽ നിന്ന് ആരംഭിച്ച വമ്പിച്ച തൊഴിലാളി പ്രകടനത്തോടെ കൂടിയാണ് സമ്മേളനം തുടങ്ങിയത്. പ്രസ്തുത തൊഴിലാളി പ്രകടനത്തിന് ശേഷം നടന്ന പൊതു സമ്മേളനം സി.ഐ.ടി.യു അഖിലേന്ത്യാ ജനറൽ സെക്രട്ടറി സഖാവ് തപൻ സെൻ ഉദ്ഘാടനം ചെയ്തു . അതിനു ശേഷം നടന്ന പ്രതി നിധി സമ്മേളനം സിഐടിയു അഖിലേന്ത്യാ പ്രസിഡന്റ് ഡോക്ടർ കെ. ഹേമലത ഉദ്ഘാടനം ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളി പ്രതിനിധികൾ രണ്ട് ദിവസത്തെ ചർച്ചയിൽ പങ്കെടുത്തു. ചർച്ചകൾക്ക് ജനറൽ സെക്രട്ടറി മറുപടി പറഞ്ഞു.

ദേശീയ പ്രസിഡന്റ് ആയിട്ട് സി .കെ ഉണ്ണികൃഷ്ണൻ (കേരളം), ജനറൽ സെക്രട്ടറി സിയഉൾആലം(പശ്ചിമ ബംഗാൾ), ഖജാൻജി ആയി ആഷിഷ് ദത്ത (ആസാം) എന്നിവരടക്കം 17 അംഗ ഭാരവാഹികൾ അടക്കം 43 അംഗങ്ങളടങ്ങുന്ന വർക്കിംഗ് കമ്മിറ്റിയെ തിരഞ്ഞെടുത്തു. സമ്മേളനം വ്യവസായത്തിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ആവശ്യങ്ങൾ അടങ്ങുന്ന ചാർട്ടർ ഓഫ് ഡിമാൻഡ് അംഗീകരിച്ചു .

# തെരഞ്ഞെടുപ്പ് കമീഷനെ സ്വതന്ത്രമാക്കുന്ന വിധിന്യായം

ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ നിർണായക ഇടപെടലായി രേഖപ്പെടുത്താവുന്ന ഒന്നാണ് തെരഞ്ഞെടുപ്പ് കമീഷണർ നിയമനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി. നാല് ഹർജി ഒന്നിച്ചു പരിഗണിച്ചായിരുന്നു വിധി. കെ എം ജോസഫ്, അജയ് രസ്തോഗി, അനിരുദ്ധ ബോസ്, ഋഷികേശ് റോയ്, സി ടി രവികുമാർ എന്നിവരടങ്ങിയ ബെഞ്ചിൽ ജസ്റ്റിസ് കെ എം ജോസഫാണ് വിധിന്യായം എഴുതിയത്. അതിനെ പിന്തുണച്ച് ജസ്റ്റിസ് അജയ് രസ്തോഗി പ്രത്യേക വിധിന്യായവും എഴുതി. പലതുകൊണ്ടും ഏറെ ശ്രദ്ധേയവും പ്രധാനവുമാണ് ഈ വിധി. അഞ്ചംഗ ബെഞ്ചിൽ ആരും വിയോജിപ്പ് പ്രകടിപ്പിച്ചില്ല. ഭരണഘടനാ സ്ഥാപനങ്ങളിലേക്കുള്ള മോദി ഭരണത്തിന്റെ കൈകടത്തലിനും പിടിച്ചടക്കലിനുമെതിരെ നീതിന്യായ വിഭാഗത്തിൽനിന്നുള്ള ശക്തമായ തിരിച്ചടിയാണ് ഈ വിധി.

നിയമനിർമാണ മേഖലയുടെയും നിർവഹണ വിഭാഗത്തിന്റെയും മേഖലകളിലേക്ക് നീതിന്യായ വിഭാഗം അതിക്രമിച്ചു കയറി, നീതിന്യായ വിഭാഗത്തിന്റെ നിയമനിർമാണം, തുടങ്ങി എതിരെ ഉയരാവുന്ന എല്ലാ വിമർശങ്ങൾക്കും ഒരു സാധ്യതയും നൽകാത്ത വിധത്തിൽ പഴുതടച്ച വിധി. വാദിഭാഗത്തിന്റെയും സർക്കാർ ഭാഗത്തുനിന്നുള്ള അറ്റോർണി ജനറലിന്റെയും സോളിസിറ്റർ ജനറലിന്റെയും വാദമുഖങ്ങളെടുത്ത് എഴുതി ഓരോ വാദത്തെയും സവിശേഷമായി പരിശോധിക്കുന്നു. ഭരണഘടനാ നിർമാണസഭയിലെ ചർച്ചകൾ, ഭരണഘടന അനുച്ഛേദങ്ങൾ, ബന്ധപ്പെട്ട നിയമത്തിലെ വകുപ്പുകൾ, ഇതിനു മുമ്പുണ്ടായ സുപ്രീംകോടതി വിധികൾ എന്നിവ സവിശേഷമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. ഭാവിയിൽ ഭരണാധികാരികൾ തങ്ങളുടെ ഇച്ഛാവർത്തികളെക്കൊണ്ട് കമീഷനെ നിറയ്ക്കാനുള്ള ആപൽസാധ്യതകളെ എച്ച് എൻ കുൻസ്റുവിനെപ്പോലുള്ള ഭരണഘടനാ നിർമാണസഭയിലെ അംഗങ്ങൾ മുൻകൂട്ടി കണ്ടിരുന്നു.

ഈ കേസ് പരിഗണിച്ചുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെയാണ് സുപ്രീംകോടതിയുടെതന്നെ ഭാഷയിൽ 'മിന്നൽ വേഗത്തിൽ' കേന്ദ്ര സർക്കാർ അരുൺ ഗോയലിനെ തെരഞ്ഞെടുപ്പ് കമീഷണറായി നിയമിച്ചത്. മെയ് അഞ്ചുമുതൽ നിലനിൽക്കുന്ന ഒഴിവാണ് ഒറ്റദിവസംകൊണ്ട് നികത്തിയത്. 2022 നവംബർ 18ന് ഒഴിവ് നികത്തുന്നതിനുള്ള അനുമതി തേടുന്നു. അന്നുതന്നെ പരിഗണിക്കപ്പെടാവുന്ന ഐഎഎസ് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ഡിസംബറിൽ വിരമിക്കേണ്ട അരുൺ ഗോയൽ സ്വമേധയാ വിരമിക്കലിനുള്ള അപേക്ഷ നൽകുന്നു. അന്നുതന്നെ പ്രധാനമന്ത്രി അദ്ദേഹത്തെ തെരഞ്ഞെടുപ്പ് കമീഷണറായി നിയമിക്കുന്നതിനുള്ള ശുപാർശ നൽകുന്നു. സ്വമേധയാ വിരമിക്കലിനുള്ള മൂന്നു മാസ പരിധിയിൽനിന്ന് അരുൺ ഗോയൽ ഇളവ് തേടിയുള്ള അപേക്ഷ നൽകുന്നു. അന്നുതന്നെ നിയമനവും നടത്തി.

ഭരണഘടനാ സ്ഥാപനങ്ങളിൽ തങ്ങളുടെ ആളുകളെക്കൊണ്ട് നിറയ്ക്കുന്ന തന്ത്രത്തിനാണ് ഇപ്പോൾ കടിഞ്ഞാൺ വീഴുന്നത്. പ്രധാനമന്ത്രി, ചീഫ് ജസ്റ്റിസ്,




പ്രതിപക്ഷ നേതാവ് അല്ലെങ്കിൽ പ്രതിപക്ഷത്തുള്ള മുഖ്യ രാഷ്ട്രീയ കക്ഷിയുടെ പ്രതിനിധി എന്നിവരടങ്ങിയ ഒരു കമ്മിറ്റിയുടെ ശുപാർശ പ്രകാരമായിരിക്കണം കമീഷണറെ നിയമിക്കേണ്ടതെന്ന് വരുന്നതോടെ ഭരണപക്ഷത്തിന്റെ അപ്രമാദിത്വം അവസാനിക്കുകയാണ്. സാങ്കേതികമായി പ്രതിപക്ഷ നേതാവ് ഇല്ലാത്ത സാഹചര്യത്തെക്കൂടി കണ്ട് വലിയ പ്രതിപക്ഷ കക്ഷിയുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തിയെന്നതും ശ്രദ്ധേയമാണ്. മറ്റൊന്ന് കമീഷണർമാർക്ക് ആറു വർഷം പൂർത്തിയാക്കാനുള്ള അവസരം ഉണ്ടാകണമെന്ന നിർദേശമാണ്. മോദിയുടെ സർവാധിപത്യ പ്രവണതകളും എല്ലാ ഭരണഘടനാ സ്ഥാപനങ്ങളെയും കൈപ്പിടിയിൽ ഒതുക്കുകയും ചെയ്യുകയെന്ന തന്ത്രത്തിന് സിബിഐ ഡയറക്ടർ നിയമനത്തിലെന്നതിന് സമാനമായ തിരിച്ചടിയാണ് ഈ വിധിയിലൂടെ ഉണ്ടായിരിക്കുന്നത്. 2024 പൊതു തെരഞ്ഞെടുപ്പിന് മുമ്പായിരിക്കും പുതിയ മാർഗനിർദേശത്തിന് അനുസൃതമായ നിയമനം നടക്കുകയെന്നതും ശ്രദ്ധേയമാണ്.

## ആകാശവാണിക്കും ദൂരദർശനും വാർത്ത നൽകാൻ ആർഎസ്എസ് ഏജൻസി

രാജ്യത്തിന്റെ പൊതുപ്രക്ഷേപകരായ പ്രസാർഭാരതിയെ പൂർണമായി കാവിവൽക്കരിക്കാനുള്ള നീക്കവുമായി കേന്ദ്ര സർക്കാർ. പ്രസാർഭാരതി ഇനി വാർത്തകൾക്കായി ആശ്രയിക്കുന്നത് ആർഎസ്എസ് അനുകൂല ഹിന്ദുസ്ഥാൻ സമാചാർ വാർത്താ ഏജൻസിയെ. മികച്ച ശൃംഖലയുള്ള പ്രമുഖ വാർത്താ ഏജൻസിയായ പിടിഐയെ ഒഴിവാക്കിയാണ് ദൂരദർശൻ, ആകാശവാണി വാർത്തകൾക്ക് ഹിന്ദുസ്ഥാൻ സമാചാറിനെ ആശ്രയിക്കുന്നത്.

ആർഎസ്എസ് മുതിർന്ന പ്രചാരകും വിഎച്ച്പി സഹസ്ഥാപകനുമായ ശിവറാംശങ്കർ ആപ്തെ 1948ൽ തുടങ്ങിയതാണ് ബഹുഭാഷാവാർത്താ ഏജൻസിയായ ഹിന്ദുസ്ഥാൻ സമാചാർ. 1986ൽ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് പൂട്ടിക്കെട്ടിയെങ്കിലും 2002ൽ വാജ്പേയി സർക്കാരിന്റെ കാലത്ത് വീണ്ടും തുടങ്ങി. മോദി സർക്കാർ അധികാരമേറ്റതോടെ ഹിന്ദുസ്ഥാൻ സമാചാറിന് നല്ലകാലം തുടങ്ങി. സ്ഥിരമായി സർക്കാർ പരസ്യങ്ങളും വരുമാനവുമായി.

## ലിംഗസമത്വം നൂറ്റാണ്ടുകൾ അകലെ , ഡിജിറ്റൽ അന്തരം ലിംഗ അസമത്വത്തിന്റെ പുതിയ മുഖമാകുന്നു : ഗുട്ടെറസ്

ലോകമെമ്പാടും വനിതാവകാശങ്ങൾ ആക്രമിക്കപ്പെടുകയും ദുരുപയോഗം ചെയ്യപ്പെടുകയുമാണെന്ന് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. ഈയവസ്ഥയിൽ 300 വർഷത്തേക്കെങ്കിലും ലിംഗസമത്വം യാഥാർഥ്യമാകുമെന്ന് പ്രതീക്ഷിക്കേണ്ടെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര വനിതാ ദിനത്തിനു മുന്നോടിയായി ലിംഗസമത്വത്തിനായി പ്രവർത്തിക്കുന്ന യുഎൻ കമീഷന്റെ രണ്ടാഴ്ച നീളുന്ന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പതിറ്റാണ്ടുകളായി സ്ത്രീകൾ പൊരുതിനേടിയ സാമൂഹിക മുന്നേറ്റം പുരുഷാധിപത്യ സമൂഹത്തിന്റെ ശക്തമായ ചെറുത്തുനിൽപ്പിൽ ഇല്ലാതാവുകയാണെന്നും ഗുട്ടെറസ് പറഞ്ഞു. അഫ്ഗാനിസ്ഥാനിൽ സ്ത്രീകളും പെൺകുട്ടികളും പൊതുജീവിതത്തിൽനിന്ന് മായ്ചുകളയപ്പെടുന്നു. മിക്ക രാജ്യങ്ങളിലും സ്ത്രീകളുടെ ലൈംഗിക, പ്രത്യുൽപ്പാദന അവകാശങ്ങൾപോലും വെല്ലുവിളിക്കപ്പെടുന്നു. ആഗോളതലത്തിൽ ശാസ്ത്ര, സാങ്കേതിക വിഷയങ്ങൾ പഠിക്കുന്നതിൽ മൂന്നിലൊന്നു മാത്രമാണ് സ്ത്രീകളെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.




ഡിജിറ്റൽ അന്തരം ലിംഗ അസമത്വത്തിന്റെ പുതിയ മുഖമായി മാറുകയാണെന്ന് യുഎൻ വിമെൻ എക്സിക്യൂട്ടീവ് ഡയറക്ടർ സിമ ബാഹോസ് പറഞ്ഞു. 'ഡിജിറ്റോൾ: നവീനതയും സാങ്കേതികവിദ്യയും ലിംഗസമത്വത്തിന്' എന്നതാണ് ഐക്യരാഷ്ട്ര സംഘടനയുടെ ഇത്തവണത്തെ വനിതാദിന മുദ്രാവാക്യം.

## ഇഡി മേധാവിയുടെ കാലാവധി നീട്ടൽ നിയമവിരുദ്ധം

എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഡയറക്ടർ സ്ഥാനത്ത് സഞ്ജയ്കുമാർ മിശ്രയ്ക്ക് കാലാവധി നീട്ടിനൽകിയ കേന്ദ്ര നടപടി നിയമവിരുദ്ധമെന്ന് അമിക്കസ്ക്യൂറി. 2003ലെ കേന്ദ്ര വിജിലൻസ് കമീഷൻ ആക്ട് (സിവിസി) ഭേദഗതി ചെയ്താണ് ഇഡി ഡയറക്ടറുടെ കാലാവധി അഞ്ചുവർഷമായി കേന്ദ്രം ഉയർത്തിയത്.

വിനീത് നരേയ്ൻ, പ്രകാശ്സിങ്, കോമൺകോസ് കേസുകളിലെ സുപ്രീംകോടതി ഉത്തരവുകൾ പ്രകാരം കാലാവധി നീട്ടിയ നടപടിയും നിയമഭേദഗതിയും നിയമവിരുദ്ധമാണെന്ന് അമിക്കസ്ക്യൂറിയായ മുതിർന്ന അഭിഭാഷകൻ കെ വി വിശ്വനാഥൻ ജസ്റ്റിസ് ഭൂഷൺ ആർ ഗവായ് അധ്യക്ഷനായ ബെഞ്ചിനെ അറിയിച്ചു. അമിക്കസ്ക്യൂറിയുടെ നിലപാട് കേന്ദ്രസർക്കാരിനു തിരിച്ചടിയാകും.

അസാധാരണമായ സാഹചര്യങ്ങളിൽ മാത്രമേ കാലാവധി നീട്ടാനാകുവെന്നാണ് കോമൺകോസ് കേസിലെ ഉത്തരവ്. അതുപ്രകാരം സഞ്ജയ്കുമാർ മിശ്രയ്ക്ക് 2021 നവംബറിനുശേഷം ഇഡി ഡയറക്ടർ സ്ഥാനത്ത് കാലാവധി നീട്ടിനൽകാൻ പാടില്ലായിരുന്നു.

ഈ സാഹചര്യത്തിൽ കാലാവധി നീട്ടിയ കേന്ദ്രനടപടി ചോദ്യംചെയ്തുള്ള ഹർജിയിൽ സുപ്രീംകോടതി ഉചിതമായ തീരുമാനമെടുക്കണമെന്നും അമിക്കസ്ക്യൂറി ആവശ്യപ്പെട്ടു.

# ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ദ്വിദിന ധർണ

ഹോണറേറിയം വർധിപ്പിക്കുക, വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുക, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ വഴി നൽകാൻ തീരുമാനിച്ച 1000 രൂപ ഉടൻ വിതരണം ചെയ്യുക, വേതനം വെട്ടികുറയ്ക്കൽ, ഉദ്യോഗസ്ഥരുടെ മാനസിക പീഡനം അവസാനിപ്പിക്കുക, വേതനം മാസാമാസം



അനുവദിക്കുക, ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക, എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി ആശാ വർക്കേഴ്സ് ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ മാർച്ച് 10ന് സംസ്ഥാനത്തെ പഞ്ചായത്ത്, കോർപ്പറേഷൻ, മുൻസിപ്പാലിറ്റികളിലേക്ക് മാർച്ച് നടത്തി. 19024 ആശാ തൊഴിലാളികൾ പങ്കെടുത്തു.മാർച്ച് 13, 14 തീയതികളിൽ സെക്രട്ടറിയേറ്റിനു മുന്നിൽ ദ്വിദിന പ്രക്ഷോഭം നടത്തി. സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ കെ എൻ ഗോപിനാഥ്, സി കെ ഹരികൃഷ്ണൻ, കെ എസ് സുനിൽകുമാർ, വൈസ് പ്രസിഡന്റ് എസ് പുഷ്പലത, സി ജയൻബാബു എന്നിവർ അഭിവാദ്യം അർപ്പിച്ചു സംസാരിച്ചു. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എം ബി പ്രഭാവതിയുടെ അധ്യക്ഷതയിൽ നടന്ന സമരത്തിൽ ജനറൽ സെക്രട്ടറി പി പി പ്രേമ സ്വാഗതം പറഞ്ഞു.

രണ്ടാം ദിനമായ 14ന് ഫെഡറേഷൻ വൈസ് പ്രസിഡന്റ് ആർ സുജാതയുടെ അധ്യക്ഷതയിൽ സിഐടിയു സംസ്ഥാന വൈസ് പ്രസിഡണ്ട് ടി പി രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബന്ധപ്പെട്ട വകുപ്പുകളുമായുള്ള കൂടിയാലോചനകളുടെ ഭാഗമായി മാർച്ച് 30ന് ധനകാര്യ വകുപ്പ് മന്ത്രിയും, ആരോഗ്യ വകുപ്പ് മന്ത്രിയുടെയും സാന്നിധ്യത്തിൽ യൂണിയൻ പ്രതിനിധികളുമായുള്ള ചർച്ച നടത്തി ഫെഡറേഷൻ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് ഉറപ്പു ലഭിച്ചു.

# മാർച്ച് 8 വനിതാദിനാചരണം

## അവകാശ പ്രഖ്യാപനവും സംയുക്ത പൊതുയോഗവും

അന്താരാഷ്ട്ര വനിതാദിനാചരണത്തോടനുബന്ധിച്ച്, സിഐടിയു, അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, അഖിലേന്ത്യാ കിസാൻസഭ, അഖിലേന്ത്യാ കർഷക തൊഴിലാളി യൂണിയൻ, ഡിവൈഎഫ്ഐ, എസ്എഫ്ഐ എന്നീ സംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ പൊതുയോഗങ്ങളും, അവകാശ് പ്രഖ്യാപനവും സംയുക്തമായി നടത്തി.



സംസ്ഥാനതല സമ്മേളനം തൃശൂരിൽ ചേർന്നു. വർക്കിംഗ് വിമൺ കോഓർഡിനേഷൻ കമ്മിറ്റി കൺവീനർ സുനിതാ കുര്യൻ ഉദ്ഘാടനം ചെയ്തു. കെ.എസ്.കെ.ടി.യു വനിതാ സബ്കമ്മിറ്റി ജില്ലാ കൺവീനർ ബിന്ദു പുരുഷോത്തമൻ അധ്യക്ഷയായി. ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് ഉഷാ പ്രഭുകുമാർ കർഷകസംഘം നേതാവ് ഗീതാഗോപി തുടങ്ങിയവർ സംസാരിച്ചു. 19 ഇന അവകാശ പത്രിക അധികാരികൾക്ക് സമർപ്പിച്ചു.

# കെഎസ്ആർടി എംപ്ലോ. അസോസിയേഷൻ ചീഫ് ഓഫീസ് ധർണ

കെഎസ്ആർടിസി മാനേജ്മെന്റിന്റെ തൊഴിലാളി വിരുദ്ധ നയങ്ങളെ സിഐടിയു ശക്തമായി പ്രതിരോധിക്കും; കെഎസ്ആർടി എംപ്ലോയീസ് അസോസിയേഷൻ (സിഐടിയു) സംഘടിപ്പിച്ച ചീഫ് ഓഫീസ് ധർണ സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

തൊഴിലാളികൾക്ക് ശമ്പളം ഗഡുക്കളായി നൽകുവാൻ നിർദ്ദേശം നൽകിയ സിഎംഡി ബിജു പ്രഭാകറിന്റെ തീരുമാനത്തിനെതിരെയും, കെഎസ്ആർടിസി മാനേജ്മെന്റിന്റെ തൊഴിലാളി വ്യവസായ വിരുദ്ധ നയങ്ങൾക്കുമെതിരെയാണ് ചീഫ് ഓഫീസിനു മുന്നിൽ പ്രതിഷേധ ധർണ സംഘടിപ്പിച്ചത്.

സിഐടിയു സംസ്ഥാന ഭാരവാഹികളായ സ. സികെ ഹരികൃഷ്ണൻ, സ. സുനിത കുര്യൻ, സ. കെഎൻ ഗോപിനാഥ്, കെഎസ്ആർടി എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ. എസ് വിനോദ് ഉൾപ്പെടെയുള്ളവർ തൊഴിലാളികളെ അഭിവാദ്യം ചെയ്ത് സംസാരിച്ചു.

## ദേശീയ സമ്പാദ്യ പദ്ധതി ഏജന്റ് അസോസിയേഷൻ സെക്രട്ടറിയേറ്റ് മാർച്ച്




ദേശീയ സമ്പാദ്യ പദ്ധതി ഏജന്റ് അസോസിയേഷൻ (സിഐടിയു) സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് സിഐടിയു സംസ്ഥാന കമ്മിറ്റി അംഗം സ. കടകംപള്ളി സുരേന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ എൻ ഗോപിനാഥ് തൊഴിലാളികളെ അഭിവാദ്യം ചെയ്തു.

തൊഴിലാളികൾക്ക് മുടങ്ങി കിടക്കുന്ന കുടിശ്ശിക ഉടൻ അനുവദിക്കുക, നിയമന നിരോധനം പിൻവലിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സെക്രട്ടറിയേറ്റ് മാർച്ചും ധർണയും സംഘടിപ്പിച്ചത്.

# അസോസിയേഷൻ ഓഫ് ഐടി എംപ്ലോയീസ് മാർച്ചും ധർണ്ണയും





അക്ഷയ സംരംഭകരുടെയും ജീവനക്കാരുടെയും സംരക്ഷണം ആവശ്യപ്പെട്ട് അസോസിയേഷൻ ഓഫ് ഐടി എംപ്ലോയീസ് സംഘടിപ്പിച്ച ഐടി മിഷൻ മാർച്ചും ധർണ്ണയും സിഐടിയു സംസ്ഥാന സെക്രട്ടറി സ. പി പി ചിത്തരഞ്ജൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

അക്ഷയ കേന്ദ്രം കൈമാറ്റം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് നടപ്പിലാക്കണമെന്നും അക്ഷയ കേന്ദ്രങ്ങൾ സംരംക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അക്ഷയ സംസ്ഥാന ഓഫീസിലെ ചില ജീവനക്കാരുടെ അക്ഷയ വിരുദ്ധ നിലപാട് തിരുത്തിക്കാൻ സർക്കാർ ഇടപെടണമെന്നും തൊഴിലാളികൾ ആവശ്യപ്പെട്ടു.

# വാട്ടർ അതോറിട്ടി ജീവനക്കാരുടെ സംയുക്ത സമര സമിതി ധർണ

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (എ.കെ.ഡബ്ല്യൂ.എ.ഒ) എന്നീ സംഘടനകളുടെ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം കേന്ദ്ര കാര്യാലയത്തിനു മുന്നിൽ നടന്ന ധർണ സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ എസ് സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു.

പൊതു ജലവിതരണം പൊതു മേഖലയിൽ നിലനിർത്തുക, എഡിബി വായ്പയിലെ സുതാര്യത ഉറപ്പാക്കുക, കെഡബ്ല്യൂ അതോറിറ്റിയെ പണയ വസ്തുവാക്കാതിരിക്കുക, മാനേജുമെന്റിന്റെ ഒളിച്ചുകളികൾ അവസാനിപ്പിക്കുക, കരാർ വ്യവസ്ഥകൾ ചർച്ച ചെയ്യുക, തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ജില്ലാ കേന്ദ്രങ്ങളിൽ ധർണ സംഘടിപ്പിക്കുന്നത്. യൂണിയൻ ജനറൽ സെക്രട്ടറി സ. പി ഉണ്ണികൃഷ്ണൻ, ട്രഷറർ സ. ഒ ആർ ഷാജി എന്നിവർ അഭിവാദ്യം ചെയ്തു സംസാരിച്ചു.

# മത്സ്യത്തൊഴിലാളി ഫെഡറേഷൻ രാജ്ഭവൻ മാർച്ച്

കേന്ദ്ര ബിജെപി സർക്കാരിന്റെ തൊഴിലാളി ദ്രോഹ നടപടിയിൽ പ്രതിഷേധിച്ച് കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ (സിഐടിയു) സംഘടിപ്പിച്ച രാജ്ഭവൻ മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സമ്പാദ്യ സമാശ്വാസപദ്ധതിയുടെ കേന്ദ്രവിഹിതം തുടർച്ചയായി നൽകാത്ത കേന്ദ്രസർക്കാരിന്റെ തൊഴിലാളിദ്രോഹ നടപടിക്കെതിരെയാണ് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചത്. നൂറുകണക്കിന് തൊഴിലാളികൾ കൊടികളും പ്ലക്കാർഡുകളുമേന്തി രാജ്ഭവന് മുന്നിൽ അണിനിരന്നു.

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റും സിഐടിയു സംസ്ഥാന ഭാരവാഹിയുമായ സ. കൂട്ടായി ബഷീർ, ഫെഡറേഷൻ ജനറൽ സെക്രട്ടറിയും സിഐടിയു സംസ്ഥാന ഭാരവാഹിയുമായ സ. പി പി ചിത്തരഞ്ജൻ എംഎൽഎ ഉൾപ്പെടെയുള്ള വിവിധ നേതാക്കൾ സംസാരിച്ചു.

# ഡ്രൈവിംഗ് സ്കൂളുകൾ അടച്ചു പൂട്ടുന്ന കേന്ദ്രനിയമങ്ങൾ നടപ്പിലാക്കരുത്




കേരളത്തിലെ ആറായിരത്തോളം ഡ്രൈവിംഗ് സ്കൂളുകൾ അടച്ച് പൂട്ടുന്ന കേന്ദ്രസർക്കാരിന്റെ കരി നിയമങ്ങൾ കേരളത്തിൽ നടപ്പിലാക്കരുത് എന്ന് ആവശ്യപ്പെട്ട് ഡ്രൈവിംഗ് സ്കൂളുകളും, ജീവനക്കാരും സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തി. കേന്ദ്രസർക്കാരിന്റെ പുതിയ മോട്ടോർ നിയമത്തിന്റെ ഭാഗമായ അക്രിഡേറ്റഡ് ഡ്രൈവിംഗ് സെന്ററുകൾ നിലവിൽ വന്നാൽ നിലവിലുള്ള ചെറുകിട ഡ്രൈവിംഗ് സ്കൂളുകൾ എല്ലാം അടച്ച് പൂട്ടേണ്ടി വരും. ഡ്രൈവിംഗ് സ്കൂളുകൾ കൊണ്ട് ഉപജീവനം നടത്തുന്ന അൻപത്തിഅയ്യായിരത്തോളം ആളുകളുടെ ഉപജീവനമാർഗ്ഗം ഇല്ലാതാകും. ഇന്ത്യയിലെ മറ്റ് എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കിയതിന് ശേഷം മാത്രമേ കേരളത്തിൽ നടപ്പിലാക്കാൻ പാടുള്ളൂ എന്ന് ആൾ കേരളാ ഡ്രൈവിംഗ് സ്കൂൾ വർക്കേഴ്സ് യൂണിയൻ ആവശ്യപ്പെട്ടു.

മാർച്ച് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡന്റ് കെ.കെ.ദിവാകരൻ എക്സ്.എം.എൽ.എ അദ്ധ്യക്ഷനായി. യൂണിയൻ ജനറൽ സെക്രട്ടറി സി.ടി. അനിൽ സ്വാഗതം പറഞ്ഞു. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ (മോട്ടോർ കോൺഫെഡറേഷൻ പ്രസിഡന്റ്), കെ.എസ്.സുനിൽകുമാർ (സിഐടിയു സംസ്ഥാന സെക്രട്ടറി) തുടങ്ങിയവർ സംസാരിച്ചു.

# ആൾ കേരള ആട്ടോ കൺസൾട്ടന്റ് വർക്കേഴ്സ് അസോസിയേഷൻ സമ്മേളനം




സംസ്ഥാനത്തെ ഓട്ടോ കൺസൾട്ടന്റുമാരുടെ സംഘടനയായ ഓൾ കേരള ഓട്ടോ കൺസൾട്ടന്റ്സ് വർക്കേഴ്സ് അസോസിയേഷൻ 5ാമത് സംസ്ഥാന സമ്മേളനം ഫെബ്രുവരി 25 ന് പാലക്കാട് എൻ.എസ് കൺവെൻഷൻ സെന്റർ (എ.പ്രദീപ് കുമാർ, രാമകൃഷ്ണൻ നഗർ) ൽ ചേർന്നു. സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി സ:എം.ഹംസ ഉദ്ഘാടനം ചെയ്തു. സഖാക്കൾ ടി.കെ.അച്യുതൻ, ആർ.ജി.പിള്ള, എ.എം.യൂസഫ് തുടങ്ങിയ നേതാക്കൾ അഭിവാദ്യം ചെയ്തു സംസാരിച്ചു. കെ.എൻ.ഗോപിനാഥ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി 730 പേർ സമ്മേളനത്തിൽ പങ്കെടുത്തു. ജനറൽ സെക്രട്ടറി എസ്.മധുസൂദനൻപിള്ള അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ടിന്മേൽ 18 പ്രതിനിധികൾ പൊതുചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു. അംഗങ്ങളുടെ ഐ.ഡി.കാർഡ് വിതരണം ടി.കെ.അച്യുതൻ തിരുവനന്തപുരത്തെ പി.ചന്ദ്രികയ്ക്ക് നൽകി ഉദ്ഘാടനം ചെയ്തു. കെ.എൻ.ഗോപിനാഥ് (പ്രസിഡന്റ്) എ.എം.യൂസഫ് (വർക്കിംഗ് പ്രസിഡന്റ്) എസ്.മധുസൂദനൻ പിള്ള (ജനറൽ സെക്രട്ടറി) കെ.എ.നസീർ (ട്രഷറർ) ആയും 20 അംഗ ഭാരവാഹികളെയും സമ്മേളനം ഏകകണ്ഠമായി തെരഞ്ഞെടുത്തു.

# കയർ തൊഴിലാളികളുടെ സെക്രട്ടറിയേറ്റ് മാർച്ച്



കയർ വ്യവസായത്തിലെ പ്രശ്നങ്ങളും തൊഴിലാളികളുടെ അടിയന്തര ആവശ്യങ്ങളും ഉന്നയിച്ച് കേരള കയർ വർക്കേഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റ് മാർച്ച് സംഘടിപ്പിച്ചു. മാർച്ച് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സിഐടിയു തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ആർ.രാമു, കയർ സെന്റർ ജനറൽ സെക്രട്ടറി കെ.കെ. ഗണേശൻ, എൻ. സായികുമാർ, എൻ.ആർ. ബാബുരാജ്, കെ.പി. കുറുപ്പ്, കെ.ബി. രമ എന്നിവർ അഭിസംബോധന ചെയ്തു.

# കേരള അഗ്രികൾച്ചറൽ ടെക്നിക്കൽ സ്റ്റാഫ് യൂണിയൻ അനിശ്ചിതകാല സത്യാഗ്രഹ സമരം

വിവിധ ആവശ്യങ്ങൾ ഉയർത്തി കേരള അഗ്രികൾച്ചറൽ ടെക്നിക്കൽ സ്റ്റാഫ് യൂണിയൻ സെക്രട്ടറിയേറ്റിന് മുന്നിൽ ആരംഭിച്ച അനിശ്ചിതകാല സത്യാഗ്രഹ സമരം സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. വിള ആരോഗ്യ പരിപാലന പദ്ധതി ജീവനക്കാർക്ക് 7 മാസത്തെ ശമ്പള കുടിശ്ശിക ഉടൻ അനുവദിക്കുക, പദ്ധതി നിർവ്വഹണത്തോടൊപ്പം എല്ലാ മാസവും ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുക, കാറ്റഗറി 2ൽ ഉൾപ്പെടുത്തിയ ധനകാര്യ വകുപ്പിന്റെ ശുപാർശ അംഗീകരിച്ച് ജീവനക്കാർക്ക് നിയമ പ്രകാരം അനുവദനീയമായ എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉയർത്തിയാണ് യൂണിയൻ അനിശ്ചിതകാല സത്യാഗ്രഹ സമരം നടത്തിയത്. യൂണിയൻ ജനറൽ സെക്രട്ടറി സ. ബി അജയകുമാർ, പ്രസിഡന്റ് സ. മഞ്ജു കുര്യാക്കോസ്, ട്രഷറർ സ. ഗുരുദത്ത് എന്നിവർ സംസാരിച്ചു.

ധനകാര്യ കൃഷിവകുപ്പ് മന്ത്രിമാരുമായി സിഐടിയു സംസ്ഥാന നേതാക്കൾ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ശമ്പള കുടിശിക അനുവദിക്കുകയും മറ്റ് ആവശ്യങ്ങൾ തുടർ ചർച്ചകളിൽ തീരുമാനമെടുക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു.